# ഐക്യദീപം

SINCE 1976

വില ₹ 10

2018 ആഗസ്റ്റ്



# Bodhana


Tiruvalla Social Service Society
Pushpagiri Road,Tiruvalla -1
Ph. 0469 2730561, 2606063, Fax. 0469 2633295
E-mail : bodhanatiruvalla@gmail.com, www.bodhanatiruvalla.org

















Social Work Department of the Malankara Archdiocese of Thiruvalla



2018 ആഗസ്റ്റ്
പുസ്തകം 51 ലക്കം 8

# ഐക്യദീപം

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

അസോസിയേറ്റ് എഡിറ്റർ, മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. സാം ഒറ്റക്കല്ലിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

## ഉള്ളടക്കം



**യേശുക്രിസ്തു സ്ഥാപിച്ച കൂദാശ പരിശുദ്ധ കുമ്പസാരം** — 9
മാർ ജോസഫ് പാംപ്ലാനി

**പരിശുദ്ധ ദൈവമാതാവ് നമ്മുടെയും മാതാവ്** — 11
ഫാ. ഐസക് പറപ്പള്ളിൽ

**ക്രിസ്തുവിനൊപ്പം ജീവിക്കേണ്ടവൻ കഴുകനെപ്പോലെ പുനർജ്ജനിക്കേണ്ടവനും** — 14
ഫാ. ഏബ്രഹാം നടുവിലേടം

**വി. കുമ്പസാരം എനിക്ക് നല്കിയ ദൈവാനുഭവം** — 21
ഡോ. ആഷാ തിരുമൂലപുരം

**കർത്താവ് കല്പിച്ചിട്ടെങ്കിൽ അരുതെന്നു പറയുവാൻ ആർക്കു കഴിയും** — 22
ഫാ. ചെറിയാൻ താഴമൺ


**രണ്ട് പതിറ്റാണ്ട് പിന്നിടുന്ന ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ** — 52
ജയ്സ് കോഴിമണ്ണിൽ

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com





# ആശ്വാസത്തിന്റെ കൂദാശ...

**ദൈ**വത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ - മനുഷ്യനായ യേശുക്രിസ്തു (1 തിമോ.2:5). മനുഷ്യർക്ക് സ്വയം പാപം മോചിക്കാൻ കഴിയില്ല, അശുദ്ധാത്മാക്കളുടെ മേൽ അധികാരം സ്ഥാപിക്കാനോ, മരിച്ചവരെ ഉയിർപ്പിക്കാനോ, രോഗം സുഖപ്പെടുത്താനോ സാധിക്കില്ല. ക്രിസ്തുവിലൂടെ ലഭിച്ച അധികാരത്താൽ മാത്രം സാധ്യമാകുന്നു. കൂദാശകളുടെ ദൈവശാസ്ത്രപഠനങ്ങൾ നമുക്കറിവുള്ളതാണ്. എന്നാൽ സാമൂഹ്യമായി വിശ്വാസസത്യങ്ങളെ അവതരിപ്പിക്കേണ്ടി വരുമ്പോൾ പലതരം ചിന്തകളും വിശ്വാസവും അവിശ്വാസവും പുലർത്തുന്ന ധാരാളമാളുകളെ മുന്നിൽ കാണണം. കൂദാശകൾ വിശ്വാസിക്ക് മനസ്സിലാകുന്നതുപോലെ മറ്റൊരാൾ മനസ്സിലാക്കുമെന്ന് ധരിക്കാൻ തരമില്ല. ക്രിസ്തുവിലൂടെ ശിഷ്യരിലേക്കും അവരുടെ പിൻഗാമികളിലേക്കും കൈമാറുന്ന ആത്മീയാധികാരത്തെയും കൂദാശയുടെ ദൈവശാസ്ത്ര അടിസ്ഥാനം, സാമൂഹ്യമായ പ്രസക്തി എന്നിങ്ങനെ നിരവധി മേഖലകളെ സ്പർശിക്കുന്ന ലേഖനങ്ങളും സാക്ഷ്യങ്ങളും ഐക്യദീപം ഇത്തവണ ഉൾപ്പെടുത്തിയിരിക്കുന്നു. വി. പൗലോസ് പറയുന്നു, ''ഞങ്ങളെ ക്രിസ്തുവഴി തന്നോടു രമ്യതപ്പെടുത്തുകയും രമ്യതയുടെ ശുശ്രൂഷ ഞങ്ങൾക്കു നൽകുകയും ചെയ്ത ദൈവത്തിൽ നിന്നാണ് ഇവയെല്ലാം''. അതായത് ദൈവം മനുഷ്യരുടെ തെറ്റുകൾ അവർക്കെതിരായി പരിഗണിക്കാതെ രമ്യതയുടെ സന്ദേശം ഞങ്ങളെ ഭരമേൽപിച്ചുകൊണ്ട് ക്രിസ്തുവഴി ലോകത്തെ തന്നോടു രമ്യതപ്പെടുത്തുകയായിരുന്നു'' (2 കോറി. 5:19). മത്തായിയുടെ സുവിശേഷം 18:18 ൽ ക്രിസ്തുവചനത്തിന്റെ തുടർച്ചയായി പൗലോസിന്റെ വാക്കുകളെ മനസ്സിലാക്കാം. ദൈവമനുഷ്യ അനുരഞ്ജനം സാധ്യമാക്കാൻ മനുഷ്യാവതാരം ചെയ്ത ക്രിസ്തു ഭരമേൽപ്പിച്ച ശുശ്രൂഷകളുടെ തുടർച്ചയാണ് കൂദാശകളിലൂടെ സഭ പരികർമ്മം ചെയ്യുന്നത്. ''യേശു വീണ്ടും അവരോട് പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു''. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും'' (യോഹ. 20:21-23).

1215 ലെ നാലാം ലാറ്ററൻ കൗൺസിലിൽ അന്നുവരെ തുടർന്നുവന്ന അനുതാപത്തിന്റെ കൂദാശയെ വിശദീകരിക്കാൻ സഭ തയ്യാറായി. എ.ഡി. 70ൽ എഴുതപ്പെട്ട 'ഡിഡാകെ' (4:14, 14:1), എ.ഡി. 203 ൽ തെർത്തുല്ല്യന്റെ എഴുത്തിൽ, എ.ഡി. 215 ലെ ഹിപ്പോളിറ്റസിന്റെ കൃതിയിൽ, എ.ഡി. 387 ലെ ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകളിൽ എല്ലാം കുമ്പസാരത്തെക്കുറിച്ച് വിശദീകരണമുണ്ടെന്നു കാണാം.

വിവാദങ്ങളെയും ചർച്ചകളെയും ക്രിയാത്മകമായി കാണാൻ ശ്രമിക്കാം. അനേക കോടി മനുഷ്യരുടെ ജീവിതത്തിനാശ്വാസമാകുന്ന കൂദാശയുടെ പരിശുദ്ധി ഇനിയുമനേകർക്ക് ആശ്വാസം നല്കേണ്ടതാണല്ലോ.

ചീഫ് എഡിറ്റർ

**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



# ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

# എന്ത്, തീക്കട്ടയെ ഉറുമ്പരിക്കുമെന്നോ ?

**മാ**ധ്യമ വിചാരണകളുടെയും സായാഹ്ന ചർച്ചകളുടെയും വർത്തമാനകാല ഇതിവൃത്തം സഭയും സഭാനേതാക്കളും സഭയുടെ വിശ്വാസ സംഹിതകളുമാണല്ലോ. സഭയും സഭാശുശ്രൂഷകരും പവിത്രമായി കരുതുന്ന കൂദാശകളും വിശ്വാസസംഹിതകളും പ്രദർശനവസ്തുക്കളും വില്പനച്ചരക്കുകളുമായി അധഃപ്പതിക്കുന്നത് സഭാമക്കളെ വേദനിപ്പിക്കുന്നു. കത്തോലിക്കാസഭയെ ആക്രമിച്ചാൽ ആരും എതിർത്ത് പറയില്ലെന്നും സഭാംഗങ്ങളെ കൂട്ടുപിടിച്ച് അവളെ ആഞ്ഞടിക്കാൻ സാധിക്കുമെന്നും ഇക്കൂട്ടർ കരുതുന്നു. സഭ എന്തെന്നും എന്തുചെയ്യുന്നെന്നും കൃത്യമായി അറിയാമെങ്കിലും പൊതുജനമധ്യത്തിൽ ഏറ്റവും മോശമായി ചിത്രീകരിച്ച് താറടിക്കുന്നത് ചാനലുകളുടെയും പത്രമാധ്യമങ്ങളുടെയും ബിസിനസ് സാമ്രാജ്യം വലുപ്പപ്പെടുത്താനുള്ള കുത്സിത മാർഗ്ഗങ്ങളാണെന്ന് പാവം ജനങ്ങൾ തിരിച്ചറിയുന്നില്ല എന്നതാണ് സാക്ഷരകേരളത്തിന്റെ അപചയം. തിന്മയെ ചൂണ്ടിക്കാണിക്കരുതെന്നോ, തിരുത്തലുകൾ പാടില്ലെന്നോ ഉള്ള ബൂർഷ്വാമനോഭാവം സഭയ്ക്ക് അന്യമാണ്. സഭ എന്നും നേർദിശയിൽ നവീകരിക്കപ്പെടേണ്ടവളാണ്. രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഈ സത്യം അടിവരയിടുന്നു. എല്ലാകാലഘട്ടങ്ങളിലും സഭ അതിന് പ്രോത്സാഹനം നൽകിയിട്ടേയുള്ളൂ. അഞ്ചാം നൂറ്റാണ്ടിലെ ധവളരക്തസാക്ഷികളും(White Martyrs), രണ്ടാം സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ വിശുദ്ധ ഡൊമിനിക്കിനെപ്പോലെയും ബർണാർഡിനെപ്പോലെയുമുള്ള വിശുദ്ധരും അവരെ തുടർന്ന് അസ്സീസിയിലെ ഫ്രാൻസിസിനെപ്പോലെ സമൂഹത്തെ ഉഴുതുമറിച്ച ആത്മീക പ്രവർത്തകരും ചെയ്തത് മറ്റൊന്നല്ല. 16-ാം നൂറ്റാണ്ടിൽ ലയോളായിലെ ഇഗ്നേഷ്യസിനെപ്പോലെയും ആവിലായിലെ അമ്മത്രേസ്യയെപ്പോലെയുമുള്ള തിരുത്തൽ ശക്തികളെ സഭ സർവ്വാത്മനാ സ്വീകരിച്ചു. ഇരുളടഞ്ഞ നൂറ്റാണ്ടിൽ അവർ പ്രകാശഗോപുരങ്ങളായി വർത്തിച്ചു. വിളക്കുമരങ്ങൾക്ക് സഭ ഒരിക്കലും വിലക്ക് ഏർപ്പെടുത്തിയിട്ടില്ല; കൂച്ചുവിലങ്ങിട്ടിട്ടില്ല. ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവത്ക്കരിക്കുന്നതും പവിത്രമായവയെ യുക്തിയുടെ കണ്ണാടിയിലൂടെ മാത്രം നോക്കിക്കാണുന്നതും വിലയിരുത്തുന്നതും വിലകുറഞ്ഞവയാണെന്ന് തിരിച്ചറിയേണ്ടതുതന്നെ.

കുമ്പസാരമെന്ന കൂദാശയെ അവമതിക്കുകയും അപഹസിക്കുകയും ചെയ്യുന്ന സമീപനം സാധാരണ വിശ്വാസികളെ ഏറെ ദുഃഖിപ്പിക്കുന്നു. കാറ്റത്തുലയുന്ന ഞാങ്ങണയെപ്പോലെയുള്ളവരുടെ വിശ്വസജീവിതത്തെ താല്ക്കാലികമായെങ്കിലും അത് ചഞ്ചലപ്പെടുത്തിയേക്കാം. ദൃശ്യമാധ്യമത്തിന്റെ പകർന്നാട്ടങ്ങൾ കാണുമ്പോൾ സത്യവും നിജസ്ഥിതിയും ഉറക്കെപ്പറയാൻ സഭയ്ക്ക് തനതായ ഒരു ചാനൽ ഉണ്ടായിരുന്നെങ്കിൽ എന്ന് അസ്മാദൃശർ ആശിച്ചുപോകുന്നു. ക്രൂരമായ വിമർശനങ്ങൾക്കും കടന്നാക്രമണങ്ങൾക്കും നടുവിലും കാരുണ്യത്തിന്റെ മുഖം കാത്തുസൂക്ഷിക്കുവാൻ സഭ പ്രതിജ്ഞാബദ്ധമാണ്. ശുശ്രൂഷകൾക്കുകുറവുവരുത്തുന്നുമില്ല. കാരുണ്യത്തിന്റെ മാലാഖയായ മദർ തെരേസയുടെ ആതുരാലയങ്ങളിൽ റെയ്ഡു നടത്താനുള്ള തീരുമാനം ദുഃഖിപ്പിക്കുന്നതു

തന്നെ. മറയ്ക്കാനെന്തെങ്കിലും ഉള്ളതുകൊണ്ടുളവാകുന്ന ഭീതിയല്ല; ഗവൺമെന്റിന്റെ നിയമങ്ങളും നിബന്ധനകളും പൂർണ്ണമായി പാലിക്കുന്ന ഒരു സമൂഹമാണത്. അവരെ കുറ്റവാളികളെപ്പോലെ താറടിക്കുകയെന്നതിനർത്ഥം അവരുടെ സ്നേഹശുശ്രൂഷയെ വെല്ലുവിളിക്കയെന്നാണ്. പൗരന്മാരെ സംരക്ഷിക്കുവാൻ ചുമതലയും ആസ്തിയുമുള്ള ഭരണകൂടം അതിൽ നിന്ന് മുഖംതിരിക്കുകയാണ് പലപ്പോഴും. എന്നുമാത്രമല്ല, ഇതുപോലെയുള്ള സ്നേഹശുശ്രൂഷകൾ ഈ നാട്ടിൽ ആവശ്യമില്ലെന്നു പറയുക കൂടി ചെയ്യുമ്പോൾ ലക്ഷ്യം സുവ്യക്തമാണ്. ഭരണകൂടം നികുതിപ്പണം ധൂർത്തടിക്കുമ്പോൾ മല്ല്യയെപ്പോലെയും നീരദ് മോദിയെപ്പോലെയുമുള്ള വമ്പന്മാർ ബാങ്കിൽ നിന്ന് കോടാനുകോടി തട്ടിയെടുത്ത് വിദേശത്ത് സുഖജീവിതം നയിക്കുമ്പോൾ അവരെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയാത്ത ഭരണകൂടം അശരണരെ മതിയായവിധം കരുതുന്നില്ലെന്നത് അക്ഷന്തവ്യമാണ്-ശിക്ഷാർഹവും. പ്രകാശംപരത്തുന്ന പ്രസ്ഥാനങ്ങൾ എന്തോ വലിയഅപരാധങ്ങൾ ചെയ്തുവെന്ന പ്രതീതി വരുത്തി ഈ നാട്ടിൽ അവർക്ക് ഇടമില്ലെന്നു പറയാൻ മാടമ്പിമാർക്കല്ലാതെ മറ്റാർക്കുമാവില്ല. ചെയ്യണ്ടത് ചെയ്യേണ്ട വിധം ചെയ്യുകയോ ചെയ്യുന്നവരെ ചെയ്യാനനുവദിക്കുകയോ ഇല്ല എന്ന മനോഭാവത്തെ വിശേഷിപ്പിക്കേണ്ടത് കാടത്തം എന്നല്ല കിരാതത്തമെന്നും ഭീകരതയെന്നുമാണ്, മറ്റൊന്നുമല്ല.

ഇനി പ്രാരംഭത്തിൽ ഉന്നയിച്ച വിഷയത്തിലേയ്ക്ക് കടക്കട്ടെ. കുമ്പസാരം എന്ന കൂദാശയെപ്പറ്റി അപഹാസ്യമായി പൊതുസമൂഹത്തിൽ ഒരുപറ്റം സംസാരിക്കുന്ന ഈ വേളയിൽ അതിനെപ്പറ്റി ചിലകാര്യങ്ങൾ വ്യക്തമാക്കട്ടെ. കുമ്പസാരരഹസ്യം പരസ്യവും പരിഹാസ്യവുമാക്കിയെന്ന ആരോപണം നിലനിൽക്കുന്നു. തെളിയിക്കപ്പെട്ടാൽ ഗൗരവമാർന്ന കുറ്റംതന്നെ. ദൈവനിന്ദാപരമെന്നോ പുണ്യകാര്യദൂഷണമെന്നോ (Sacrilage) അതിനെ വിളിക്കാം. സ്ത്രീദൂഷണം പോലെ തന്നെ അതീവ ഗൗരവമാണതും. ഉന്നീതമായ ആരോപണങ്ങൾ മുഖവിലയ്ക്കെടുത്ത് നടപടികളിലേയ്ക്കു നീങ്ങുന്നത് മൗഢ്യമാകും - ഹണിട്രാപ്പുകളുടെ ഇദാനീന്തനകാലത്ത് വിശേഷിച്ചും. നിയമം ഇരുതലമൂർച്ചയുള്ള വാളാകയാൽ നമുക്ക് കാത്തിരിക്കാനുള്ള ക്ഷമയുണ്ടാകണം. ആരോപണങ്ങൾ തെളിയിക്കപ്പെടണം. വിഷയത്തെപ്പറ്റി കൂടുതൽ പറയുന്നത് കോടതിയലക്ഷ്യമെന്ന് വ്യാഖ്യാനിക്കപ്പെടുമെന്നതിനാൽ ആഭാഗം വിടുന്നു. ഗൗരവമുള്ള വിഷയം അതീവശ്രദ്ധയോടെ കൈകാര്യംചെയ്യപ്പെടുകതന്നെവേണം.

**1. കുമ്പസാരം എന്നാൽ ഏറ്റുപറച്ചിൽ :**

ഏറ്റുപറച്ചിൽ ദൈവസന്നിധിയിൽ സംവരണംചെയ്യപ്പെടണമോ സാമൂഹ്യമാനത്തിലേയ്ക്ക് ഉയർത്തണമോ എന്നത് സഭയുടെ ചർച്ചാവിഷയമല്ല. പാരമ്പര്യം ചിട്ടപ്പെടുത്തിയ വിശുദ്ധവഴികൾ - നിയതമായ രീതിശാസ്ത്രം - നമുക്ക് കാവലാളായുണ്ട്. മാത്രമല്ല, അത് ദിവ്യരക്ഷകൻ അർത്ഥശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കിയതുമാണ്. സഹോദരനോട് രമ്യപ്പെടുക; പ്രതിയോഗിയോട് രമ്യതപ്പെടുക തുടങ്ങിയ ദർശനങ്ങൾ (മത്താ. 5: 24- 25) സുവ്യക്തമാണ്. അഭികാമ്യമെങ്കിൽതന്നെ അത് എപ്പോഴും പ്രായോഗികമല്ല. അതിന്റെ പ്രായോഗിക സമീപനം മറ്റൊരു അരുളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. നീ ഭൂമിയിൽ കെട്ടുന്നതും അഴിക്കുന്നതുമെല്ലാം സ്വർഗ്ഗത്തിന് സ്വീകാര്യമെന്ന് (മത്താ. 16: 19). 'നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെടും; ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും' (യോഹ. 20: 23). കുമ്പസാരമെന്ന കൂദാശയുടെ ദിവ്യോത്പത്തി ഇവിടെ തുടങ്ങുന്നു. ഇത് പഠനാർഹമായ വിശ്വാസവിഷയമാണ്, സ്പുടം ചെയ്യപ്പെടേണ്ടതും. വേദമോതേണ്ടത് വിശുദ്ധമാക്കിയ ശ്രവണപുടങ്ങളിലാണ് - വിശ്വാസിയുടെ ധ്യാനശ്രവണങ്ങളിലാണ്. ചാനൽ ചർച്ച വഴി വിശ്വാസം ഉലയ്ക്കപ്പെട്ടേക്കാം, പക്ഷെ തകർക്കപ്പെടുന്നതല്ല. സഭയുടെ കൂദാശകളുടെ നിയാമകഘടകം ഈ വേദാടിത്തറയാണ്. അപ്പസ്തോല അടിത്തറമേലും പൗരോഹിത്യത്തിന്റെ നിതാന്ത ശൃംഘലയാലും അനവരതം തുടർന്നുകൊണ്ടിരിക്കുന്ന പ്രക്രീയയാണ് ക്രിസ്തുവിന്റെ വിശുദ്ധ സഭ. കർത്തൃകല്പനകളാണ് വിശ്വാസജീവിതത്തിന് അടിത്തറ.

ഇത് എന്റെ ശരീരം; ഇത് എന്റെ രക്തം എന്നു പറഞ്ഞ് അപ്പത്തിനും വീഞ്ഞിനും (ബലിവസ്തുക്കൾക്ക്) വസ്തുഭേദംവരുത്തിയ കർത്താവുതന്നെയാണ് ഇക്കാര്യം അരുളിചെയ്തതെന്നതും സ്മർത്തവ്യമാണ്.

കുമ്പസാരത്തിൽ സംഭവിക്കുന്നതെന്താണ് ? ഒരു വ്യക്തിയിലേക്ക് ദൈവം യഥാർത്ഥത്തിലും വ്യക്തിപരമായും ഇറങ്ങിവരുന്നു; അവന് ആവശ്യമായ കൃപകൾ നൽകുന്നു; അവൻ ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുന്നു. കുമ്പസാരം അഥവാ പാപനിവേദനം കേൾക്കുന്ന വൈദികൻ മനസ്സലിവുള്ള പിതാവിനെപ്പോലെയാണ്. തന്റെ കുഞ്ഞിനുവന്ന അപചയമോർത്ത് അവനോടൊപ്പം വേദനിക്കുന്നു; അവനുവേണ്ടി പ്രാർത്ഥിക്കുന്നു. മനഃശാസ്ത്രജ്ഞനായ കാൾയുങിന്റെ കണ്ടെത്തലനു

സരിച്ച് കത്തോലിക്ക വിശ്വാസികളുടെ ഇടയിൽ മാനസീകരോഗികൾ പൊതുവെ കുറവാണ്. അതിനുകാരണം അവർ കുമ്പസാരിക്കുകയും വൈദികനിൽ നിന്നും ഉപദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു എന്നതുതന്നെ. തങ്ങളുടെ മനസ്സിന്റെ പ്രയാസങ്ങളും ഭാരങ്ങളും വിശ്വസ്തനായ ഒരാളുടെ – ദൈവത്തിന്റെ പ്രതിനിധിയുടെ – മുമ്പിൽ അനാവരണം ചെയ്യുന്നത് എത്ര ശാന്തിദായകം. കുമ്പസാരത്തിൽ ഏറ്റുപറയാത്ത എല്ലാപാപങ്ങളും ദൈവതിരുമുമ്പിൽ കണക്കുപറയേണ്ടവതന്നെ. ‘ നാമെല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനുമുമ്പാകെ നിൽക്കേണ്ടവരാണല്ലോ.... ആകയാൽ നാം ഓരോരുത്തരും ദൈവത്തിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടിവരും‘ (റോമ. 14:10–12). എന്നാൽ പശ്ചാത്താപത്തോടെ മേലിൽ പാപംചെയ്യുകയില്ലെന്ന ദൃഢനിശ്ചയത്തോടുകൂടി ക്രിസ്തുവിന്റെ പ്രതിനിധിയായ പുരോഹിതനോട് ഏറ്റുപറച്ചിൽ നടത്തിയാൽ അവ ദൈവം വിസ്മരിക്കുകതന്നെചെയ്യും. ഇത്രമാത്രം ദൈവസ്നേഹവും ക്ഷമയും മോചനവും നിറച്ചുവച്ച ഒരു കൂദാശ ഇതുപോലെ വേറൊന്നില്ല . കേവലമനുഷ്യബുദ്ധിക്ക് ഇത് മനസിലാക്കാൻ പ്രയാസമാണ്; എന്നാൽ തുറവിയുള്ള മനുഷ്യബുദ്ധിക്ക് അനായാസവും. സഭയുടെ കൂദാശകളിൽ വിശ്വാസമർപ്പിക്കുന്നവരും അല്ലാത്തവരും തമ്മിലുള്ള അതിർവരമ്പിന് കാലംചെല്ലുന്തോറും കനം കൂടിവരുന്നു. വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള അദൃശ്യമായ ഏറ്റുമുട്ടലിന് നൈരന്തര്യ സ്വഭാവമുണ്ട്; അത് അചന്ദ്രതാരം തുടരുകയും ചെയ്യും.

**2. കുമ്പസാരരഹസ്യം പുറത്തു പറയുമോ ?**

ഏറെ ഗൗരവത്തോടെയാണ് സഭ ഇതിനെ കാണുന്നത്. ഇതുമായി ബന്ധപ്പെട്ട അലംഭാവങ്ങൾക്ക് തക്കശിക്ഷ നൽകുകയാണ് കാലാകാലങ്ങളായുള്ള സഭയുടെ പതിവ്. ആവശ്യമെങ്കിൽ കൂദാശകളുടെ പരികർമ്മത്തിൽനിന്ന് മാറ്റിനിർത്തുകതന്നെ ചെയ്യും. മഹറോൻ അഥവാ സഭാവിലക്ക് എന്നാണിത് അറിയപ്പെടുക. വിശ്വാസവിപരീതം പഠിപ്പിക്കുന്നവരെ നിർദ്ദാക്ഷിണ്യം സഭ പുറത്താക്കുകതന്നെ ചെയ്യും (Excommunication). ഇതിന് അപവാദം ഇന്നുവരെയുള്ള സഭാചരിത്രത്തിൽ ഉണ്ടായിട്ടില്ല. എന്നാൽ സഭയ്ക്കെന്നപോലെ അതു പരികർമ്മം ചെയ്യുന്ന പുരോഹിതനും ദൈവം വലിയ സംരക്ഷണം നൽകുന്നു. കുമ്പസാരത്തിന്റെ ബലിക്കല്ലിൽ രക്തസാക്ഷികളായവർ സഭാചരിത്രത്തിന്റെ ഏടുകളിൽ ഏറെയാണ്.

ബൊഹീമിയായിലെ ജയിൻരാജ്ഞിയുടെ കുമ്പസാരക്കാരനായിരുന്ന(Confessor) വിശുദ്ധ ജോൺ നെപ്പോമൂസൻ(നെപുംസ്യാനോസ്) കുമ്പസാരരഹസ്യം അഭംഗം പാലിച്ചത് നിമിത്തം വെഞ്ചെസ്ലാവ് രാജാവിനാൽ രക്തസാക്ഷിത്വംവരിച്ചത് 1383 മെയ് 16 നായിരുന്നു; മൂന്നാം നൂറ്റാണ്ടിൽ റോമാനഗരത്തിലെ ടൈബർനദി രക്തസാക്ഷികളുടെ ചുടുനിണം കൊണ്ട് ശോണിമയാർന്നതുപോലെ പ്രേഗ് നഗരമദ്ധ്യത്തിലൂടെ ഒഴുകുന്ന മുൾഡാനദി ചുവന്നത് ആ ചുടുനിണമൊഴുകിയത്രേ.

കുമ്പസാരരഹസ്യം പാലിക്കുന്നതിന് തിരുസഭയുടെ നിയമസംഹിതയിൽ അതിശ്രേഷ്ഠസ്ഥാനമാണുള്ളത്. അത് പാലിക്കുന്നതിലുള്ള വിശ്വസ്തത പാവനമായി നിലകൊള്ളുകയും ചെയ്യും. ഇന്നിന്റെ പൊറാട്ടുനാടകങ്ങൾകൊണ്ട്



തകർന്നടിയുന്നതല്ല ഈ കൂദാശയുടെ സാധുത. ഇന്നത്തെ കോളിളക്കങ്ങൾ ചായകോപ്പയിലെ കൊടുങ്കാറ്റുമാത്രം– ക്ഷണപ്രഭാചഞ്ചലങ്ങൾ !

**3. നമ്മെപ്പോലെതന്നെ കേവലം ബലഹീനനായ ഒരുവന്റെ മുമ്പിലോ മുട്ടുകുത്തേണ്ടത് ?**

അനുതാപിയുടെ കുമ്പസാരം(ഏറ്റുപറച്ചിൽ) ദൈവത്തിന്റെ പക്കൽത്തന്നെയാണ്. അവിടുന്നുതന്നെയാണ് പാപങ്ങൾ മോചിക്കുന്നതും. എന്നാൽ ഇന്നത്തെ രക്ഷാകരസംവിധാനത്തിൽ അവിടുത്തേയ്ക്ക് മാനുഷിക മാദ്ധ്യമങ്ങൾ ആവശ്യമാണ്. കൂദാശാപരികർമ്മത്തിൽ പുരോഹിതൻ ക്രിസ്തുവിന്റെ പകരക്കാരനാണ്.

ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുവാൻ വിളിക്കപ്പെട്ടവർ തികച്ചും സാധാരണക്കാരും കുറവുള്ളവരുമായിരുന്നു. എന്തിന്, സഭയുടെ തൂണുകളായ പത്രോസും പൗലോസും പോലും! വീഴ്ചകൾ ദിവ്യസ്നേഹത്തിൽ ഉറയ്ക്കുവാനുള്ള ചുവടുവെയ്പ്പുകളായി തിരിച്ചറിഞ്ഞപ്പോൾ അവരിൽ അലൗകികമായ സന്തോഷം ആന്ദോളനം ചെയ്തു. എന്തിന് ബലഹീനരെ തിരഞ്ഞെടുത്തു ? ലോകത്തിലെ ബലവാന്മാരെ ലജ്ജിപ്പിക്കാൻ തന്നെ. എന്തുകൊണ്ട് ഭോഷന്മാരെ തിരഞ്ഞെടുത്തു ? ലോകത്തിലെ ബുദ്ധിമാന്മാരെ ലജ്ജിപ്പിക്കുവാൻ തന്നെ. എന്തുകൊണ്ട് രക്ഷകൻ ബലഹീനാവസ്ഥ തിരഞ്ഞെടുത്തു ? ലോകത്തിന്റെ ജീവിത പ്രതാപത്തെ ലജ്ജിപ്പിക്കുവാൻതന്നെ. എന്തുകൊണ്ട് ബലഹീനരെ എന്നതിന് ഉത്തരം ഹെബ്രായർ 5.2 ൽ നാം വായിക്കുന്നു: 'അവൻ തന്നെ ബലഹീനനായതുകൊണ്ട്, അജ്ഞരോടും വഴിതെറ്റിയവരോടും വേണ്ടത്ര സഹതാപത്തോടെ പെരുമാറാൻ അവനുകഴിയും '.

കുമ്പസാരം കേൾക്കുന്ന പുരോഹിതന് സാർവ്വത്രിക സഭയിലെ മല്പ്പാനായ വിശുദ്ധ അഗസ്തീനോസ് നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്: 'പ്രസംഗപീഠത്തിൽ സിംഹഗർജ്ജനം നടത്തുന്ന പുരോഹിതൻ കുമ്പസാരവേദിയിൽ കുഞ്ഞാടിന്റെ ശാന്തത കൈവരിക്കണം'. അതിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളും സാധനപാഠങ്ങളുമായിരുന്നു ആഴ്സിലെ പുരോഹിതനായ ജോൺ വിയാനിയും റോമിലെ കീർത്തികേട്ട കുമ്പസാരക്കാരനായ പാദ്രേപിയോയും. എല്ലാ പുരോഹിതരും അങ്ങനെതന്നെ. മറിച്ചായാൽ തീക്കട്ടയെ ഉറുമ്പരിക്കുമെന്നു പറയേണ്ടിവരും.

ദൈവത്തിന്റെ കരുണയുടെയും ദയയുടെയും ആഘോഷമാണ് ഓരോ കുമ്പസാരവും. അത് ധൂർത്തപുത്രനുള്ള വിരുന്നാണ്. ദൈവസ്നേഹം തിരിച്ചറിയാതെപോകുന്നതാണ് പാപം. ഈ ദിവ്യസ്നേഹത്തിനുപകരം നൈമിഷിക സ്നേഹങ്ങൾ തേടുന്നതാണ് തകർച്ച. കുമ്പസാരത്തെ നമുക്ക് സർവ്വാത്മന സ്നേഹിക്കാം. എന്തിന് വൃഥാ ഭാരങ്ങൾ പേറുന്നു ? ചുമടുതാങ്ങികളെ നമുക്ക് സ്വീകരിക്കാം. 'ലോകപാപങ്ങൾ വഹിക്കുന്ന കുഞ്ഞാട്' നമ്മുടെ പാപഭാരം ഏറ്റെടുക്കാൻ തയ്യാറാകുമ്പോൾ, സ്വതന്ത്രരാകുവാൻ നാം എന്തിന് മടിക്കണം? നമുക്ക് നഷ്ടപ്പെടാൻ ബന്ധനങ്ങൾ മാത്രം! മനസ്സിന്റെ കെട്ടുകളും അവിഹിതകെട്ടുപാടുകളും അഴിച്ച് നമുക്ക് സ്വതന്ത്രരാകാം. ഇതാണ് കുമ്പസ്സാരത്തിന്റെ യഥാർത്ഥ അന്തഃസത്ത. അതേ, തീക്കട്ടയെ ഉറുമ്പരിക്കുകയില്ല. തീയിൽ കുരുത്തത് വെയിലത്ത് വാടുകയുമില്ല. ●





# യേശുക്രിസ്തു സ്ഥാപിച്ച കൂദാശ
# പരിശുദ്ധ കുമ്പസാരം



**മാർ ജോസഫ് പാംപ്ലാനി**
**തലശ്ശേരി രൂപത സഹായമെത്രാൻ**

**പ**രിശുദ്ധ കുമ്പസാരത്തിന്റെ പരിശുദ്ധിയെ ചോദ്യം ചെയ്യുന്ന ഈ കാലഘട്ടത്തിൽ എന്താണ് പരി. കുമ്പസാരം അല്ലെങ്കിൽ പാപമോചനം എന്നതു കൊണ്ട് സഭ ഉദ്ദേശിക്കുന്നത് എന്ന് വിശ്വാസികളെന്ന നിലയിൽ ഓരോ കത്തോലിക്കനും വ്യക്തമായ ധാരണയുണ്ടാകണം. പരി. കുമ്പസാരത്തിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം എന്താണ് പാപം എന്ന് നാം അറിഞ്ഞിരിക്കണം. വിശ്വാസത്തിന്റെ രാഹിത്യത്തെ നമുക്ക് പാപമെന്ന് വിശേഷിപ്പിക്കാം. യഥാർത്ഥ

പാപം എന്നത് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ രാഹിത്യമാണ്.

പരി. കുമ്പസാരത്തിലൂടെ ക്രിസ്തുവാണ് പാപം മോചിക്കുന്നത്. കുമ്പസാരമെന്ന കൂദാശ കുമ്പസാരിക്കുന്ന പാപിയെ മാത്രമല്ല, കുമ്പസാരിപ്പിക്കുന്ന വൈദികനെയും വിശുദ്ധീകരിക്കുന്നു. ആയതിനാൽ കുമ്പസാരമെന്ന കൂദാശ പാപത്തെ ഇല്ലാതാക്കുന്ന കൂദാശയാണ്. പലപ്പോഴും ഈ കൂദാശയുടെ ഉത്ഭവത്തെപ്പറ്റി, ഈശോയാൽ സ്ഥാപിക്കപ്പെട്ടതാണോ എന്ന ചോദ്യങ്ങൾ ഉയർന്നുവരുന്ന കാലഘട്ടത്തിൽ ഈശോ ഈ കൂദാശ എപ്രകാരം സ്ഥാപിച്ചു എന്നതിന് തിരുവചനങ്ങൾ തന്നെ സംശയതീതമായി സാക്ഷ്യം നൽകുന്നു. വി. മത്തായി ശ്ലീഹായുടെ സുവിശേഷം 16-ാം അദ്ധ്യായം 18-ാം വാക്യത്തിൽ കർത്താവ് പത്രോസിനോട് പറയുന്നു: ''നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും. ഇത് യേശുക്രിസ്തു തന്റെ ശിഷ്യന് നൽകുന്ന അധികാര കൈമാറ്റമാണ്. 18-ാം അദ്ധ്യായം എത്തുമ്പോഴേക്കും ശിഷ്യഗണത്തിനു മുഴുവൻ ഈ അധികാരം കർത്താവ് നൽകുന്നുണ്ട്. വി. യോഹന്നാന്റെ സുവിശേഷം 20:22-23 വാക്യത്തിൽ പാപം മോചിക്കുവാനുള്ള അധികാരം വളരെ വ്യക്തമായി ശിഷ്യഗണത്തിന് കർത്താവ് നൽകുന്നു. വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്ക് എഴുതിയ ലേഖനം 2-ാം അദ്ധ്യായം 10-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു, നിങ്ങൾ ക്ഷമിച്ചവനോട് ഞാൻ ക്ഷമിക്കും. ഇവിടെ യേശുക്രിസ്തുവിൽ നിന്നുകൊണ്ട് പാപങ്ങൾ ക്ഷമിക്കുവാനുള്ള അധികാരത്തെ എടുത്തുകാട്ടുന്നു. ഈ കൂദാശ യേശുക്രിസ്തുവിൽ നിന്നു വരുന്നു എന്നതിന് തിരുവചനം നൽകുന്ന സാക്ഷ്യത്തിൽ കവിഞ്ഞ് മറ്റൊന്നുമില്ല.

രണ്ടാമതായി തിരുസഭയിൽ വി.കുമ്പസാരം വൈദികനാൽ പരികർമ്മം ചെയ്യപ്പെടുന്നു. പലപ്പോഴും പരി. കുമ്പസാരം പരികർമ്മം ചെയ്യുന്ന വൈദികന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന സാഹചര്യം ഈ കാലഘട്ടത്തിൽ ഏറി വരുമ്പോൾ ഓർക്കുക സഭയല്ല വൈദികനെ അധികാരപ്പെടുത്തിയത് ക്രിസ്തുവാണ് അവന് ഈ അധികാരം നൽകിയത്. കർത്താവാണ് അവന് അധികാരം നൽകി സഭയിൽ വൈദികനെ നിയോഗിച്ചിരിക്കുന്നത്. ക്രിസ്തു സഭയെയാണ് ദൈവത്തിനും മനുഷ്യനും ഇടയിൽ നിയോഗിച്ചിരിക്കുന്നത്. സഭയുടെ പ്രതിനിധി എന്ന നിലയിൽ വൈദികനിലൂടെയാണ് ഈ അധികാരം സഭയിൽ നിറവേറ്റപ്പെടുന്നത്. ഈ സാഹചര്യത്തിൽ വൈദികന്റെ വിശുദ്ധി പരി. കുമ്പസാരത്തിന് അവശ്യഘടകമാണോ എന്നത് ഒരു ചോദ്യചിഹ്നമായി സമൂഹം ഉയർത്തുന്നു. വൈദികന്റെ വിശുദ്ധി വ്യക്തിപരമായ കാര്യമാണ്, അത് അവൻ ആർജ്ജിച്ചെടുക്കേണ്ട ഒന്നാണ്. പുരോഹിതൻ ഒരു മാലാഖയല്ല. വൈദികന്റെ പരിശുദ്ധിയും കുമ്പസാര കൂദാശയും രണ്ടാണ്. ഇവിടെ മനസ്സിലാക്കേണ്ടത് കുമ്പസാര കൂദാശയുടെ പരിശുദ്ധിക്കെതിരേ പ്രവർത്തിച്ചവരെ സഭ എക്കാലവും ശിക്ഷിച്ചിട്ടുണ്ട്. പരി. ലെയോ പതിമൂന്നാമന്റെ വാക്കുകളിൽ പരി. കുമ്പസാരത്തിന്റെ വിശുദ്ധിയെ കളങ്കപ്പെടുത്തുന്നവൻ എല്ലാവരാലും തിരസ്കരിക്കപ്പെട്ട് അലഞ്ഞ് തിരിഞ്ഞ് നടന്ന് മരിക്കട്ടെ എന്നാണ്.

മൂന്നാമതായി വി. കുമ്പസാരമെന്ന കൂദാശ ഇപ്പോഴുള്ള രീതിയിൽ പരികർമ്മം ചെയ്യാൻ എന്ന് തുടങ്ങി? അതിന് മുമ്പ് എങ്ങനെയായിരുന്നു? വി. കുമ്പസാരം നടന്നിരുന്നത് എന്നതിനേപ്പറ്റി പല വ്യാഖ്യാനങ്ങളും സമൂഹത്തിൽ പ്രചരിക്കുന്നുണ്ട്. നമ്മൾ മനസ്സിലാക്കേണ്ട വസ്തുത പൗരസ്ത്യ സഭകളിലാണ് ആദ്യമായി വി. കുമ്പസാരം വ്യക്തിപരമായി വൈദികന്റെ പക്കൽ ഏറ്റുപറയുന്ന രീതി ആരംഭിച്ചത്. പിന്നീട് പാശ്ചാത്യ സഭയിലേക്ക് അത് വ്യാപിച്ചു. 7-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഐറിഷ് മിഷനറിമാരാണ് രഹസ്യകുമ്പസാരമെന്ന രീതി ആരംഭിക്കുന്നത്. അതിനു മുമ്പ് പരസ്യമായി അവരുടെ പാപങ്ങൾ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ വച്ച് ഏറ്റുപറയുകയായിരുന്നു. പരസ്യ വെളിപ്പെടുത്തൽ വലിയ പ്രശ്നങ്ങളിലേക്ക് സമൂഹത്തെ നയിച്ചപ്പോളാണ് വൈദികനോട് മാത്രം പാപം ഏറ്റുപറയുന്ന രീതിയിലേക്ക് സഭ ചിന്തിക്കാൻ കാരണമായത്. എ.ഡി. 130-140 നോടകം രചിക്കപ്പെട്ട Didache എന്ന ഗ്രന്ഥത്തിൽ 14-ാം അദ്ധ്യായത്തിൽ വി. കുമ്പസാരമെന്ന കൂദാശ എപ്രകാരം പരികർമ്മം ചെയ്യണം എന്നതിനെപ്പറ്റി വളരെ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് സഭയിൽ പരി. കുമ്പസാരമെന്ന കൂദാശ സഭയോളം തന്നെ പഴക്കമുള്ളതാണ് എന്നാണ്. ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട ഈ കൂദാശ അനേകം ജനങ്ങളുടെ ജീവിതത്തെ നിത്യം നവീകരിക്കാൻ സാധിക്കട്ടെ.

●



ഫാ. ഡോ. ഐസക് പറപ്പള്ളിൽ



# പരിശുദ്ധ ദൈവമാതാവ് നമ്മുടെയും മാതാവ്

സഭയുടെ പ്രബോധനങ്ങളിൽ പരിശുദ്ധ മറിയത്തെപ്പറ്റി പ്രധാനമായും നാം കാണുന്ന വിശേഷണങ്ങളാണ് 'നമ്മുടെ അമ്മ', 'വിശ്വാസികളുടെ മാതാ വ്', 'സഭയുടെ മാതാവ്' എന്നിവ. ഈ വിശേഷണങ്ങൾ മറിയവും, അവളുടെ മക്കളായ നാമും തമ്മിലുള്ള ആത്മ ബന്ധത്തെ സൂചിപ്പിക്കുന്നു. യേശുവിൽ വിശ്വ സിക്കുന്ന ഏവരുടേയും, ക്രിസ്തു ശിഷ്യരുടെ സമൂഹമായ സഭ മുഴുവന്റെയും മാതാവാണ് മറിയം. ആ അമ്മയുടെ അടുത്തേക്ക് നാം ഓടി വരുന്നത്, ആ അമ്മ 'നമ്മുടെയും അമ്മ' എന്ന ബോധ്യത്തി ലാണ്. ലെയോ പതിമൂന്നാമൻ മാർ പാപ്പായും ജോൺ 23-ാമൻ മാർപാപ്പായും, പോൾ ആറാമൻ മാർപാപ്പായും മറിയത്തെ 'സഭയുടെ മാതാവായി' വിശേഷിപ്പിച്ചിട്ടുണ്ട്. കുരിശിൽ കിടന്ന് യോഹന്നാനോട് 'ഇതാ നിന്റെ അമ്മ' (യോഹ. 19:25-27) എന്ന് യേശു പറയുമ്പോൾ, തന്റെ സ്വന്തം അമ്മയെ മറ്റുള്ളവർ ക്കായി യേശു നല്കുകയാണ് ചെയ്തത്. അങ്ങനെ മറിയം, ക്രിസ്തുവിന്റെ അമ്മ എന്നതു പോലെ, സഭ യുടെയും സഭാമ ക്കളുടെയും അമ്മയായി മാറി. ക്രിസ്തുവിന്റെ അമ്മ, ക്രിസ്തുവിന്റെ സഭയു ടെയും അമ്മയായി. തന്റെ സ്വന്തം മകനെ നമുക്ക് നല്കി, ആ അമ്മയും നമ്മെ മക്കളാക്കി. കത്തോലി ക്കാസഭയുടെ മതബോധനഗ്ര ന്ഥത്തിൽ ഇപ്രകാരം കാണുന്നു: "അവൾ ക്രിസ്തുവിന്റെ അവയവങ്ങളുടെ അമ്മ എന്നു വിളിക്ക പ്പെടുന്നു (നം. 963). അവയവങ്ങളുടെ അമ്മ കൂടിയാകാതെ ശിരസ്സിന്റെ അമ്മ മാത്രമാ യിരിക്കുക സാധ്യമല്ല എന്നർത്ഥം. ശിരസ്സായ ക്രിസ്തുവിന്റെ അമ്മ, ശരീരമാകുന്ന സഭയുടെയും അമ്മയാണ്. പരിശുദ്ധ അമ്മയുടെ ഈ മാതൃബന്ധം പുതിയ നിയമത്തിൽ പലയിടത്തും നാം കാണുന്നു. മറിയം മംഗളവാർത്ത യിൽ പ്രകടിപ്പിച്ച സമ്മ തവും, കാനായിലെ പ്രത്യേകമായ ഇടപെടലും, ആദിമക്രൈസ്തവ സമൂഹത്തിന്റെ വിശ്വാസം നട്ടുവളർത്തുന്നതി ലുള്ള നേതൃത്വവും, ഒരു അമ്മ എന്ന നിലയിൽ വ്യക്തമായി നാം മനസ്സി ലാക്കുന്നു.

**പരിശുദ്ധ മറിയം വി. ഗ്രന്ഥത്തിൽ**

വി. ഗ്രന്ഥത്തിൽ നിരവധി തവണ പരി. മറിയ ത്തെ നാം കാണുന്നു:

1. വി. മത്തായിയുടെ സുവിശേഷത്തിൽ 5 പ്രാവശ്യം മറിയത്തിന്റെ നാമം സൂചിപ്പിക്കുന്നു. 4 പ്രാവശ്യം യേശുവിന്റെ വംശാവലിയിലും (1:16,18,20, 2:11) 1 പ്രാവശ്യം യേശു സിനഗോഗിൽ പഠിപ്പിക്കുന്ന അവസരത്തിലും (13:55).

2. വി. മർക്കോസിന്റെ സുവിശേഷത്തിൽ 1 പ്രാവശ്യം മാത്രമാണ് യേശുവിന്റെ അമ്മയായ മറിയത്തെ പേര് വിളിച്ച് അവതരിപ്പിക്കുന്നത് (6:3), മറ്റൊരു പ്രാവശ്യം പേര് സൂചിപ്പിക്കാതെ അമ്മയെന്നും പറയുന്നു (3:31).

3. വി. ലൂക്കായുടെ സുവിശേഷത്തിൽ യേശുവിന്റെ ജനനവും ബാല്യവുമായി മാത്രം ബന്ധപ്പെട്ട് 12 പ്രാവശ്യം മറിയം എന്ന പേര് സൂചിപ്പിക്കുന്നു (1:27, 30, 34, 38, 39, 41, 46, 56; 2:5, 16, 19, 34).

4. വി. യോഹന്നാന്റെ സുവിശേഷത്തിൽ 2 പ്രാവശ്യം മറിയത്തെ സൂചിപ്പിക്കുന്നുണ്ടെങ്കിലും പേരെടുത്തുപറയുന്നില്ല. 'യേശുവിന്റെ അമ്മ' എന്ന പേരിൽ കാനായിലെ കല്യാണ വിരുന്നിലും (2:1-12), കുരിശിന്റെ ചുവട്ടിലും (19:25, 26).

**പരിശുദ്ധ മറിയം മലങ്കര ആരാധനക്രമത്തിൽ**

ക്രിസ്തീയ പാരമ്പര്യത്തിൽ 4 ഗണത്തിലുള്ള തിരുന്നാളുകളാണുള്ളത്. 1. നമ്മുടെ കർത്താവിന്റെ തിരുന്നാളുകൾ (മാറാനായ) 2. പരിശുദ്ധ ദൈവമാതാവിന്റെ തിരുന്നാളുകൾ 3. അപ്പസ്തോലന്മാരുടെ തിരുന്നാളുകൾ 4. വിശുദ്ധരുടെ തിരുന്നാളുകൾ. മേല്പറഞ്ഞ 4 ഗണത്തിൽ നമ്മുടെ കർത്താവിന്റെ തിരുന്നാളുകളാണ് ഏറ്റം പ്രധാനപ്പെട്ടത്. അതിനുശേഷം ഏറെ പ്രാധാന്യത്തോടും ആദരവോടും ആചരിക്കുന്ന തിരുന്നാളുകളാണ് പരിശുദ്ധ അമ്മയുടെ തിരുന്നാളുകൾ. ആണ്ടുവട്ടത്തിൽ അനേക തിരുന്നാളുകൾ പരിശുദ്ധ ദൈവമാതാവിന്റേതായി നാം ആഘോഷിക്കുന്നുണ്ട്. താഴെ പറയുന്നവയാണ് അവയിൽ പ്രധാനപ്പെട്ടത്:

| | | |
|---|---|---|
| മാർച്ച് 25 | – | മാതാവിന്റെ വചനിപ്പു തിരുന്നാൾ |
| സെപ്റ്റംബർ 8 | – | മാതാവിന്റെ ജനനതിരുന്നാൾ |
| നവംബർ 21 | – | മാതാവിന്റെ ദൈവാലയ പ്രവേശനം |
| ഡിസംബർ 8 | – | മാതാവിന്റെ അമലോത്ഭവ തിരുന്നാൾ |
| ഡിസംബർ 26 | – | മാതാവിന്റെ പുകഴ്ചയുടെ തിരുന്നാൾ |
| ജനുവരി 15 | – | വിത്തുകളെപ്രതിയുള്ള മാതാവിന്റെ ഓർമ്മ (മാതാവിന്റെ കന്യാത്വത്തെയും, കന്യാത്വത്തിന് ഭംഗം വരാതെയുള്ള യേശുവിന്റെ ജനനത്തെയും സൂചിപ്പിക്കുന്നു) |
| മെയ് 15 | – | കതിരുകളെപ്രതിയുള്ള മാതാവിന്റെ ഓർമ്മ (മറിയത്തെ കതിരായും, ആ കതിരിൽ നിന്ന് പുറപ്പെട്ട ആദ്യഫലമായ യേശു ദൈവത്തിനും മനുഷ്യകുലത്തിനും സമർപ്പിക്കപ്പെട്ടുവെന്നും സൂചിപ്പിക്കുന്നു) |
| ആഗസ്റ്റ് 15 | – | മാതാവിന്റെ സ്വർഗാരോപണം (ശൂനോയോ) |

പരി. അമ്മയുടെ തിരുന്നാളുകളിൽ മാത്രമല്ല മറിയത്തെ നാം ഓർക്കുക. അനുദിന ജീവിതത്തിലെ എല്ലാ പ്രാർത്ഥനകളിലും നാം മറിയത്തെ അനുസ്മരിക്കുന്നുണ്ട്. ഓരോ ദിവസത്തെയും ശ്ഹീമോ പ്രാർത്ഥനയിലെ വിവിധ യാമങ്ങളിൽ മറിയത്തെ അനുസ്മരിക്കുന്നു. ആഴ്ചവട്ടത്തിലെ ഒരു ദിവസം (ബുധൻ) അമ്മയുടെ വണക്കത്തിനായി സമർപ്പിച്ചിരിക്കുന്നു. കൗമാ പ്രാർത്ഥനയിലെ 'കൃപനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയും, ജപമാലയും, നൊവേനയും, മദ്ധ്യസ്ഥ പ്രാർത്ഥനയും ഒക്കെ അമ്മയുടെ മദ്ധ്യസ്ഥം തേടിയാണ് നാം പ്രാർത്ഥിക്കുക. എട്ട് നോമ്പ് നോറ്റ് പരി. അമ്മയുടെ ജനനത്തിരുന്നാളും, പതിനഞ്ച് നോമ്പ് നോറ്റ് പരി. അമ്മയുടെ സ്വർഗാരോപണത്തിരുന്നാളും നാം ആഘോഷിക്കുന്നു.

വി. കുർബാനയിൽ അനേകപ്രാവശ്യം രഹസ്യമായും പരസ്യമായും പരി. അമ്മയെ നാം അനുസ്മരിക്കുന്നു. വി. കുർബാനയുടെ ആദ്യ ഭാഗമായ ഒരുക്കശുശ്രൂഷയിൽ (തൂയോബോ) മൽക്കിസദെക്കിന്റെ ക്രമത്തിലും, അഹറോന്റെ ക്രമത്തിലുമായി 5 പ്രാവശ്യം പരി. അമ്മയെ അനുസ്മരിച്ച് രഹസ്യമായി വൈദികൻ പ്രാർത്ഥിക്കുന്നുണ്ട്. വി. കുർബാനയിൽ കുറഞ്ഞത് 11 പ്രാവശ്യമെങ്കിലും പരസ്യമായി പരി. അമ്മയെ നാം അനുസ്മരിക്കുന്നു.

1. കാഴ്ചവയ്പ്പിന്റെ സമയത്ത് നാം പാടുന്ന 'മുൾമരമെരിയാതെരുതീ......ചിന്മയനാമറിയാമിൽ വസിച്ചു ശരീരം'.
2. വി. കുർബാന പരസ്യമായി ആരംഭിക്കു മ്പോൾ വൈദികൻ ചൊല്ലുന്ന 'നിന്നെ പ്രസവിച്ച മറിയാമും......'
3. സ്വഭാവപ്രകാരം മരണമില്ലാത്തവനും എന്ന അന്ത്യോക്യായിലെ സേവേറിയോസിന്റെ മാനീസായിലെ 'വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യകമറിയാമിൽ നിന്നും ഭേദം കൂടാതെ ........'

4. സുവിശേഷവായനയ്ക്കു മുമ്പ് വൈദികൻ ചൊല്ലുന്ന 'പരി. കന്യകമറിയാമിൽനിന്ന് ശരീരം ധരിച്ചവനും...........'
5. സുവിശേഷവായനയ്ക്ക് ശേഷമുള്ള 'ദൈവാ ജനനി, ധന്യേ കന്യകയേ...........'
6. പ്രുമിയോൻ സെദറാകളിൽ പ്രത്യേകിച്ച് 'കാലത്തികവിൽ മറിയാമിൽനിന്ന് ജനിക്കുകയും........'
7. വിശ്വാസപ്രമാണത്തിൽ 'വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ പരി. കന്യകമറിയാമിൽനിന്നും ശരീരിയായി തീർന്നവനും........'
8. തുബ്ദേനിൽ 'ബാറെക്മോർ, ശുദ്ധിമതിയും ഭാഗ്യവതിയും അനുഗ്രഹീതയും നിത്യകന്യകയും ദൈവമാതാവുമായ മറിയാമിനെയും..'
9. കുക്കിലിയോൻ – 'നിന്നാൾ സ്തുതിയോട് രാജമകൾ ..........'
10. വിശുദ്ധ രഹസ്യങ്ങൾ ആഘോഷമായി എഴുന്നെള്ളിച്ച് കൊണ്ടുവരുമ്പോൾ ജനം 'അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും, തന്റെ മാതാവിന് പുകഴ്ചയുടെ കിരീട ങ്ങളും.......'
11. ഹൂത്തോമോ – മഹിമാനായകനീശോയാം സത്യപരൻ തൻ മാതാവാം.........'

നമ്മുടെ ആരാധനക്രമത്തിൽ പരി. അമ്മയെ പല നാമങ്ങളിൽ (അമ്മ, പരി. കന്യക, ദൈവമാതാവ്, ഭാഗ്യവതി, സഭയുടെ മാതാവ്, ദൈവത്തെ പ്രസവിച്ചവൾ....) വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും ഏറ്റം കൂടുതൽ ഉപയോഗിച്ചിട്ടുള്ള രണ്ട് വിശേഷണങ്ങൾ ദൈവമാതാവ് (ഏമോ ദാലോഹോ), ദൈവപ്രസവിത്രി (യൊൽദാസ് ആലോഹോ) എന്നിവയാണ്.

**മറിയത്തെക്കുറിച്ചുള്ള പ്രധാനപ്പെട്ട സഭാപ്രബോധനങ്ങൾ**

മാതാവിനെക്കുറിച്ചുള്ള പ്രധാന വിശ്വാസ സത്യങ്ങളാണ് നിത്യകന്യാത്വം, ദൈവമാതൃത്വം, അമലോത്ഭവം, സ്വർഗാരോപണം എന്നിവ.

1. 325 ൽ നടന്ന ഒന്നാം നിഖ്യാ സൂന്നഹദോസിൽ കന്യകയിൽനിന്നുള്ള യേശുവിന്റെ ജനനം
2. 431 ൽ നടന്ന എഫേസോസ് കൗൺസിലിൽ മറിയത്തിന്റെ ദൈവമാതൃത്വം
3. 553 ൽ നടന്ന കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിൽ മറിയത്തിന്റെ നിത്യകന്യത്വം
4. 1854 ൽ പീയൂസ് ഒമ്പതാമൻ മാർപാപ്പ Ineffabilis Deus എന്ന അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷനിലൂടെ മറിയത്തിന്റെ അമലോത്ഭവം
5. 1950 ൽ പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ Munificentissimus Deus എന്ന അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷനിലൂടെ മറിയത്തിന്റെ സ്വർഗാരോപണം





# ക്രിസ്തുവിനൊപ്പം ജീവിക്കേണ്ടവൻ കഴുകനെപ്പോലെ പുനർജ്ജനിക്കേണ്ടവനും

സുവിശേഷ വ്യാഖ്യാനം ലൂക്കോ. 9: 24

ഫാ. ഏബ്രഹാം നടുവിലേടം



'സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും; എന്നെപ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അതിനെ രക്ഷിക്കും' (ലൂക്കോ. 9: 24). തന്റെ പീഡാനുഭവത്തിന്റെ ഒന്നാം പ്രവചനം യേശു നടത്തുന്നതാണ് സന്ദർഭം. മനുഷ്യപുത്രൻ എന്നത് യേശു സ്വയം സ്വീകരിച്ച നാമമാണ്. മനുഷ്യപുത്രൻ സഹനപുത്രനും സഹനദാസനുമാണ് (ഏശ.42 , 49, 50, 52). സഹന മരണങ്ങളാണ് മനുഷ്യപുത്രന്റെ ഭാഗധേയം. ലോകത്തിന്റെ പാപം വഹിക്കുന്ന കുഞ്ഞാട് (യോഹ. 1 : 36) അഥവ ദൈവത്തിന്റെ കുഞ്ഞാട് എന്നാണ് സ്നാപകൻ തന്റെ ശിഷ്യന്മാർക്ക് ഈശോയെ പരിചയപ്പെടുത്തുന്നത്. മോറിയാമലയിൽ ഇസഹാക്കിനു പകരം ബലികഴിക്കപ്പെട്ട കുഞ്ഞാടാണവൻ (ഉല്പ 22: 2, 13). ഈ കുഞ്ഞാട് ഇസ്രായേൽ ജനങ്ങളുടെ പാപപരിഹാരബലിക്കായി കർത്താവിനായി കുറിവീണ കൊലയ്ക്കുള്ള കുഞ്ഞാടാണ് (ലേവ്യർ 16: 9, 15) അസ്സസ്സേലിന് വേണ്ടി ഉഴിഞ്ഞുവച്ച് മരുഭൂയിൽ ഉപേക്ഷിക്കപ്പെട്ട കുഞ്ഞാടല്ല (ലേവ്യർ 16: 8, 22). കൊലമരത്തിലേയ്ക്ക് കൊണ്ടുപോകപ്പെടുന്ന കുഞ്ഞാടാണ് മനുഷ്യപുത്രൻ. രാജർഷിയായ ദാവീദ് പറയുന്ന കൊല്ലുവാൻ കൊണ്ടുപോകപ്പെടുന്ന കുഞ്ഞാടാണത് (സങ്കീ. 44:22); അടിച്ചവർക്ക് പുറവും താടിമീശപറിച്ചവർക്ക് കവിളുകളും കാണിച്ചുകൊടുത്ത സഹനദാസനാണവൻ (ഏശ. 50: 6); നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി മുറിവേൽപ്പിക്കപ്പെട്ടവനും അകൃത്യങ്ങൾക്കുവേണ്ടി ക്ഷതം ഏൽപ്പിക്കപ്പെട്ടവനായും (ഏശ 53:5), രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിശ്ശബ്ദം നിൽക്കുന്ന ചെമ്മരിയാടായും മഹത്വമുള്ള ഏശയ്യ ദീർഘദർശി വരച്ചുകാട്ടിയ കുഞ്ഞാടാണവൻ (ഏശ .53:7). കൊല്ലപ്പെട്ടവനും എന്നാൽ ശ്രേഷ്ഠന്മാരുടെ നടുവിൽ സജീവനും മഹത്വപൂർണ്ണനുമായി നിൽക്കുന്ന കുഞ്ഞാടാണ് വെളിപാട് ഗ്രന്ഥത്തിൽ യോഹന്നാൻ ശ്ലീഹാ ദർശിക്കുന്ന കുഞ്ഞാട് (വെളി. 5 : 6, 8, 12).

താൻ ജന്മമെടുത്ത ഹെബ്രായ വംശത്തിന്റെയും മതത്തിന്റെയും ഔദ്യോഗിക വക്താക്കളിൽ നിന്ന് മാത്രമല്ല ജനസാമാന്യത്തിൽ നിന്നും തിരസ്ക്കാരം ഏറ്റുവാങ്ങിയവനാണ് മനുഷ്യപുത്രൻ. എല്ലാവരാലും തന്റെ പ്രേഷ്ഠശിഷ്യന്മാരാൽപ്പോലും കൈവെടിയപ്പെട്ടവൻ. യഹൂദ മതകോടതിയായ സെൻഹെദ്രീനാലും, ഗലീലേയൻ എന്ന നിലയിൽ ആ ദേശത്തിന്റെ അധിപതിയായ ഹെറോദേസ് രാജാവിനാലും നിന്ദിതനും അധിക്ഷിപ്തനുമായി (ലൂക്കാ. 23:11). ദേശാധിപതിയായ പീലാത്തോസിന്റെ ന്യായാസനം വധശിക്ഷയ്ക്ക് വിധിച്ച (മത്താ. 27: 2) ലോകപാപം വഹിക്കുന്ന കുഞ്ഞാട് അവനാണ്. എന്തിനേറെ പറയുന്നു, താൻ സ്വന്തമെന്ന് കരുതിയ യഹൂദ ജനത്തിന്റെ 'ജനകീയ വിചാരണ'-യിലും അതേ ശിക്ഷ വിധിക്കപ്പെട്ട് വധിക്കപ്പെട്ട അവരുടെ രാജാവാണവൻ(മത്താ. 27:17, 22, 25). ഈ മനുഷ്യപുത്രൻ ഗൊൽഗോഥായിലേയ്ക്ക് സ്വയം കുരിശ് ചുമന്നുകൊണ്ടുപോയി (യോഹ 19: 17). ഇത് മനുഷ്യപുത്രന്റെ ഭാഗധേയം! എന്നാൽ ഈ മനുഷ്യപുത്രൻ ദൈവപുത്രനായിരുന്നു. മരണത്തിന്

ദൈവപുത്രനെ ഗ്രസിക്കാനായില്ല. അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റവനാണ് (ലൂക്കോ. 9:22).

**മനുഷ്യപുത്രന്റെ അനുയായിയുടെ ഭാഗധേയം:**

താൻ ദൈവപുത്രനാണ് എന്നതിന് അടയാളം ചോദിച്ചവരോട് യേശു പറഞ്ഞു: നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്ന് ദിവസത്തിനകം ഞാൻ അതു പുനഃരുദ്ധരിക്കും (യോഹ. 2:19). അടയാളം ചോദിച്ചവർക്ക് മറ്റൊരു സന്ദർഭത്തിൽ അവൻ സാധനപാഠമായി ഉയർത്തിക്കാട്ടിയത് മത്സ്യത്തിനുള്ളിൽ മൂന്ന് നാൾ അദൃശ്യനായി വസിച്ച യോനാപ്രവാചകനെയാണ് (ലൂക്കാ 11:30; യോനാ 2:10). മൂന്ന് നാളിൽ കൂടുതൽ യോനായെ ഉൾക്കൊള്ളാൻ മത്സ്യത്തിന് ആകുമായിരുന്നില്ല. ഗ്രഹണം ഉണ്ടാകുന്നത് പ്രകൃതി നിയമം ; എങ്കിൽ തന്നെ സൂര്യനെ ഏറെസമയം ഗ്രസിക്കുവാൻ ചന്ദ്രന് ആവില്ലല്ലോ! മനുഷ്യപുത്രന്റെ ഭാഗധേയം കാൽവരി മരണത്തിന്റെയല്ല ഉത്ഥാനത്തിന്റെ പ്രദക്ഷിണ വഴിയാണെങ്കിൽ അവന്റെ അനുയായിയുടെ ഭാഗധേയം സ്വയം പരിത്യാഗത്തിന്റെ നടവഴിയാണ്. അനുദിനം സ്വന്തം കുരിശ് പേറാനുള്ള വിളിയും. തിരസ്ക്കൃതനും സഹനദാസനും വധ്യനും ഉത്ഥിതനുമായ ഗുരുവിനെ അനുഗമിക്കാനുള്ള വിളിയാണത്. തനിക്കുവേണ്ടിയല്ല പ്രത്യുത ഗുരുവിനുവേണ്ടി സ്വന്തജീവൻ നഷ്ടപ്പെടുത്തുവാനുള്ള ഭാഗധേയമാണ്. നഷ്ടപ്പെടുത്തുമ്പോൾ നേടുമെന്നത് സുവിശേഷ പ്രോക്തം. യുവജനങ്ങളുടെ മാതൃകയും മദ്ധ്യസ്ഥനുമായ അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ദർശനവും അനുഭവവും അതിനെ ശരിവയ്ക്കുന്നു. എല്ലാ വിശുദ്ധരും അങ്ങനെതന്നെ.

വിനിമയം ചെയ്യപ്പെടാത്ത ഗോതമ്പുമണി ഫലദായകമാകുന്നില്ല. നിലത്തുവീണ് അഴിയുമ്പോൾ നൂറുമേനി ഫലം പുറപ്പെടുവിക്കും. ഇത് പ്രകൃതി നിയമമാണ്. ക്രിസ്തുശിഷ്യന്റെ ഭാഗധേയവും മറ്റൊന്നല്ല. 'ഓരോ തുള്ളി ചുടുനിണത്തിൽ നിന്നും ഒരായിരം ജീവനുയിരെടുക്കും' എന്നത് കേവലം മുദ്രാവാക്യമല്ല. The Blood of Martyrs become the seed of Christianity- രക്തസാക്ഷികളുടെ രക്തം ക്രിസ്തുസഭയുടെ ബീജം- എന്ന മഹാനായ ഒരിജന്റെ സുപ്രസിദ്ധമായ പ്രസ്താവന ചരിത്രവസ്തുതയാണ്. കൊടിയ മതമർദ്ദനത്തിലൂടെ ക്രിസ്തബ്ദത്തിന്റെ ആദ്യ മൂന്ന് നൂറ്റാണ്ടുകൾ കടന്നുപോയ കത്തോലിക്കാ സഭയുടെ പില്ക്കാല ചരിത്രം അതിന് ഉത്തമോദാഹരണവും. നിത്യജീവൻ നേടാനുള്ള ക്രിസ്ത്വനിയായിയുടെ ജീവിതവഴി എന്നത് ക്രിസ്തുവിനുവേണ്ടി സ്വയം നഷ്ടപ്പെടുത്തുകയാണ് - വിനിമയം ചെയ്യുകയാണ്. അത് അവന്റെ ജീവിതമാണ്. 'സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും; എന്നെപ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അതിനെ രക്ഷിക്കും; ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്നെത്തന്നെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം' (ലൂക്കോ. 9:24-25). 'മുൾക്കിരീടം ചുടിയിരിക്കുന്ന ശിരസ്സിന്റെ കീഴിൽ, ക്ലേശങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്ന ദുർബ്ബല അവയവങ്ങളായിരിക്കുന്നത് ലജ്ജാവഹം 'എന്നാണ് വിശുദ്ധ ബർണാർഡിന്റെ വ്യാഖ്യാനം.

**രണ്ടുതരം നഷ്ടപ്പെടുത്തലുകൾ**

മനുഷ്യ ജീവിതത്തിൽ രണ്ടുതരം നഷ്ടപ്പെടുത്തലുകളുണ്ട്. സ്വയം നഷ്ടപ്പെടുത്തുന്നതും ക്രിസ്തുവിനെപ്രതി (For the sake of Jesus ) നഷ്ടപ്പെടുന്നതും. സ്വയം നഷ്ടപ്പെടുത്തുക എന്നാൽ എന്താണ്? ലക്ഷ്യബോധം ഇല്ലാതെ ജീവിത പാതയിൽ അലസഗമനം നടത്തുക; വിനാശത്തിന്റെ വിസ്തൃതവും വിശാലവുമായ വഴി തിരഞ്ഞെടുക്കുക (മത്താ. 7:13); ഐഹിക ജീവിതത്തിൽ മാത്രം ശ്രദ്ധവയ്ക്കുക; അതിൽ ആണ്ടിറങ്ങുക; നിത്യജീവനെപ്പറ്റിയുള്ള ചിന്ത അന്യമായിരിക്കുക; കുഞ്ഞുണ്ണിമാഷിന്റെ തർജ്ജനി (ചൂണ്ടുവിരൽ) ഉയരുന്നത് നോക്കുക: യേശുവിലാണെൻ വിശ്വാസം, കീശയിലാണെൻ ആശ്വാസം ! ദൈവരാജ്യ ശുശ്രൂഷ അവർക്ക് അന്യമാണ്. ലോകത്തിന് വിടുപണി (ദാസ്യവേല) ചെയ്യുകയാണ് അവരുടെ ജീവിത ശൈലി. വിശ്രമിക്കുക, തിന്നുകുടിച്ചാനന്ദിക്കുക എന്ന് സ്വഗതമായി പറയുന്ന ഭോഷനായ ധനികനെപ്പോലെ (ലൂക്കോ.12:19)-- റോമിലെ എപ്പിക്കൂറിയന്മാരേപ്പോലെ സുഖഭോഗ സൗകര്യങ്ങളിൽ ആവോളം മുങ്ങിമുഴുകി പൂങ്കോഴിയെയും പുംസ്കോകിലത്തെയുംപോലെ കൂകിയും, മയിലിനെപ്പോലെ പീലിവിരിച്ചാടിയും, മത്തഗജത്തെപ്പോലെ ചിന്നംവിളിച്ച് കാടിളക്കിയും, മർക്കടത്തെപ്പോലെ ചാഞ്ചാടിയും, ഭാഗ്യാന്വേഷിയെപ്പോലെ അവസരത്തിനൊത്ത് കാലുമാറിയും കൂറുമാറിയും, തരംപോലെ ഇടംവലം പക്ഷം ചേർന്നും, വ്യാധനെപ്പോലെ വേട്ടയാടിയും, വേട്ടനായെപ്പോലെ ഇരയ്ക്കു പിന്നാലെ കുരച്ചു ചാടിയും, കാമനകൾക്ക് ജീവിതം സ്വയം വിട്ടുകൊടുത്തവർ! ജീവിതം ധൂർത്തടിച്ചും പന്താടി പാഴാക്കിയും, കാലയവനികയ്ക്ക് അപ്പുറം ക്ഷണപ്രഭാചഞ്ചലങ്ങളായി വിസ്മൃതമാകുന്ന ഭൗതികമാത്ര ശൈലിയാണത് ! ഇതല്ലേ വിസ്താരമേറിയ പാതയിലൂടെ സഞ്ചരിക്കുന്ന ബഹുഭൂരിപക്ഷം മനുഷ്യരുടെയും ശൈലിയും ജീവിത ചെയ്തികളും? 'ആകാശത്തോളം ഉയർന്ന കഫർണാമുകൾ' എന്ന വിശേഷണം അവർക്കിണങ്ങും. അവ പാതാളത്തോളം താഴുന്ന കഫർണാമുകളുമാണ് (ലൂക്കോ. 10:15)! മാനസാന്തരമില്ലാത്ത സ്വാർത്ഥമാത്രപ്രേരിത ജന്മങ്ങൾ! അപശകുനങ്ങൾ! ഇത്തരം 'അവതാരങ്ങൾ' ഇക്കാലത്ത് ഏറെയു

ണ്ട്; എല്ലായിടത്തുമുണ്ട്. എന്തിനേറെ സഭാമക്കളിലും അവരിലെ തെരഞ്ഞെടുക്കപ്പെട്ടവരിൽ പ്പോലും! അന്നാളിൽ രണ്ടുപേർ വയലിലായിരിക്കും ; ഒരാൾ സ്വീകൃതനും മറ്റെയാൾ തിരസ്കൃതനും ആകുമെന്നത് വേദപ്രോക്തം (മത്താ. 24: 40). മഹാനായ ലെയോ മാർപ്പാപ്പ (465) ആദിമ ക്രൈസ്തവർക്ക് നൽകുന്ന ഉപദേശം കേട്ടാലും: ' അല്ലയോ ക്രൈസ്തവാ, നിന്റെ മഹത്വം നീ തിരിച്ചറിയുക. നീ ഇപ്പോൾ ദൈവത്തിന്റെ പ്രകൃതിയിൽ പങ്കുചേരുന്നു; പാപംവഴി മുമ്പുണ്ടായിരുന്ന അധമ സ്ഥിതിയിലേയ്ക്ക് നീ തിരിച്ചുപോകരുത്. നിന്റെ ശിരസ്സാരാണെന്നും, ആരുടെ ശരീരത്തിന്റെ അവയവമാണ് നീ എന്നും ഓർക്കുക. അന്ധകാരശക്തിയിൽ നിന്ന് നീ മോചിക്കപ്പെട്ടിരിക്കുന്നു. ദൈവരാജ്യത്തിന്റെ പ്രകാശത്തിലേയ്ക്ക് നീ ആനയിക്കപ്പെട്ടിരിക്കുന്നു'.

**ക്രിസ്തുവിനെപ്രതിയുള്ള നഷ്ടപ്പെടൽ:**

ഇനി ക്രിസ്തുവിനെ പ്രതിയുള്ള നഷ്ടപ്പെടൽ എന്താണെന്ന് നോക്കാം. ജീവിക്കുന്ന ഒരു ദൈവം ഉണ്ടെന്ന് വിശ്വസിക്കുക; മനുഷ്യവർഗ്ഗത്തിന്റെ സമുദ്ധാരകൻ ആകുന്നതിനുവേണ്ടി മനുഷ്യാവതാരം ചെയ്ത യേശുവിന്റെ പിതാവായ ദൈവമാണവനെന്ന ബോദ്ധ്യം സ്വന്തമാക്കുക; യേശുവിന്റെ ദിവ്യപ്രബോധനങ്ങൾ ജീവിത മൂല്യമായി ഉയർത്തിപ്പിടിക്കുക. ദൈവരാജ്യം വന്നുകഴിഞ്ഞു എന്ന് വിശ്വസിക്കുമ്പോൾ തന്നെ അതിനുള്ളിൽ ആയിരിക്കാൻ ശ്രമം തുടരുക. ദൈവരാജ്യം ഭക്ഷണവും പാനിയവും അല്ല; നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള ആനന്ദവുമാണെന്ന ബോദ്ധ്യം ഉൾക്കൊള്ളുക (യോഹ. 7.38); വിശദാംശങ്ങളിൽപോലും ക്രിസ്ത്യാനിയെപ്പോലെ ജീവിക്കുക; ജീവിത സഹനങ്ങൾ ക്രൈസ്തവോചിതമായ ധീരോദാത്തതയോടെ ഏറ്റെടുക്കുക; അനുദിനമുള്ള സ്വന്തം കുരിശുകൾ നെഞ്ചോട് ചേർത്തുപിടിക്കുക; 'കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും ക്രിസ്തേശുനായകൻ കൂട്ടാളിയാണ് ' എന്ന ബോദ്ധ്യം ജീവിത സഹനപാതയിലും കൈവിടാതെ മുറുകെപ്പിടിക്കാൻ ജാഗ്രത പുലർത്തുക. ജീവിക്കുന്നതിനൊപ്പം അന്യജീവനെ ജീവസമൃദ്ധിയിലേയ്ക്ക് നയിക്കാനുള്ള കടമ ബോധപൂർവ്വം ഏറ്റെടുക്കുക. 'ഇന്ത്യ ജീവിക്കുമ്പോൾ ഏത് ഭാരതിയനാണ് മരിക്കുക; ഇന്ത്യ മരിക്കുമ്പോൾ ഏത് ഭാരതീയനാണ് ജീവിക്കുക' ? രാഷ്ട്രശില്പിയായ ജവഹർലാൽ നെഹറുവിന്റെ പ്രസിദ്ധമായ ഈ ഓർമ്മപ്പെടുത്തൽ ഇവിടെ പ്രസക്തമാണ്. അതിനെ ഇങ്ങനെ പരാവർത്തനം ചെയ്യാം: ക്രിസ്തു എന്നിൽ ജീവിക്കുമ്പോൾ എനിക്ക് എങ്ങനെ അധമനാകാൻ കഴിയും? ഞാൻ ക്രിസ്തുവിൽ വസിക്കാത്തപ്പോൾ എനിക്ക് എങ്ങനെ ആത്മികനും വിശുദ്ധനുമാകാൻ കഴിയും? സ്വയം വിസ്മരിച്ച് ജീവിക്കുക; അദ്ധ്വാനത്തിന്റെ ജീവിതം നയിക്കുക; നിഷ്ക്കാമകർമ്മം ചെയ്യുക. കൽക്കട്ടയിലെ മദർ തെരേസയെപ്പോലെ, മൊളോക്കോയിലെ ഫാ. ഡാമിയനെപ്പോലെ, ഫാ. മാക്സിമില്യൺ കോൾബെയെപ്പോലെ, എല്ലാ വിശുദ്ധാത്മാക്കളെയുംപോലെ ക്രിസ്തുവിനെപ്രതി, ക്രിസ്തുവിനുവേണ്ടി, ക്രിസ്തുവിനോടൊപ്പം ദൈവമഹത്വത്തിനായി എല്ലാംചെയ്യുക. നിങ്ങൾ എന്തു തന്നെ ചെയ്താലും അത് ദൈവമഹത്വത്തിനായി ചെയ്യുവിൻ എന്ന അപ്പോസ്തോലന്റെ ആഹ്വാനം, മക്കൾക്ക് ശിക്ഷണം നൽകുന്ന മാതാപിതാക്കൾക്കും വാർദ്ധക്യത്തിലായ മാതാപിതാക്കന്മാരെ സംരക്ഷിക്കുന്ന മക്കൾക്കും കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും വ്യവസായശാലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും പടത്ത് പണിയെടുക്കുന്ന കൃഷീവലന്മാർക്കും തട്ടുകടയിലെ ദോശ ചൂടോടെ കൊടുത്ത് ജീവിതംപോറ്റുന്ന ഏഴകൾക്കും ബാധകമാണ്. വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ ശൈലിയിൽ പറഞ്ഞാൽ ആത്മികസമരത്തിന് തയ്യാറുള്ള ക്രിസ്തുവിന്റെ ധീരപടയാളിയായി ജീവിത പോരാട്ടം തുടരുക. പടക്കോപ്പുകളില്ലാത്ത പടയാളി പടയാളിയല്ല; മറുഞ്ഞാണില്ലാത്ത വില്ലാളി വില്ലാളിയുമല്ല.

അപ്പസ്തോലന്റെ ആഹ്വാനം ശ്രവിക്കാം: 'കർത്താവിലും അവിടുത്തെ ശക്തിയുടെ പ്രാഭവത്തിലും കരുത്തുള്ളവരാകുവിൻ. സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ തിന്മയുടെ ദുരാത്മാക്കൾക്കെതിരായിട്ടാണ് നാം പടവെട്ടുന്നത്. അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. സത്യംകൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് ഉറച്ചു നിൽക്കുവിൻ. സമാധാനത്തിന്റെ സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ. സർവ്വോപരി, ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ. ആത്മാവിൽ പ്രാർത്ഥന നിരതരായിരിക്കുവിൻ; അവിശ്രാന്തം ഉണർന്നിരുന്ന് എല്ലാവിശ്വാസികൾക്കുവേണ്ടിയും പ്രാർത്ഥിക്കുവിൻ (എഫേ.6: 10–18).

**ക്രിസ്തുവിനെപ്രതിയുള്ള നഷ്ടപ്പെടൽ – ജീവനിലേയ്ക്ക് തുറന്ന വാതിൽ:**

ക്രിസ്തുവിനെപ്രതി നഷ്ടപ്പെടുത്തുകയെന്നാൽ ക്രിസ്തുവിനുവേണ്ടി ജീവിക്കുകയെന്നാണർത്ഥം. മരിക്കാൻ വരട്ടെ. ജീവിതത്തിന്

പൗലോസ് നൽകുന്ന ഭാഷ്യം, ഇനിയും ഞാനല്ല പ്രത്യുത ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്നാണ് (ഫിലി. 1:21). അതാണ് ക്രിസ്തീയ ജീവിതം. ക്രിസ്തുവിനെപ്രതി ജീവിക്കാൻ ആരംഭിക്കുമ്പോൾ ജീവിത കുരിശുകൾ കുറയുമെന്ന് കരുതുന്നത് മൗഢ്യമാണ്. ക്രിസ്തുവിന്റെ വാഗ്ദാനം മറിച്ചാണ്. ഒരു പക്ഷേ ക്ലേശങ്ങൾ ഏറുകയും ചെയ്തേക്കാം. പരിശുദ്ധാത്മാവ് ആശ്വാസപ്രദനാണ്. ക്ലേശങ്ങളും സഹനങ്ങളും ജീവിതത്തെ ഉഴുതുമറിക്കുമ്പോഴല്ലേ സമാശ്വാസത്തിന് സ്ഥാനം ഉള്ളത്. എന്നാൽ തന്നെ അനുസരിക്കുന്നവർക്കാണ് ദൈവം പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യുന്നത് (അപ്പ. 5:32). പക്ഷേ ദൈവം അനുവദിക്കുന്ന കുരിശുകൾക്ക് മാധുര്യമുണ്ട്. ക്രിസ്ത്വനുകരണ കർത്താവായ തോമസ് അകെമ്പിസിന്റെ മനോഹര വചസുകൾ ഇങ്ങനെ: 'കുരിശിലാണ് രക്ഷ; കുരിശിലാണ് നിത്യജീവൻ; ശത്രുക്കളിൽ നിന്നുള്ള അഭയവും കുരിശിലത്രേ. സ്വർഗ്ഗീയ മാധുര്യത്തിന്റെ തികവ് കുരിശിലാണ്; കുരിശിലാണ് മനസ്സിന് ധൈര്യം; ദിവ്യാരൂപിയുടെ ആശ്വാസവും ആനന്ദവും കുരിശിൽ മാത്രമാണ്. കുരിശിൽ തന്നെയാണ് പുണ്യത്തിന്റെ പൂർണ്ണത; വിശുദ്ധിയിടെ തികവും കുരിശിൽ തന്നെ ' (ക്രിസ്ത്വനുകരണം 2-ാം പുസ്തകം 12-ാം അദ്ധ്യായം).

പകർന്ന തൈലം പോൽ നിൻ നാമം
പാരിൽ സൗരഭ്യം വീശുന്നതാൽ
പഴി, ദുഷി, നിന്ദ, ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ് മാറ്റിടണേ

എന്നത് ഭക്തഗായകന്റെ അധരങ്ങളിൽ നിന്ന് ഉതിരുന്ന ആശ്വാസഗീതമാണ്. 'ഞങ്ങൾ ക്രിസ്തുവിന്റെ പരിമളമാണ് –We are the aroma of Christ to God" (2 കൊരി2:15). കഷ്ടതയിലുംപാടുന്ന ദിവ്യാനുഭവമാണത്. തടവറയിൽ കീർത്തനം പാടി ദൈവത്തെ സ്തുതിക്കുന്നത് അവാച്യമായ അത്ഭുതമല്ലേ ? (അപ്പ. 16:25). മദ്ധ്യതിരുവിതാംകൂറിൽ സർവ്വാദരണീയനായ സാധുകൊച്ചുകുഞ്ഞ് ഉപദേശി നമുക്ക് അത്ഭുതത്തിന്റെ ഉണർത്തുപാട്ടാണ്; കഷ്ട നഷ്ടങ്ങളിലും ദൈവാശ്രയം കാത്തുസൂക്ഷിക്കുന്നതിന്റെ ഉദാത്ത മാതൃകയാണ്. അങ്ങനെ എത്രയോ പേർ !

ക്രിസ്തുവിനെപ്രതി ജീവിക്കുമ്പോൾ മനുഷ്യജീവിതത്തിൽ പരിത്യാഗത്തിന് സ്ഥാനമുണ്ട്; പട്ടിണി ഉണ്ട്; ഒറ്റപ്പെടലുകൾ ഉണ്ട്. ആപത്തുകളും അനർത്ഥങ്ങളും ഉണ്ടായേക്കാം. ആത്മീക പോരാട്ട വീര്യം കാത്തുസൂക്ഷിച്ച വി. പൗലോസ് ചോദിക്കുന്ന ധീരമായ ചോദ്യം നമുക്ക് പ്രചോദനമാകണം: 'ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ? ദുരിതമോ? പീഡനമോ? പട്ടിണിയോ? നഗ്നതയോ? ആപത്തോ? വാളോ? നിന്നെപ്രതി ഞങ്ങൾ ദിവസം മുഴുവൻ വധിക്കപ്പെടുന്നു. കൊലയ്ക്കുള്ള ആടുകളെപ്പോലെ കരുതപ്പെടുകയും ചെയ്യുന്നു (സങ്കീ. 44.22). നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇവയിലെല്ലാം നാം പൂർണ്ണ വിജയം വരിക്കുന്നു. എന്തെന്നാൽ, മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, അധികാരങ്ങൾക്കോ, ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ, ശക്തികൾക്കോ, ഉയരത്തിനോ ആഴത്തിനോ, മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപെടു

*(ശേഷം 62-ാം പേജിൽ)*





(ലേഖനത്തിൽ പേരുവച്ചിരിക്കുന്ന ആളുകൾ യഥാർത്ഥത്തിൽ ഉള്ളവരല്ല - സാങ്കല്പികമാണ്. ആശയങ്ങൾ വ്യക്തമാക്കുവാൻ അങ്ങനെ ചെയ്തിരിക്കുന്നുവെന്നേയുള്ളൂ.)



ഫാ.മാത്യു പഞ്ഞിക്കാട്ടിൽ

# 'അച്ചോ, ദൈവത്തിന് നേരിട്ടുപാപം മോചിക്കാമല്ലോ;

# പിന്നെ വൈദികരുടെ അടുക്കൽ കുമ്പസാരിക്കണമെന്ന് സഭ പഠിപ്പിക്കുന്നതെന്തിന്?

**മ**ലങ്കര കത്തോലിക്കാപ്പള്ളിയിലെ വികാരിയച്ചൻ നാലു മണിക്കു കാപ്പികുടികഴിഞ്ഞ്, പള്ളിമേടയിൽ വിശ്രമിക്കുന്നു. അപ്പോൾ മുൻപു ഉപദേശിയായിരുന്ന സാംകുട്ടി കയറി വരുന്നു.

**സാംകുട്ടി** - അച്ചോ, ഈശോ മിശിഹായ്ക്കു സ്തുതിയായിരി ക്കട്ടെ.

**അച്ചൻ** - എല്ലായ്പ്പോഴും സ്തുതിയായിരിക്കട്ടെ. സാംകുട്ടി; എന്തൊക്കെയുണ്ടു വിശേഷങ്ങൾ?

**സാംകുട്ടി** - അച്ചൻ പഠിക്കാൻ തന്ന ആ പുസ്തകം - കത്തോലിക്കാ സഭയുടെ മതബോധനം -

Catechism the Catholic Church എനിക്കൊരത്ഭുതമാണ്. സഭയുടെ വിശ്വാസസത്യങ്ങൾ എത്ര ഭംഗിയായിട്ട് അതു വിശദീകരിക്കുന്നു. ആ പുസ്തകം ആഴത്തിൽ ഞാൻ പഠിച്ചുകൊണ്ടിരിക്കുകയാണ്. എത്ര വായിച്ചാലും, പഠിച്ചാലും മതിവരാത്ത പുസ്തകം. ആ പുസ്തകം തന്നതിന് അച്ചന് പ്രത്യേകം നന്ദി. എന്നാൽ ഇപ്പോൾ എനിക്കൊരു പ്രത്യേക സംശയം ഉണ്ടായി.പ്രത്യേകിച്ച്, കുമ്പസാരത്തോടനുബന്ധിച്ചുള്ള വാർത്ത കേട്ടതുകൊണ്ടാണ് ആ സംശയം ഉണ്ടായത്. മുൻപറഞ്ഞ പുസ്തകത്തിൽ പാപമോചനം വരെയുള്ള ഭാഗംവരെ ഞാൻ പഠി ച്ചെത്തിയില്ല. ദൈവം നേരിട്ട് പാപമോചനം നൽ കുന്ന ധാരാളം സംഭവങ്ങൾ ബൈബിളിലുണ്ട്. എന്നാൽ മനുഷ്യർ വഴി പാപമോചനം നൽകുന്ന കാര്യം ബൈബിളിൽ ഉണ്ടെന്ന് എനിക്കു മനസ്സിലായിട്ടില്ല. എന്തുകൊണ്ടാണ് വൈദികനോട് കുമ്പസാരിച്ച് പാപമോചനം നേടുന്നത്. ദൈവം നേരിട്ടു പാപമോചനം നൽകുന്നുണ്ടല്ലോ?

**അച്ചൻ** – ദൈവീക കാര്യങ്ങളെക്കുറിച്ചും, രക്ഷയുടെ കാര്യങ്ങളെക്കുറിച്ചും ദൈവം എന്തു വെളിപ്പെടുത്തിയെന്ന് മനസ്സിലാക്കേണ്ടതാണ്. ദൈവത്തിന്റെ വെളിപാട് നാം മനസ്സിലാക്കുന്നത് വി.ബൈബിളിൽ നിന്നും, സഭയുടെ സജീവപാരമ്പര്യത്തിൽ നിന്നുമാണ്. ദൈവത്തിന് പാപമോചനാധികാരം ഉണ്ടെന്നും, അവിടുന്നു പാപമോചനം നൽകിയിട്ടുണ്ടെന്നും നമുക്കറിയാം. അവിടുന്ന് വ്യക്തമായി പ്രവർത്തിക്കുന്ന അവസരത്തിലും നമ്മുടെ കർത്താവിന്റെ ഇഹലോകജീവിതത്തിലും ഇതു സംഭവിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ദൈവം അദൃശ്യമായി പ്രവർത്തിക്കുന്ന അവസരത്തിൽ, പാപമോചനം നൽകുന്നതിലേക്ക് അവിടുന്നു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോയെന്ന് അന്വേഷിക്കണം.

**സാംകുട്ടി** –അങ്ങനെ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

**അച്ചൻ** – വി. മത്തായിയുടെ സുവിശേഷം 16–ാം അദ്ധ്യായത്തിൽ നമ്മുടെ കർത്താവ് സഭയിലെ അധികാരം നൽകുന്ന അവസരത്തിൽ അരുളിച്ചെയ്യുന്നു–''ഞാൻ നിന്നോടു പറയുന്നു നീ പത്രോസാണ്. ഈ പാറമേൽ ഞാൻ എന്റെ സഭ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (മത്താ. 16:18–19).

**സാംകുട്ടി** –ഈ വാക്യങ്ങളുടെ അർത്ഥം എന്താണ്?

**അച്ചൻ** –പത്രോസ്, സഭയുടെ അടിസ്ഥാനം–തലവൻ– എന്ന നിലയിൽ പത്രോസിന് സഭയിൽ അധികാരം നൽകുന്നു. താക്കോലുകൾ, കെട്ടുക, അഴിക്കുക തുടങ്ങിയ പ്രതികരണങ്ങളിൽ നിന്നും അധികാരത്തെ സൂചിപ്പിക്കുന്നതായി കാണാം. ഈ അധികാരത്തിൽ പാപമോചനവും ഉൾപ്പെട്ടിട്ടുണ്ട്. കാരണം സഭയിലെ അധികാരം പ്രധാനമായും പാപികളെ രക്ഷക്കുവാനാണ്. പത്രോസ്, സഭയുടെ തലവനായ കാലത്തു മാത്രമല്ല, അദ്ദേഹത്തിന്റെ പിൻഗാമികൾക്കും ലോകാവസാനം വരെ ഈ അധികാരം ഉണ്ടായിരിക്കണം. എങ്കിൽ മാത്രമെ യേശുക്രിസ്തു എല്ലാവരുടെയും രക്ഷകനായിരിക്കുവാൻ സാധിക്കുകയുള്ളൂ.

**സാംകുട്ടി** – അച്ചോ, പക്ഷേ, പത്രോസ് കർത്താവിന്റെ പീഡാനുഭവസമയത്ത് കർത്താവിനെ ഉപേക്ഷിച്ച് പറഞ്ഞു കഠിനപാപം ചെയ്തില്ലേ. അപ്പോൾ പിന്നെ ഈ അധികാരം നിലനില്ക്കുമോ?

**അച്ചൻ** – പത്രോസ്, കർത്താവിനെ ഉപേക്ഷിച്ച് പാപം ചെയ്തുവെന്നത് ശരിയാണ്. എന്നാൽ കർത്താവിന്റെ വാഗ്ദാനങ്ങൾക്കു മാറ്റമൊന്നും ഉണ്ടാവില്ല. കർത്താവ് എല്ലാം അറിയുന്ന ദൈവവുമാണല്ലോ. പത്രോസ് അനുതപിച്ച് കർത്താവിങ്കലേക്ക് പിന്തിരിഞ്ഞുവല്ലോ. കൂടാതെ നമ്മുടെ കർത്താവ് ഉയിർപ്പിനുശേഷം തിബേരിയസ് കടൽത്തീരത്തു വച്ച് ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ പത്രോസിന് തന്റെ ആടുകളുടെ അജപാലനാധികാരം നൽകിയല്ലോ (യോഹ. 21:15–19). പെന്തക്കോസ്തി ദിവസം പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം വി. പത്രോസാണല്ലോ ജനങ്ങളോട് പ്രസംഗിച്ചത്. വി. പത്രോസിന് തന്റെ ചുമതലകളെപ്പറ്റിയും അധികാരത്തെപ്പറ്റിയും ബോധ്യം ഉണ്ടായിരുന്നുവെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു (അപ്പ. പ്രവ. 2:14–47).

**സാംകുട്ടി** –വി. പത്രോസിന് സഭയിൽ അജപാലനാധികാരവും പാപമോചാധികാരവും ഉണ്ടെന്നു വ്യക്തമായി. എന്നാൽ വി. പത്രോസും പിൻഗാമികളും (മാർപാപ്പാമാർ) ലോകത്തെല്ലായിടത്തും ഇല്ലല്ലോ? ലോകമെല്ലായിടത്തും പാപികൾക്കു പാപമോചനം ലഭിക്കുന്നതെങ്ങനെയാണ്.

**അച്ചൻ** – വി. മത്തായിയുടെ സുവിശേഷം 18–ാം അദ്ധ്യായം 18 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ പത്രോസുൾപ്പെടെയുള്ള അപ്പസ്തോലന്മാർക്ക് കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം നൽകുന്നതായി കാണുന്നു. കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം സഭയിലെ ഭരണാധികാരവും പാപമോചനാധികാരവും ആണെന്ന് കാണാം.

**സാംകുട്ടി** – ശരി, പാപമോചനാധികാരം പത്രോസിനും മറ്റു ശിഷ്യന്മാർക്കും അവരുടെ പിൻഗാമി

കൾക്കും ഉണ്ടെന്ന് മനസ്സിലായി.
**അച്ചൻ** – ഇതുകൂടാതെ നമ്മുടെ കർത്താവ് ഉയിർപ്പിനുശേഷം പത്രോസ് ഉൾപ്പെടെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളി ചെയ്തു ''പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ, നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും (യോഹ. 20:19–23).
**സാംകുട്ടി** – ശരി, ഈ കാര്യം വ്യക്തമായി.
**അച്ചൻ** – അങ്ങനെ പാപമോചനാധികാരം നമ്മുടെ കർത്താവ് പത്രോസിനും അദ്ദേഹത്തോടുകൂടിയുള്ള ശിഷ്യന്മാർക്കുമാണ് നൽകിയിരിക്കു ന്നത്. ഈ അധികാരം ലോകാവസാനം വരെ നിലനിൽക്കേണ്ടതാണല്ലോ. പത്രോ സിന്റെ പിൻഗാമിയാണ് റോമിലെ മാർപാപ്പാ. അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ. അതിനാൽ ഇന്ന് സഭയിൽ അധി കാരം നിലനില്ക്കുന്നത് മാർപാപ്പായിലൂടെയും അദ്ദേഹത്തോട് ചേർന്നുനില്ക്കുന്ന മെത്രാന്മാരിലൂടെയുമാണ്.
**സാംകുട്ടി** – ശരി–അപ്പോൾ അച്ചന്മാർക്ക് ഈ അധികാരം എങ്ങനെ ലഭിച്ചു?
**അച്ചൻ** – വൈദികർ, മെത്രാന്മാരുടെ സഹായികളാണ്. അവരുടെ അജപാലന ശുശ്രൂഷയിലെ സഹായികൾ എന്ന നിലയിൽ വൈദിക പട്ടം സ്വീകരിക്കുമ്പോൾ അവരും ഈ അധികാരത്തിൽ പങ്കാളികളാകുന്നു.
**സാംകുട്ടി** – അച്ചോ, അപ്പോൾ പാപമോചനം പ്രാപിക്കുവാൻ ആർക്കൊക്കെ സാധിക്കും. പാപമോചനം പ്രാപിക്കുവാൻ എന്തുചെ യ്യണം.
**അച്ചൻ** – കർത്താവിന്റെ സഭയായ കത്തോലിക്കാ സഭയിലുള്ളവർക്കെല്ലാം പാപമോചനം ലഭിക്കുവാൻ സാധ്യതയുണ്ട്. പാപങ്ങളെപ്പറ്റി അനുതപിച്ച് അധികാരമുള്ള പട്ടക്കാരന്റെ അടുത്ത് പാപങ്ങൾ ഏറ്റുപറയണം. അപ്പോൾ പട്ടക്കാരൻ പാപമോചനം നൽകും.
**സാംകുട്ടി** – കത്തോലിക്കാസഭയിൽ പാപമോചനം നൽകാൻ അധികാരമുണ്ടെന്ന് മനസ്സിലായി. എന്നാലും ദൈവത്തിന് നേരിട്ട് പാപമോചനം നല്കാമല്ലോ?
**അച്ചൻ** –ദൈവം ഒരു കാര്യം ക്രമീകരിച്ചാൽ അതു സ്വീകരിക്കയല്ലാതെ നമ്മുടെ രീതിയിൽ ലക്ഷ്യം നേടാൻ സാധിക്കുമോ? അതുകൊണ്ടുകൂടിയാണ് സഭ സുവിശേഷ പ്രവർത്തനം നടത്തുന്നതും എല്ലാവരും സഭയുടെ ഐക്യത്തിലേക്കു വരാൻ ആഹ്വാനം ചെയ്യുന്നതും.
**സാംകുട്ടി** – കാര്യങ്ങൾ എനിക്കു വ്യക്തമായി എങ്കിലും ചില സംശയങ്ങൾ ഉണ്ട്.
**അച്ചൻ** – കുമ്പസാരത്തെപ്പറ്റി നമ്മൾ പറഞ്ഞ കാര്യങ്ങൾ ചില പ്രത്യേക പോയിന്റുകൾ മാത്രമാണ്. വിശദമായി കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥത്തിൽ നിന്ന് ഗ്രഹിക്കാം.
**സാംകുട്ടി** – ശരി അച്ചോ, എങ്കിലും ഒരു സംശയം കൂടി ചോദിച്ചോട്ടേ – കുമ്പസാരം കേൾക്കുന്ന പട്ടക്കാരൻ ഒരു മനുഷ്യനാണല്ലോ. കുമ്പസാരത്തിൽ കേട്ട രഹസ്യങ്ങൾ അദ്ദേഹം മറ്റുള്ളവരോടോ അത്യാവശ്യം വന്നാൽ കോടതികളിലോ വെളിപ്പെടുത്തുവാൻ സാധ്യതയില്ലേ?
**അച്ചൻ** – ദൈവം ഒരു കാര്യം ക്രമീകരിച്ചാൽ അതിൽ കുഴപ്പങ്ങൾ വരാതിരിക്കുവാൻ വേണ്ടതു ചെയ്യും. പട്ടക്കാരനിൽ പാപികളുമുണ്ട്. വിശ്വാസം ഉപേക്ഷിച്ചവർ ഉണ്ട്. എന്നാൽ അവർ കുമ്പസാരത്തിൽ കേട്ട പാപം വെളിപ്പെടുത്തിയതായി കേട്ടിട്ടുണ്ടോ?
**സാംകുട്ടി** – ഇല്ല.
**അച്ചൻ** – അതാണ് ദൈവനിശ്ചയങ്ങളുടെ രീതി. കുമ്പസാരരഹസ്യം വെളിപ്പെടുത്താത്തതിന്റെ പേരിൽ പല പട്ടക്കാരും കൊല്ലപ്പെട്ടിട്ടുണ്ട്. കുമ്പസാരരഹസ്യം പരസ്യപ്പെടുത്തുവാൻ ദൈവം ഇടവരുത്തുകയില്ല.
**സാംകുട്ടി** – അത്ഭുതം തന്നെ.
**അച്ചൻ** – കൂടാതെ ദൈവപരിപാലനയിൽ സഭയുടെ കാനോൻ നിയമത്തിൽ കുമ്പസാരരഹസ്യം ഏതെങ്കിലും വിധത്തിൽ വെളിപ്പെടുത്തുകയോ കുമ്പസാരസാഹചര്യത്തിൽ പാപത്തിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന പട്ടക്കാർക്ക് കഠിനമായ ശിക്ഷയും നിശ്ചയിച്ചി ട്ടുണ്ട്.
**സാംകുട്ടി** – ബഹു. അച്ചാ, അതൊന്ന് വ്യക്തമാക്കാമോ?
**അച്ചൻ** – ''കുമ്പസാരിപ്പിക്കുന്ന പട്ടക്കാരൻ കുമ്പസാരത്തിൽ കേട്ടകാര്യം വെളിപ്പെടുത്തിയാൽ Major Excommunication (ഏറ്റം വലിയ സഭാപരമായ ശിക്ഷ സഭയിൽ നിന്ന് പുറത്താക്കൽ) ശിക്ഷ അനുഭവിക്കണം (C.C.E.O. No. 1456:1).

ഒരുപുരോഹിതൻ കുമ്പസാരത്തോട നുബന്ധിച്ച് ഒരു അനുതാപിയെ അശുദ്ധമായ പാപത്തിന് ഏതെങ്കിലും വിധത്തിൽ പ്രേരിപ്പിച്ചാൽ ആ പുരോഹിതന് ന്യായമായ ശിക്ഷ (Major Excommunication ഉൾപ്പെടെ) നൽകാവുന്നതാണ് (C.C.E.O.1458).
**സാംകുട്ടി** – ബഹു. അച്ചൻ ഇത്രയും കാര്യ ങ്ങൾ പറഞ്ഞു തന്നതിന് വളരെ നന്ദി. കത്തോലിക്കാ സഭയുടെ മതബോധനം തുടർന്നും ആഴമായി പഠിക്കുവാൻ ശ്രദ്ധിക്കുന്നതാണ്.
**അച്ചൻ** – സാംകുട്ടി വളരെ നന്ദി. ദൈവം അനുഗ്രഹിക്കട്ടെ

*(ശേഷം 64–ാം പേജിൽ)*



# വി. കുമ്പസാരം എനിക്ക് നല്കിയ ദൈവാനുഭവം



ഡോ. ആഷ ജോർജ്ജ്
തൈക്കടവിൽ

**ഞാ**ൻ ആഷ. വെറും ആഷയല്ല ഒരു എം.ബി.ബി.എസ്. ഡോക്ടറാണ്. ഈ അഹം എന്നെ ഞാനല്ലാതെ മാറ്റിയിരിക്കുന്നുവോ എന്ന് സംശയിക്കത്തക്കരീതിയിൽ വിലസിവാഴുന്ന സമയം. എം.ബി.ബി.എസ്. അവസാനവർഷ പരീക്ഷ പാസായി ഡിഗ്രി കൈയിൽ കിട്ടുന്നതിന് മുമ്പുള്ള ഇന്റേൺഷിപ്പ് അഥവാ ഹൗസ് സർജൻസി കാലം. ഓർത്തോ വാർഡിൽ പോസ്റ്റിംഗുള്ള മാസം.

സാഹചര്യങ്ങളോടെല്ലാം പെട്ടെന്ന് തന്നെ ഞാൻ പൊരുത്തപ്പെട്ടു. ദിവസേന രാവിലെയുള്ള wound dressing; അതുവഴി സഹിക്കേണ്ടിവരുന്ന അസഹനീയമായ ദുർഗന്ധം......

ഹൊ കഷ്ടമാണ്.....

എങ്കിലും രോഗികളെ ശുശ്രൂഷിക്കുമ്പോൾ, ഞാൻ യേശുവിനെയാണ് ശുശ്രൂഷിക്കുന്നത് എന്ന ഒരു ഉൾബോധം എന്നും ഉണ്ടായിരുന്നു....

എങ്കിലും എന്തൊ ഒരു കുറവ്...എന്നിലും ഞാൻ ശുശ്രൂഷിക്കുന്ന എന്റെ രോഗികളിലും അത്രസന്തോഷം പോരാത്ത പോലെ.... എന്തൊ ഒരു സംതൃപ്തി കുറവ്.

ഒരു ദിവസം ആശുപത്രിയിൽ ജോലിയെല്ലാം നേരത്തെ തീർത്ത് ഹോസ്റ്റലിലേയ്ക്ക് ഇറങ്ങിയതാണ്. പക്ഷേ ആരാധന ചാപ്പലിൽ എത്തിയാണ് ഞാൻ എന്റെ ഓട്ടം നിർത്തിയത്.

ദിവ്യകാരുണ്യ യേശുവിന്റെ മുമ്പിൽ കഠിനഹൃദയവുമായി വന്ന് ഞാൻ മുട്ടുകുത്തി കുമ്പിട്ടു പോയി.......

എന്റെ വ്യക്തിപരമായ കുറ്റങ്ങളെകുറിച്ച് ഓർത്തപ്പോൾ എനിക്ക് ഇങ്ങനെ ഒരു ഉൾക്കാഴ്ച ലഭിച്ചു..

'ദിവസവും നീ ശുചിയാക്കാറുള്ള... വികൃതമായ... പഴുപ്പും രക്തവും ഒലിക്കുന്ന....പുഴു നുളയ്ക്കുന്ന മുറിവുകളെക്കാൾ ശോചനീയമാണ് നിന്റെ ആത്മാവിന്റെ അവസ്ഥ.''

എവിടെ നിന്നോ ഒരു സ്വരം ''നീ ഏറ്റവും വലിയ പാപിയാണ്'' കുറ്റബോധം ഇരച്ച് കയറുന്നതുപോലെ....

ഹോ! എനിക്ക് ഇനി രക്ഷയില്ല.....

എന്നാൽ ദൈവാനുഗ്രഹം എന്ന് പറയട്ടെ... പരിശുദ്ധാത്മാവ് ഇടപെട്ട് സഹായിച്ചു. എന്നോടു പറഞ്ഞു ''എങ്കിൽ മോളെ നീ തന്നെ യേശുവിന്റെ കാരുണ്യത്തിന് ഏറ്റവും വലിയ അവകാശി''.

സ്വയം നന്നാകലിനുള്ള ഒരു ആഗ്രഹം....

ഒരു മാറ്റത്തിനായുള്ള ഒരു ദാഹം.....

ഇവ എന്നെ ഉത്തമ മനസ്താപത്തിലേയ്ക്ക് നയിച്ചു. അതേ, ഇനി ആഷ ഒരിക്കലും നിരാശയായി തുടരാൻ പാടില്ല. അത് എന്നെ മാത്രമല്ല, എന്റെ ചുറ്റിനുമുള്ളവരെ നശിപ്പിക്കും.....

യെസ് എനിക്ക് കുമ്പസാരിക്കണം... പാപമോചനം നേടണം. യേശുവിന്റെ സ്നേഹം വീണ്ടും അനുഭവിക്കണം....

ഉടൻതന്നെ സ്പിരിച്വൽ ഫാദറിനെ (പള്ളിമേടയിൽ) കണ്ട് സംസാരിച്ചു. അച്ചൻ ഏറെ സന്തോഷത്തോടെ കുമ്പസാരക്കൂട്ടിൽ ഇരുന്നു. ഞാൻ മെല്ലെ മുട്ടുകുത്തി, ശരിക്കും ക്രൂശിതനായ എന്റെ യേശു എന്നെ ശ്രവിക്കുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. എല്ലാം അറിയുന്ന അവിടുത്തെ മുമ്പിൽ ഞാൻ കണ്ണുനീർ ഒഴുക്കി.. ഒരു പാപം പോലും മറച്ചുവയ്ക്കാതെ, പൂർണമനസ്താപത്തോടെ ഞാൻ കുമ്പസാരിച്ചു......

പ്രാർത്ഥിച്ച്, കുമ്പസാരത്തിൽ അച്ചൻ നിർദേശിച്ച പ്രായശ്ചിത്തവും ചെയ്ത് പാപത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി ശാരീരിക മാനസിക ഉണർവോടെ, എന്റെ ജീവിത ഗ്രന്ഥത്തിൽ പുതിയ ഒരു താളുകൂടി കൂട്ടിച്ചേർക്കപ്പെട്ടു എന്ന അതിയായ സ്വർഗീയ ആനന്ദത്തോടെ യേശുവിൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ എഴുന്നേറ്റു....

എന്റെ സന്തോഷം ഞാൻ ഇടപെടുന്ന ഓരോ വ്യക്തിയിലും പകരുന്നതുപോലെ എനിക്കനുഭവപ്പെട്ടു...പിന്നീട് അങ്ങോട്ട് കഴിയുന്നതുപോലെ എല്ലാ ആഴ്ചയിലും കുമ്പസാരിച്ച് വിശുദ്ധയായി ജീവിക്കാൻ ഞാൻ പരിശ്രമിക്കുന്നു... വി. കുമ്പസാരം എന്ന കൂദാശ സ്ഥാപിച്ച് പരിശുദ്ധ സഭയിലൂടെ എന്നെ വീണ്ടെടുക്കുന്നവനായ എന്റെ പ്രാണപ്രിയനായ യേശുവിന് ഒരായിരം നന്ദി.......

എന്ന് .....

യേശുവിന്റെ സ്വന്തം ആഷ



ഫാ. ചെറിയാൻ താഴമൺ

‘...ദാവീദിനെ ശപിക്കുക എന്ന് കർത്താവ് കല്പിച്ചിട്ടാണ് അവനതു ചെയ്യുന്നതെങ്കിൽ അരുതെന്നു പറയുവാൻ ആർക്കുകഴിയും? ‘ദാവീദുരാജാവിന്റെ പിന്നാലെ കൊലപാതകീ നീചാ എന്നൊക്കെ ശാപവാക്കുകൾ ചൊരിഞ്ഞുകൊണ്ട് ഷിമെയി ചെന്നപ്പോൾ ദാവീദിന്റെ അനുചാരന്മാർ അവന്റെ തലവെട്ടാൻ യജമാനന്റെ അനുവാദം തേടി. അപ്പോൾ ദാവീദ് രാജാവ് പറഞ്ഞ ഉത്തരത്തിന്റെ ഒരു ഭാഗമാണ് മേലുദ്ധരിച്ചത്. ദാവീദ് തുടർന്നു പറയുന്നു: ‘അവനെ വെറുതെ വിട്ടേക്കു, അവൻ ശപിക്കട്ടെ. കർത്താവ് കല്പിച്ചതുകൊണ്ടത്രെ അവൻ ശപിക്കുന്നത്. കർത്താവ് എന്റെ കഷ്ടതകണ്ട് അവന്റെ ശാപത്തിനു പകരം എന്നെ അനുഗ്രഹിച്ചേക്കും’. കേരളത്തിലെ മാദ്ധ്യമങ്ങളും ചില സ്ഥാപിത താല്പര്യക്കാരും കുറെ നാളുകളായി കേരളത്തിലെ ക്രിസ്തീയ സമൂഹങ്ങളുടെ പ്രത്യേകിച്ച് കത്തോലിക്കാ സഭയുടെ പിന്നാലെ നടന്ന് ശാപവാക്കുകൾ ചൊരിയുകയാണ്. പുരോഹിതരെയും സമർപ്പിതരെയും പരിശുദ്ധ കുദാശകളെപ്പോലും അവർ അവഹേളിക്കുകയാണ്. ഇത്രയെല്ലാമായിട്ടും സഭാ

# കർത്താവ് കല്പിച്ചിട്ടെങ്കിൽ അരുതെന്നു പറയുവാൻ ആർക്കു കഴിയും



നേതൃത്വം മൗനം പാലിക്കുന്തെന്തേ എന്നാണ് പലരുടെയും പരാതി. പണ്ടേ ദാവീദ് പ്രതികരണമറിയിച്ചിട്ടുണ്ട്, സഭയ്ക്ക് പറയാനുള്ളതതാണ്. കർത്താവ് കല്പിച്ചിട്ടാണ് അവനതുചെയ്യുന്നതെങ്കിൽ അരുതെന്നു പറയുവാൻ ആർക്കു കഴിയും?.....കർത്താവ് എന്റെ കഷ്ടതകണ്ട് അവന്റെ ശാപത്തിനു പകരം എന്നെ അനുഗ്രഹിച്ചേക്കും'.

മാധ്യമ മേഖലയെക്കുറിച്ച് ഒരു വിലയിരുത്തൽ: ജനാധിപത്യത്തിന്റെ കവലാളും നാലാംതുണും ആയിരിക്കുന്ന-ആയിരിക്കേണ്ട മാധ്യമങ്ങൾ, പൊതുനന്മ ലാക്കാക്കി തെറ്റുകൾ ചൂണ്ടിക്കാട്ടാനും അനീതിക്കെതിരെ ശബ്ദമുയർത്താനും കടപ്പെട്ടമാധ്യമങ്ങൾ, ദാരിദ്ര്യം പട്ടിണിമരണം, കുടിവെള്ള ക്ഷാമം, പരിസ്ഥിതിമലിനീകരണം, ആഗോളതാപനം, തൊഴിലില്ലായ്മ തുടങ്ങിയ മനുഷ്യന്റെ അടിസ്ഥാനപ്രശനങ്ങളെ അധികാര കേന്ദ്രങ്ങളിൽ അവതരിപ്പിച്ച് പരിഹാരം കണ്ടെത്താൻ സഹായിക്കേണ്ട മാധ്യമങ്ങൾ, സാമൂഹിക വിപത്തുകൾക്കെതിരെ പോരാടേണ്ട മാധ്യമങ്ങൾ, രാഷ്ട്രനിർമ്മിതിക്കും, സമൂഹനിർമ്മിതിക്കും, കുടുംബബന്ധശാക്തീകരണത്തിനും, വ്യക്തിസ്വതന്ത്ര്യ സംരക്ഷണത്തിനും വേണ്ടി നിലകൊള്ളേണ്ട മാധ്യമങ്ങളുടെ നിലപാടുകളും ചെയ്തികളും കണ്ടിട്ടുള്ള ഹൃദയവേദനയാണ് ഈ കുറിപ്പിന് പ്രേരകം.

**നാലാം തൂണിന്റെ ദൗത്യം**

തെറ്റുകൾ കണ്ടെത്തപ്പെടണം കുറ്റക്കാർ ശിക്ഷിക്കപ്പെടണം, ന്യായം പുലരണം, നീതി നിർവ്വഹിക്കപ്പെടണം, നിയമം പാലിക്കപ്പെടണം നിയമനിഷേധം തടയപ്പെടണം, വ്യക്തിയുടെ അന്തസ്സും മാന്യതയും, സമത്വവും സ്വാതന്ത്ര്യവും പരിരക്ഷിക്കപ്പെടണം, നന്മകൾ പരിപോഷിപ്പിക്കപ്പെടണം, തിന്മകൾ വേരറുക്കപ്പെടണം, നാട്ടിൽ നിയമവ്യവസ്ഥിതി പുലരണം, ജനാധിപത്യം നിലനില്ക്കണം, വ്യക്തികളുടെയും സമൂഹങ്ങളുടെയും ഭരണീയരുടെയും ഭരണാധികാരികളുടെയും ചെയ്തികൾ ഭരണഘടനാനുസൃതമായിരിക്കണം. നിയമനിർമ്മാണ വിഭാഗത്തിന്റെയും ഭരണ നിർവ്വഹണ വിഭാഗത്തിന്റെയും ഉത്തരവദത്തമാണിത്. ഇവിടെയാണ് ജനാധിപത്യത്തിന്റെ കാവലാളായി മാദ്ധ്യമം കടന്നുവരുന്നത്, വരേണ്ടത്. കവലാൾ 'കാലന്റെ' റോളിലേക്ക് ചുവടുമാറന്ന കലികാല വിശേഷങ്ങളാണ് മാദ്ധ്യമങ്ങളിൽ നാമിന്ന് കേൾക്കുന്നതും കാണുന്നതും. സൂര്യശോഭയെ കൂരിരുട്ടാക്കിയും രാവിനെ പകൽ വെളിച്ചമാക്കിയും പൊതുസമൂഹത്തിന്റെ കണ്ണും കാതും മൂടിക്കെട്ടി മാദ്ധ്യമവേട്ടക്കാർ സൃഷ്ടിക്കുന്ന വ്യാജവാർത്തകളുടെ തിരയിളക്കത്തിലൂടെ സമൂഹത്തിൽ സുനാമി സൃഷ്ടിക്കാൽ ഒരുമ്പെടുന്നത് കാണാതെ പോകരുത് ആരും. വിഷം തുപ്പുന്ന മാദ്ധ്യമങ്ങളുടെ നാവടക്കാൻ പറ്റാത്ത വിധം നിസ്സഹായരായിരിക്കുന്നു സമൂഹം.

**എന്തുകൊണ്ട് സഭയ്ക്കെതിരെ മാധ്യമ അജണ്ട ?**

ഇരുപതുനൂറ്റാണ്ടായി മനുഷ്യവർഗ്ഗത്തിന് നന്മ മാത്രം ചെയ്യുന്ന സഭയെ അവഹേളിച്ച് ഒതുക്കുക അജണ്ടയാക്കിയാണ് ആധുനിക അന്താരാഷ്ട്ര മാദ്ധ്യമങ്ങൾപ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ലാഭത്തിൽ മാത്രം കണ്ണും നട്ടിരിക്കുന്ന കോർപ്പറേറ്റ് ഭീമന്മാർക്കും അരാജകത്വത്തിലൂടെയും ആധാർമ്മികതയിലുടെയും അധികാരം കയ്യാളാൻ കാത്തിരിക്കുന്നവർക്കും സാഹോദര്യവും സഹാനുഭൂതിയും പങ്കുവയ്ക്കലും ധാർമ്മികതയും, ദരിദ്രരെക്കുറിച്ചുള്ള കരുതലുമൊക്കെ പറയുന്നു സാർവ്വത്രികമായി അനുയായികളും സ്വാധീനവുമുള്ള സഭയുടെ നിലനില്പാണ് അവരുടെ ലക്ഷ്യപ്രാപ്തിക്ക് വിഘ്നാതമായിരിക്കുന്നത്. അതിനാൽ സഭയെ ബലഹീനമാക്കുകയും തകർക്കുകയും അവരുടെ ആവശ്യമാണ് . അതിനവർ കണ്ടെത്തിയിരിക്കുന്ന മാർഗ്ഗം സഭയിലെ ശുശ്രൂഷകരെ അക്രമിക്കുക, അവരെ അധർമ്മികളും, തെറ്റുകാരും കുറ്റക്കാരുമായി മാദ്ധ്യമങ്ങളിലൂടെ ചിത്രീകരിച്ച് ജനഹൃദയങ്ങളിൽ അവരെക്കുറിച്ചും സഭയെക്കുറിച്ചും അവജ്ഞയും അവിശ്വാസവും ഉളവാക്കി വിശ്വാസികളെ സഭയിൽ നിന്ന കറ്റുക. മാദ്ധ്യമങ്ങൾ ഭാരതത്തിലും കേരളത്തിലും ഇതേ തന്ത്രം തന്നെയാണ് പയറ്റുന്നത്. പ്രധാനമദ്ധ്യമങ്ങളെല്ലാം ലാഭക്കൊതിയന്മാരായ കോർപ്പറേറ്റ് ഭീമന്മാരുടെയും സഭാവിരേധികളും നിരീശ്വരരും വർഗ്ഗീയ വാദികളുമായ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ഉടമസ്ഥതയിലും കൈപ്പിടിയിലുമായതിനാൽ അവർക്കവരുടെ ലക്ഷ്യം സാധിക്കുക എളുപ്പമാണ്. 'ഇടയനെ അടിച്ചാൽ ആടുകൾ ചിതറിക്കൊള്ളും' എന്ന സാമാന്യതത്വമാണ് അവർ പയറ്റുന്നത്. പരിശുദ്ധ മാർപ്പാപ്പാ മുതൽ ഇങ്ങ് താഴേ അറ്റം വരെ സഭാ ശുശ്രൂഷകരുടെമേൽ എന്തുമാത്രം വ്യാജ ആരോപണങ്ങളും, വ്യാജ വാർത്തകളുമാണ് മാദ്ധ്യമങ്ങൾ പടച്ചുവിടുന്നത്. സഭാവിരോധികളെയും നാമമാത്ര ക്രിസ്ത്യാനികളെയും അസംതൃപ്തരായ സഭാശുശ്രൂഷകരെയും അതിനവർ കരുക്കളായി ഉപയോഗിക്കുകയും ചെയ്യും. തിരുസഭ നിരന്തരം അവഹേളിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. പരിശുദ്ധമായ കൂദാശകളും തിരുക്കർമ്മങ്ങളും ആചാരാനുഷ്ഠാനങ്ങളും, സമർപ്പണ ജീവിതവും പൗരോഹിത്യവുമൊക്കെ പരിഹസിക്കപ്പെടുന്നു. ഇതിന്റെ എല്ലാം പിന്നിലുള്ള മാദ്ധ്യമ അജണ്ട വിശ്വാസികൾ തിരിച്ചറിയാതെ പോകരുത്.

**ലക്ഷ്യം കുറ്റവും കുറ്റക്കാരുമല്ല സഭതന്നെ.**

കുറെനാൾമുമ്പ് കൊട്ടിയൂരിൽ ഒരു വൈദികനെതിരെ ഒരു പീഡന പരാതി ഉണ്ടായി. വൈദികൻ കുറ്റക്കാരനോ എന്നതായിരുന്നില്ല മാദ്ധ്യമങ്ങളുടെ ചർച്ചയും താല്പര്യവും. അവരുടെ ചർച്ച വൈദികബ്രഹ്മചാര്യം മാറ്റണം. അതായിരുന്നു മാദ്ധ്യമങ്ങളുടെ ആവശ്യം. അടുത്തനാളിൽ

മദ്ധ്യതിരുവിതാംകൂറിൽ ഏതാനും വൈദികർക്കെതിരെ ഒരു പീഡനപരാതി ഒരു സ്ത്രീയുടെ ഭർത്താവുന്നയിച്ചു. അവിടെ കുറ്റാരോപിതാരായ വൈദികർ വിവാഹിതരായിരുന്നു. അപ്പോൾ മാദ്ധ്യമങ്ങളുടെ താല്പര്യം സഭയിലെ കുമ്പസാരം എന്ന കൂദാശയെക്കുറിച്ചായി. കുമ്പസാരം ആവശ്യമില്ല എന്നുതുടങ്ങിയ ചർച്ചകൾ. എറണാകുളത്ത് അതിരൂപത വക വസ്തുവില്പനയുമായി ബന്ധപ്പെട്ട് അതിരൂപതാദ്ധ്യക്ഷനെതിരെ ആരോപണമുണ്ടായി. അവിടെ മാദ്ധ്യമങ്ങളുടെ കണ്ണ് വസ്തുവില്പനയിൽ ക്രമക്കേടുണ്ടോ എന്നൊന്നുമായിരുന്നില്ല. മറിച്ച് 'സഭാനിയമം (കാനോൻ നിയമം) രാജ്യനിയമത്തിന് മുകളിലോ' എന്നതായിരുന്നു. കോട്ടയം നാട്ടാശ്ശേരിൽ കെവിൻ എന്ന യുവാവ് കൊല്ലപ്പെട്ട സംഭവമുണ്ടായപ്പോൾ മാദ്ധ്യമനോട്ടം കൊലപാതകത്തിലേക്കായിരുന്നില്ല കേരള കത്തോലിക്കാ സഭയിലെ രണ്ട് വ്യക്തിഗത സഭകൾ തമ്മിൽ ഭിന്നത ഉണ്ടാക്കാനായിരുന്നു. വടക്കേ ഇന്ത്യയിലെ ഒരു രൂപതാദ്ധ്യക്ഷനെതിരായി ഒരു സന്യാസിനി പീഡനക്കുറ്റം ആരോപിച്ച സന്ദർഭത്തിൽ മാദ്ധ്യമ ചർച്ചവത്തിക്കാൻ ഇടപെടലുകളെക്കുറിച്ചായിരുന്നു. ഇവിടെയെല്ലാം ആരോപിതമായ കുറ്റങ്ങളെക്കാളധികം സഭയുടെ അടിസ്ഥാനങ്ങളെ ആക്രമിക്കാനായിരുന്നു മാദ്ധ്യമങ്ങളുടെ ശ്രദ്ധയും ശ്രമവും. ഇവയെല്ലാം വിരൽചൂണ്ടുന്നത് മാദ്ധ്യമങ്ങളുടെ സഭാവിരുദ്ധതയിലേക്കല്ലാതെ മറ്റെന്തിലേക്കാണ്. നമുക്കും വേണം പണം, അതിനൊരു 'ശത്രു'വിനെയും.

ശ്രീ. റ്റി. പി. രാജീവന്റെ 'ചെങ്ങോട്ടുമല' എന്ന കവിതയിലെ ഒരു ഉദ്ധരണി ഇപ്രകാരം:

'നിലനില്ക്കാനും, ജയിക്കാനും
നിങ്ങൾക്ക്
എന്നും വേണമല്ലോ
ഒരു ശത്രു,
ഇപ്പോളത്
ഞാനാണ്
അത്രമാത്രം' കവി വിലപിക്കുന്നതുപോലെ വരിക്കാരുടെയും വായനക്കാരുടെയും ശ്രോതാക്കളുടെയും പ്രേക്ഷകരുടെയും എണ്ണം കൂട്ടി പ്രചാരം വർദ്ധിപ്പിക്കാൻ മാദ്ധ്യമങ്ങൾക്ക് ഒരു സങ്കല്പിത ശത്രുവേണം. ഇന്നവർ സഭയെയാണ് കണ്ടെത്തി കശക്കി കാശുകൊയ്യുന്നത്. മൂല്യാധിഷ്ഠിത മാദ്ധ്യമപ്രവർത്തനം അന്യം നിന്നിരിക്കുന്നു. സമൂഹത്തിനു ദിശാബോധം നല്കേണ്ട മാദ്ധ്യമ പ്രവർത്തനം വ്യവസായമായി മാറിയിരിക്കുന്നു.സത്യത്തിനും നീതിക്കും വേണ്ടി നിലനിന്നിരുന്ന മാദ്ധ്യമങ്ങൾ പണത്തിനും പ്രശസ്തിക്കും വേണ്ടി മത്സരിക്കുന്നു. 'സത്യം' പറയണമെന്ന ധർമ്മം കാറ്റിൽപ്പറത്തി, 'ആദ്യം' പറയണമെന്ന പുതിയ പ്രമാണത്തിലെത്തിയിരിക്കുന്ന മാദ്ധ്യമങ്ങൾ.

മലയാളിയുടെ മനസ്സിൽ മായാതെ നില്ക്കുന്ന എം.എൻ. വിജയൻമാഷിന്റെ ഒരു വാക്യം ഇപ്രകാരം 'എന്റെ കൺമുൻപിൽ നിന്ന് ഇന്നത്തെ വർത്തമാനപത്രമൊന്നു മാറ്റൂ, സത്യമെന്തെന്ന് ഞാൻ അറിയട്ടെ. ഈ ലോകത്തെ ഞാൻ കൺകുളിർക്കെ ഒന്നു കാണട്ടെ '. അദ്ദേഹം വീണ്ടും നിരീക്ഷിക്കുന്നു: 'മാദ്ധ്യമങ്ങൾ നുണയ്ക്ക് നേരിന്റെ മേൽവിലാസം നല്കുന്നു'. സാത്താൻ വ്യാജവാർത്ത കൊണ്ട് ആദിമാതാപിതാക്കളെ വഴിതെറ്റിച്ചു. ഇന്ന് മാദ്ധ്യമങ്ങൾ വ്യാജ വാർത്തകളും ആരോപണങ്ങളുംകൊണ്ട് സത്യത്തെ കൊലചെയ്യുകയും അസത്യത്തെ പരത്തുകയും ചെയ്യുന്നു. മൂല്യബോധമില്ലാത്തവരുടെ മാദ്ധ്യമലോകത്തേക്കുള്ള കടന്നുവരവ് മാദ്ധ്യമലോകത്തെ മലീമസമാക്കി. അവർക്കു ലക്ഷ്യം പണം മാത്രം. പണംപറ്റി വാർത്ത എന്ന നിലയിലേയ്ക്കുവരെ മാദ്ധ്യമപ്രവർത്തകർ തരം താണിരിക്കുന്നു.

**സമാപനം**

'.....മലമുകളിൽ ദാവീദിന്റെ വഴിക്കു സമാന്തരമായി ഷിമെയിയും നടന്നു. അവൻ ശപിക്കുകയും കല്ലും മണ്ണും വാരി എറിയുകയും ചെയ്തുകൊണ്ടിരുന്നു'. അത്യുന്നതനായ ദൈവത്തിൽ ആശ്രയിച്ചിരുന്ന ദാവീദ് അശേഷം ആകുലപ്പെട്ടില്ല, പ്രതികരിച്ചില്ല പ്രതികാരത്തിനു മുതിർന്നുമില്ല. 'പ്രതികാരം ദൈവത്തിന്റേതാണല്ലോ'. മാദ്ധ്യമങ്ങളും പുരയ്ക്കു തീ പിടിക്കുമ്പോൾ വാഴവെട്ടാൻ കാത്തിരുന്നവരും ചേർന്ന് സഭയുടെ നേരേ ശാപം ചൊരിയുകയും കല്ലും മണ്ണും വാരി എറിയുകയും ചെയ്തുകൊണ്ടിരുന്നിട്ടും സഭ പ്രതികരണത്തിനും പ്രകാരത്തിനുമായി മുതിരുന്നില്ല. ഇത് കേരളത്തിലെ മറ്റ് ഏതെങ്കിലും മതത്തിനോ മതനേതാക്കന്മാർക്കോ സമുദായത്തിനോ എതിരായിരുന്നെങ്കിൽ അനേകരുടെ കൈവെട്ടിയേനെ, തലകൊയ്തേനെ, കർഫ്യു ഏർപ്പെടുത്തേണ്ടി വന്നേനെ, പട്ടാളം റോന്തുചുറ്റിയേനെ, പൊതുസ്ഥാപനങ്ങൾ അഗ്നിക്കിരയായേനെ, സർക്കാർ വാഹനങ്ങൾ അടിച്ചു തകർത്തേനെ, പത്രക്കെട്ടുകൾ കത്തിയേനെ, ചാനൽ ഓഫീസുകൾ തകർത്തേനെ, മലീമസമായ പ്രസംഗങ്ങൾ കൊണ്ട് അന്തരീക്ഷം നിറഞ്ഞേനെ. അക്രമവും ആരോപണവും അപവാദപ്രചരണവും ക്രൈസ്തവസഭയ്ക്കെതിരായതിനാൽ ഇതൊന്നുമുണ്ടാകുന്നില്ല. കേരളത്തിൽ കരീലപോലും അനങ്ങുന്നില്ല. ഇതാണ് ക്രൈസ്തവൻ, ഇതാണ് സഭ. സഭയ്ക്ക് ഇതിനോടൊന്നും പ്രതികരിച്ചും പ്രതികാരം ചെയ്തും സമയം കളയാനില്ല, വിഭവം നഷ്ടപ്പെടുത്താനില്ല. ശുശ്രൂഷകൾ തുടരണം, അതിനു ഭംഗംവരാൻ പാടില്ല. 'മറ്റുള്ളവർക്കുവേണ്ടി ജീവൻ കൊടുക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല ' എന്നതാണ് സഭയുടെ പ്രമാണം. 'അവൻ നന്മ ചെയ്ത് കടന്നു പോയി ' ഇതാണ് സഭയുടെ ശൈലി. കുരിശിൽ തൂങ്ങി മരിച്ചവന്റെ മക്കളെ ചാനൽചർച്ച കൊണ്ട് ഭയപ്പെടുത്താമെന്നോ? 'വെടിക്കെട്ടുകാരന്റെ മക്കളെ ഉടുക്കുകൊട്ടിപേടിപ്പിക്കാമെന്നോ?'.



# കൂദാശരഹസ്യം സംരക്ഷിച്ച രക്തസാക്ഷികൾ

സി.ജെറോസ് എസ്.ഐ.സി.


രക്തസാക്ഷികളുടെ രക്തം വീണുനനഞ്ഞ മണ്ണിൽ നിന്നും ഉയിർത്തെഴുന്നേറ്റ ചരിത്രമാണ് ക്രൈസ്തവസഭയിക്കുള്ളത്. എന്നാൽ പീഡനങ്ങളിൽ തളരാതെ ദൗത്യനിർവ്വഹണത്തിൽ ജാഗരൂകരായിരിക്കുന്ന സഭയാണ് ക്രൈസ്തവസഭ. സോഷ്യൽ മീഡിയാ വഴി മാധ്യമ വിചാരണ ചെയ്ത് മനഃപൂർവ്വം സമൂഹത്തിന്റെ മുമ്പിൽ അവഹേളിക്കണം എന്ന വിചാരത്തോടെ അടിസ്ഥാന രഹിതമായ കാര്യങ്ങൾ പറഞ്ഞ്, നുണ പ്രചരണങ്ങൾ നടത്തി, ദൈവീക ശുശ്രൂഷകളെയും വികലമായി ചിത്രീകരിക്കുമ്പോൾ അറിയണം സഭയിലെ അനേകം വൈദികരെ വി. കുമ്പസാരം വെളിപ്പെടുത്താത്തതിന്റെ പേരിൽ ബലിയാടുകളാക്കി ചെയ്യാത്ത കുറ്റത്തിന് തന്നെ തൂക്കി കൊല്ലാൻ വിധിച്ചപ്പോഴും യഥാർത്ഥ പ്രതികൾ വന്നു കുമ്പസാരിച്ചിട്ടും യേശുവിന്റെ പുരോഹിതൻ അവരെ ഒറ്റികൊടുത്തില്ല. കേരള കത്തോലിക്കാ സഭ യിലെ വൈദികനായ ബഹു. ബെനഡിക്ട് ഓണ കുളം അതിനുദാഹരണമാണ്. കുമ്പസാരര ഹസ്യം വെളിപ്പെടുത്താത്തതിന്റെ പേരിൽ ആദ്യ മായി രക്തസാക്ഷിത്വം വരിച്ച വി. ജോൺ നെപ്പോമുസിൻ,വെൻസെസ് ലാവൂസ് എന്ന രാജാവിന്റെ ഭാര്യയുടെ കുമ്പസാരക്കാരനായിരുന്നു. ക്ഷിപ്രകോപിയും അസൂയാലുവുമായ രാജാവ് തന്റെ ഭാര്യയുടെ പാപങ്ങൾ വെളിപ്പെടുത്താൻ ആവശ്യപ്പെട്ടു. അതു നിരസിച്ച അച്ചനെ 1393 ൽ വ്ളിതാവാ നദിയിൽ എറിഞ്ഞു കൊന്നു കളഞ്ഞു. അതിനു ശേഷം വിശുദ്ധ നെപ്പോമുസിന്റെ ആശ്രമം നിർത്തലാക്കി. സ്വത്തു മുഴുവൻ രാജാവിന്റെ സ്വന്തമാക്കി.

കുമ്പസാര രഹസ്യം സൂക്ഷിച്ചതിന്റെ പേരിൽ പിന്നീട് വി. മത്തായോ കൊറിയ മാഗല്ലൻസ് രക്തസാക്ഷിയായി. ജയിൽ പുള്ളികളുടെ കുമ്പസാര രഹസ്യം വെളിപ്പെടുത്താത്തതിന്റെ പേരിൽ Cristero യുദ്ധത്തിന്റെ സമയത്ത് വെടിവെച്ചു കൊന്നു. ഇപ്പോൾ ഇദ്ദേഹത്തിന്റെ ഭൗതീക ശരീരം Durango Cathedral ലിൽ വണങ്ങപ്പെടുന്നു.

Spanish Civil War ന്റെ സമയത്തുള്ള ക്രിസ്ത്യൻ മതപീഡന കാലത്ത് കുമ്പസാര രഹസ്യം സൂക്ഷിച്ചതിന്റെ പേരിൽ ഫാ. ഫിലിപ്പ് സിസ്കാർ പ്യൂജ് രക്തസാക്ഷിയായി. ഒരു സൈനികന്റെ കുമ്പസാര രഹസ്യം വെളിപ്പെടുത്താൻ ആവശ്യപ്പെട്ടപ്പോൾ അച്ചൻ പറഞ്ഞു ''മരിക്കേണ്ടി വന്നാലും കുമ്പസാരരഹസ്യം വെളിപ്പെടുത്തില്ലാ''യെന്ന്. ഇതിന്റെ പേരിൽ 1936 സെപ്റ്റംബർ 8 ന് അദ്ദേഹത്തെ വെടിവെച്ചു കൊന്നു.

19-ാം നൂറ്റാണ്ടിൽ ജീവിച്ച ഫാ. ഫെർണാണ്ടോ കുമ്പസാരരഹസ്യം വെളിപ്പെടുത്താത്തതിന്റെ പേരിൽ നിരന്തരം ചമ്മട്ടിയടിയേൽക്കുകയും എത്ര പീഡിപ്പിച്ചിട്ടും ''കുമ്പസാര രഹസ്യം വെളിപ്പെടുത്തില്ലാ'' എന്നു പറഞ്ഞതിന്റെ പേരിൽ അദ്ദേഹത്തെ തോക്കിനിരയാക്കി. അദ്ദേഹത്തിന്റെ ശരീരം മാഡ്രിടിലുള്ള ദൈവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഇങ്ങനെ രക്തസാക്ഷികളുടെ ചുടുനിണം വീണ സഭയുടെ കൂദാശയായ കുമ്പസാരത്തെ തകർക്കാൻ ശ്രമിക്കുമ്പോൾ ഒറ്റപ്പെട്ട സംഭവത്തിന്റെ പേരിൽ നിരപരാധികളായ വൈദികരെ ക്രൂശിക്കുമ്പോൾ അറിയുക. കുമ്പസാരം എന്ന കൂദാശ ദൈവം സ്ഥാപിച്ചതാണ്. ''നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും'' ●

# ദുരിതാശ്വാസം

























# THE SACRAMENT OF HEALING CONFESSION



**Dr. Ashly Shibu**

"Our hearts were made for thee, O Lord, and they are restless until they rest in thee." (Confessions of St. Augustine). All of our striving for truth and happiness is ultimately a search for the one who satisfies us absolutely. A person is not completely himself until he has found God. So what stands between the longing of man for God and God's love? The answer is SIN.

**Sin and its effects**

A sin is a word, deed or intention by which man deliberately and voluntarily offends against the true order of things, as God's loving providence has arranged them. At the core, sin is a rejection of God and the refusal to accept his love. This is manifested in a disregard for his commandments. [CCC 385 – 390, 1849 – 1851, 1871 – 1872]

The effects of sin are well portrayed in the bible when Adam and Eve disobeyed God and ate the forbidden fruit.

- "They realized that they were naked.... and covered themselves." (Genesis 3: 7). This denotes the bondage of sin. When you sin, you become a slave of Satan and you are forced to obey his commands. Habitual sins and various addictions are the results of slavery to sin.
- "They hid from him among the trees." (Genesis 3: 8). Escaping from the presence of God is yet another effect of sin. The presence of sin in our lives withdraws one from the active participation in spiritual activities. We develop a cold attitude towards the sacraments, the scripture and tradition.
- "The woman you put here with me gave me the fruit, and I ate it." (Genesis 3: 12). Pointing the blame towards others and seeking all attempts for self - verification is the third effect of sin.
- "The ground will be under a curse." (Genesis 3: 17). This is the most catastrophic effect of sin. Sin burdens you with guilt, wounds you and by its consequences ruins you but it also poisons and damages the world in which you live, thus spreading the vibes of sin to the people around you.

**Confession**

"The son of man came to seek and to save the lost." (Luke 19: 10)

"I came not to call the righteous, but sinners." (Mark 2: 17)

Christ's love is shown in the fact that he seeks the lost and heals the sick. That is why he gave us the sacrament of healing and restoration – the sacrament of confession, in which we are freed from sin and strengthened in our physical and spiritual weakness. [CCC 1420 – 1421]

Fulton J. Sheen defines confession as, "the nudity of the soul, stripping ourselves of all false excuses and shames and pretenses and revealing ourselves as we really are."

Tell souls where they are to look for solace; that is, in the Tribunal of Mercy [the Sacrament of Recon ciliation]. There the greatest miracles take place [and] are incessantly repeated. To avail oneself of this miracle, it is not necessary to go on a great pilgrimage or to carry out some external ceremony; it suffices to come with faith to the feet of my representative and to reveal to him one's misery, and the miracle of Divine Mercy will be fully demonstrated. Were a soul like a decaying corpse so that from a human standpoint, there would be no [hope of] restoration and everything would already be lost, it is not so with God. The miracle of Divine Mercy restores that soul in full. Oh, how miserable are those who do not take advantage of the miracle of God's mercy! You will call out in vain, but it will be too late. [1448 St. Faustina'sdivine mercy]

**Who instituted this sacrament & the related controversies**

The sacrament of confession was not a facility which was constituted by the church in the yesteryears but instead Jesus himself instituted the sacrament of penance when he showed himself to his apostles on Easter and commanded them, "Receive the Holy Spirit. If you forgive the sins of any, they are forgiven: if you retain the sins of any, they are retained" (John 20: 22-23)

Why confess to a priest; when I can directly go to God? God alone can forgive sins. Jesus could say "Your sins are forgiven" (Mark 2: 5) only because he is the Son of God. And priests can forgive sins in Jesus' place only because Jesus has given them that authority. "Peter; you are a rock, and on this rock foundation I will build my church. I will give you the keys of the Kingdom of heaven; what you prohibit on earth will be prohibited in heaven, and what you permit on earth will be permitted in heaven." (Mathew 16: 18-19). Since Christ entrusted to his apostles the ministry of reconciliation, bishops and priests, by virtue of the

sacrament of Holy Orders, have the power to forgive all sins. [CCC 1461]. A catholic priest who administers the sacraments acts not on the basis of his own power or moral perfection (which unfortunately he often lacks) but rather "in persona Christi". Through his ordination, the transforming, healing, saving power of Christ is grafted onto him. Because a priest has nothing of his own, he is above all a servant. The distinguishing characteristic of every authentic priest, therefore, is humble astonishment at his own vocation. "When you go to confession, to this fountain of my mercy, the Blood and Water which came forth from My Heart always flows down upon your soul and ennobles it. Every time you go to confession, immerse yourself entirely in my mercy, with great trust, so that I may pour the bounty of my grace upon your soul. When you approach the confessional, know this, that I myself am waiting there for you. I am only hidden by the priest, but I myself act in your soul. Here the misery of the soul meets the God of mercy. Today, the Lord has been teaching me, once again, how I am to approach the Sacrament of Penance: My daughter, just as you prepare in my presence, so also you make your confession before me. The person of the priest is, for me, only a screen. Never analyze what sort of a priest it is that I am making use of; open your soul in confession as you would to me, and I will fill it with my light."[1602,1725 St. Faustina's Divine mercy]

**Why do we need a special sacrament of confession, when we are already reconciled with God through Baptism?**

Through the sacraments of Christian initiation (Baptism), man receives the new life of Christ. We carry this life "in earthen vessels", and it remains "hidden with Christ in God." We are still in our "earthly tent", subject to suffering, illness and death. This new life as a child of God can be weakened and even lost by sin. [CCC 1420]. Baptism does snatch us from the power of sin and death and brings us into new life of the children of God, but it does not free us from human weakness and the inclination to sin. That is why we need a place where we can be reconciled with God again and again. That place is confession.

**Elements of Confession**

The insight into one's personal guilt produces a longing to better oneself: this is called contrition. We arrive at contrition when we see the contradiction between God's love and our sin. Then we are full of sorrow for our sins; we resolve to change our life and place all our hope in God's help. We take a firm and deliberate decision not to sin anymore. We confess our sins to the priest and he gives us penance and finally grants absolution.

No confession is complete without penance. When we hammer a nail to a wall and later pull out the nail; though the nail is removed, the hole remains in the wall. Similarly, through confession our sins (nail) are removed but the wounds (hole) created in our inner self remain. These damages are repaired through penance.

**Benefits of confession**

*When Cain murdered Abel, God placed a curse on Cain. Devastated, Cain cried out to the Lord, "This punishment is too hard for me to bear." (Genesis 4: 13). Then we see that the Lord put a mark on Cain (Genesis 4:15). Despite of Abel's blood crying out to the Lord from the ground, calling for revenge; when Cain confessed his sin, God assured him protection. Whether it was the prodigal son, the Samaritan woman, Mary Magdalene, Zacchaeus or the good thief on the cross; Jesus promises through Isaiah 1:18, "Although you are stained red with sin, I will wash you as clean as snow". Indeed heaven rejoices over the one sinner who repents than over the ninety nine others who do not need to repent.

God never rebuked the sinners. He came to call the least, the lost and the wounded. He argued only with the Pharisees. Fulton J. Sheen states clearly that, "the worst thing in the world is not sin but the denial of sin which is our modern attitude towards life." ('Pharisean' mentality). "If we say we have no sin, we deceive ourselves and the truth is not in us." (1 John 1:8)

*The sacrament of confession imparts the experience of the "burning bush" which was witnessed by Moses on Mount Sinai. Confession is a fire that never burns you out into ashes but instead transforms your soul truly into the temple of the living God; just as Moses took off his sandals as he was standing on holy ground. (Exodus 3:5)

*When you confess your sins, it is not only the sin which is removed; rather a complete renewal of the inner self occurs. "I will take away their stubborn heart of stone and will give them a new heart and new mind." (Ezekiel 11:19)

*Confession is a great gift of healing that brings about closer union with the Lord.

**Confessional seal & martyrs at confession**

Under no circumstance, the priest can reveal the secrets that he has learned in confession. The secrecy of the confessional is absolute. There is hardly anything that priests take more seriously than the confessional seal. Any priest who would tell another person something he had learned in the confessional would be excommunicated (the exclusion from the sacraments). [CCC 1467]

The Code of Canon Law also states that the sacramental seal is inviolable, therefore it's absolutely forbidden for a confessor to betray in any way a penitent in words or in any manner and for any reason.

St. John of Nepomuk, St. Mateo Correa Magallanes, Fr. Felipe Puig, Fr. Fernando OlmedoReguera are some of the priests who went to the extremes of martyrdom for refusing to reveal the confessional secrets.

**Conclusion**

Most of the saints went to confession frequently and it was the core of their lives. Pope Francis confesses every day!!! Confession helps us to grow in humility and charity, allowing ourselves to be touched by God's healing light even in the inmost recesses of our souls.

"It would be an illusion to seek after holiness, according to the vocation one has received from God, without partaking frequently of this sacrament of conversion and reconciliation. Those who go to confession frequently and do so with the desire to make progress, will notice the strides that they make in their spiritual lives." Pope St. John Paul II ●





മിബിൻ വർഗീസ് കല്ലിശ്ശേരി

# കുമ്പസാരം

ദൈവം പറഞ്ഞത് പ്രകാരം പത്രോസാ കുന്ന പാറമേൽ ദൈവം സ്ഥാപിച്ച സഭയാണ് ''വി. കത്തോലിക്കാ സഭ''. ക്രിസ്തുവിന്റെ ശിരസായ ഈ സഭയിൽ പത്രോസിലൂടെ (ആദ്യമാർ പാപ്പ) മാർപാപ്പാമാർ വഴി മെത്രാന്മാരിലൂടെ പുരോഹിതനു കിട്ടിയ അധികാരമാണ് കൂദാശകൾ. അതിൽ വളരെ പ്രധാനപ്പെട്ട ഒരു കൂദാശയാണ് വി. കുമ്പസാരം.

പക്ഷേ പഴയനിയമത്തിലൂടെയും നാം കടന്നു പോകുമ്പോൾ അവിടെയും നമുക്ക് കാണുവാൻ സാധിക്കും പുരോഹിതൻ പാപമോചനം നല്കുന്നത്. ലേവ്യർ പുസ്തകത്തിൽ 5-ാം അദ്ധ്യായം മുതൽ നാം വായിച്ചാൽ വളരെ വ്യക്തമായി തന്നെ എഴുതപ്പെട്ടിട്ടുള്ളതാണ്. ''ഒരുവൻ ചെയ്ത പാപത്തിൽ, പുരോഹിതൻ അവനു വേണ്ടി പരിഹാരം ചെയ്യണം അപ്പോൾ കുറ്റം ക്ഷമിക്കപ്പെടും.

ലേവ്യർ 13-ാം അദ്ധ്യായത്തിൽ എഴുതപ്പെട്ടിരിക്കുന്നു: ''അശുദ്ധികൊണ്ട് രോഗിയായ ഒരു വ്യക്തി ബുദ്ധനാകണമെങ്കിൽ, പുരോഹിതനിലൂടെ പാപമോചനം നേടി പുരോഹിതൻ അവനെ ശുദ്ധനായി പ്രഖ്യാപിക്കണം''. ലേവ്യർ 16:32 ൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ ''ഇത് എന്നേക്കുമുള്ള നിയമമാണ്. സ്വപിതാവിന്റെ സ്ഥാനത്ത് അഭിഷിക്തനായി പ്രതിഷ്ഠിക്കപ്പെട്ട പുരോഹിതൻ പരിശുദ്ധമായ ചണവസ്ത്രങ്ങളണിഞ്ഞ് പാപപരിഹാരം ചെയ്യണം''.

ഈ വചനത്തിലൂടെ നാം കടന്നുപോകുമ്പോൾ നമുക്ക് കാണുവാൻ സാധിക്കും ദൈവത്തിന്റെ പ്രതിപുരുഷന്മാരാണ് പുരോഹിതർ നമ്മുടെ പാപപരിഹാരം ചെയ്യാൻ നിയോഗിക്കപ്പെട്ടവർ. ശരിക്കും ദൈവമാണ് അവിടെ നമ്മുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യുവാൻ ഇരിക്കുന്നത്.

**എന്താണ് പാപങ്ങൾ?**

നമ്മുടെ ചുറ്റുപാടുകളിൽ നമുക്ക് പല തരത്തിലുള്ള ആളുകളെ നമുക്ക് കാണുവാൻ സാധിക്കും. ചിലർ ഒരു ചടങ്ങുകൾക്ക് വേണ്ടി കൂദാശകൾ അർപ്പിക്കുന്നവർ, ചിലർ, ''ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല'' എന്നു പറയുന്നവർ. മറ്റു ചിലർ ചെയ്യുന്നത് തെറ്റാണെന്നു അറിയാമെങ്കിലും അതിന്റെ വ്യാപ്തി അറിയാത്തവർ. പഴയനിയമത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നു ദൈവം മോശയ്ക്ക് കൊടുക്കുന്ന 10 കല്പനകൾ. പഴയനിയമത്തിൽ 10 പ്രമാണങ്ങൾ അഥവാ കല്പനകളുടെ പേര് മാത്രമേ നമുക്ക് കാണുവാൻ സാധിക്കുന്നുള്ളൂ. പക്ഷേ പുതിയനിയമത്തിൽ ഈ കല്പനകളെ ഈശോ തന്റെ ഉപമകളിലൂടെയും കാണിച്ചുകൊടുക്കുന്നു. അതിനെ ആഴമായി വ്യക്തമാക്കുന്നു. ഉദാ: വ്യഭിചാരം ചെയ്യരുത്. നാം നോക്കുമ്പോൾ ഞാൻ ഈ തെറ്റു ചെയ്യുന്നില്ലല്ലോ അതിനാൽ ഞാൻ തെറ്റുകാരനോ/തെറ്റുകാരിയോ അല്ല. പക്ഷേ പുതിയനിയമത്തിൽ ഈശോ പറയുന്നു: ''ആസക്തിയോടുകൂടി ഒരുവൻ ഒരു സ്ത്രീയെ നോക്കിയാൽ അവൻ തന്റെ ഹൃദയത്തിൽ വ്യഭിചാരം ചെയ്യുന്നുന്''.

**അനുതാപം**

''അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ'' (മർക്കോസ് 1:15). ഈശോ പറയുകയാണ് അനുതപിക്കുക മകനെ/മകളെ നിങ്ങൾ അനുതപിക്കുക. 1 യോഹന്നാൻ 1:7-10 ൽ നമുക്ക് കാണുവാൻ സാധിക്കും ''അവിടുന്ന് പുത്രനായ യേശുവിന്റെ രക്തം എല്ലാ പാപങ്ങളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുന്നു. പക്ഷെ നമുക്ക് പാപമില്ലെന്നു

നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകുന്നു. എന്നാൽ നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വ സ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും''.

''എന്റെ കുഞ്ഞുമക്കളെ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിനാണ് ഞാൻ ഇവ നിങ്ങൾക്കെഴുതുന്നത്. എന്നാൽ ആരെങ്കിലും പാപം ചെയ്യാനിടയായാൽ തന്നെ പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മധ്യസ്ഥനുണ്ട്, നീതിമാനായ യേശുക്രിസ്തു'' (1 യോഹന്നാൻ 2:1)

ആയതിനാൽ നാം നമ്മുടെ പാപങ്ങൾ ഏറ്റുപറയുക വി. ബൈബിളിൽ നമുക്ക് കാണുവാൻ സാധിക്കുന്ന ഏറ്റവും വലിയ ഉദാഹരണമാണ് യേശുവിന്റെ ശിഷ്യന്മാരായ പത്രോസിന്റെയും യൂദാസിന്റെയും രണ്ടുപേരും തെറ്റുകൾ ചെയ്യുന്നു പക്ഷെ യൂദാസ് ചെയ്ത തെറ്റ് അനുതപിച്ച് ഏറ്റുപറഞ്ഞിരുന്നില്ല. അവൻ കുറ്റബോധം കൊണ്ട് ഓടിപ്പോയി. എന്നാൽ പത്രോസാകട്ടെ അവൻ ചെയ്ത തെറ്റ് അനുതപിച്ച് ഏറ്റുപറയുകയും അവന് പാപമോചനം ലഭിക്കുകയും ചെയ്യുന്നു. അതുകൊണ്ട് യേശു പത്രോസിനോട് പറഞ്ഞു. ''നീ പത്രോസാണ്: ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലികൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (മത്തായി 16:18-19).

''മനസുവച്ചാൽ നിനക്കു കല്പനകൾ പാലിക്കാൻ സാധിക്കും. വിശ്വസ്തതാപൂർവ്വം പ്രവർത്തിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് നീയാണ്'' (പ്രഭാ. 15:15).

കുമ്പസാരം എന്റെ ജീവിതത്തിൽ ഒരു വലിയ പങ്കാണുള്ളത്. എന്റെ കഴിഞ്ഞുപോയ ജീവിതം നോക്കിയാൽ ഈ കൂദാശകൾ ഒരു ചടങ്ങായിട്ട് കണ്ട ആളാണ് ഞാൻ. എന്റെ അന്നത്തെ ചിന്തയിൽ എന്റെ വിവരമില്ലാത്ത ബുദ്ധിയിൽ ഇതൊക്കെ സഭ ഉണ്ടാക്കിയതല്ലേ, ഇതില്ലൊന്നും വലിയ കാര്യമില്ല, എന്നൊക്കെ പറഞ്ഞു നടന്നിരുന്നു.  ഒരു വർഷം മുമ്പ് വരെ. പക്ഷെ കഴിഞ്ഞ ഒരു വർഷം കൊണ്ട് എന്റെ ജീവിതത്തിൽ വന്ന മാറ്റം വളരെ വലിയതായിരുന്നു. ഞാൻ ഏതു വഴിയിൽ കൂടെ പോയിരുന്നോ അതിന്റെ നേരെ എതിർദിശയിലേക്ക് എന്റെ ഈശോ എന്നെ കൂട്ടിക്കൊണ്ടുപോയി. അതുവരെ ജീവിതത്തിന്റെ ലൗകീകമായ നിറങ്ങളുടെ പിന്നാലെ പോയ എന്നെ എന്റെ ഈശോ ഒരു കാണാതെപോയ കുഞ്ഞാടായിരുന്ന എന്നെ അവിടുന്ന് എന്താണ് ജീവിതത്തിന്റെ നിറങ്ങൾ എനിക്ക് കാണിച്ചു തന്നു. അങ്ങനെ ഞാൻ ജീസസ് യൂത്ത് ഫാമിലിയിൽ വന്നു. അവിടെ വച്ചാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ അവിടെ ഒരു ഫൗണ്ടേഷൻ പ്രോഗ്രാമിലൂടെ എനിക്ക് ബോധ്യമായി എന്താണ് സഭ, എന്താണ് പരിശുദ്ധാത്മാവ്. ഏറ്റവും ഉപരി എന്റെ പാപങ്ങൾ നിമിത്തം ഈശോ എന്നെ എങ്ങനെ കാണുന്നു എന്നുള്ളത്. ഇത് വളരെ വിഷമത്തോടെ മനസ്സിലാക്കിയ ഞാൻ മുകളിൽ തന്ന പോലെ ഓരോ പാപങ്ങളെയും പറ്റി ബോധവാനായി. ഒരു നല്ല കുമ്പസാരം എനിക്ക് നടത്തുവാൻ സാധിച്ചു. കുമ്പസാരം കഴിഞ്ഞും, എന്റെ ജീവിതത്തിൽ ഞാൻ അന്നുവരെ അനുഭവിക്കാത്ത ഒരു സന്തോഷം ഞാൻ അനുഭവിച്ചു. കുമ്പസാരത്തിലൂടെ എന്റെ ആത്മാവിന്റെ നവീകരണവും, അതിലൂടെ ഈശോയിലേക്ക് കൂടുതൽ അടുക്കുവാനും എനിക്ക് സാധിച്ചു. അതിലൂടെ എന്റെ ശരീരമാകുന്ന ആലയം ഈശോയ്ക്ക് വേണ്ടി എങ്ങനെ ഒരുക്കാം എന്ന് ഞാൻ മനസ്സിലാക്കി. അതിലൂടെ വി.കുർബാന സ്വീകരിക്കാൻ ഞാൻ യോഗ്യനായി. അന്ന് വരെ വർഷത്തിൽ ഒരിക്കൽ കുമ്പസാരിച്ച ഞാൻ ഇപ്പോൾ വർഷത്തിൽ കുറഞ്ഞത് 50 പ്രാവശ്യം കുമ്പസാരിക്കും. ആഴ്ച്ചയിൽ 4 പ്രാവശ്യം വരെ കുമ്പസാരിച്ചിട്ടുണ്ട്. അപ്പോൾ നിങ്ങൾ വിചാരിക്കും ഇത്രയും വലിയ പാപിയാണോ ഞാൻ എന്ന്. ശരിയാണ് ഞാൻ പാപിയാണ്. നമ്മൾ മനുഷ്യരാണ്. നമ്മൾ ഒരു ദിവസം അറിഞ്ഞും അറിയാതെയും ഒരുപാട് പാപങ്ങൾ ചെയ്യുന്നവരാണ്. നാം ചെയ്യുന്ന ഓരോ തെറ്റിനും നമ്മുടെ ഈശോ വേദനിക്കുന്നു. എന്റെ കുമ്പസാരത്തെപ്പറ്റി ചുരുക്കിപറഞ്ഞാൽ കഴിഞ്ഞുപോയ എന്റെ ജീവിതത്തിൽ ഒരു വെള്ള ഷർട്ട് അതിൽ എത്ര ചെളി ആയാലും സാരമില്ല. പിന്നെ കഴുകാം എന്ന് പറഞ്ഞുനടന്ന സമയം ആയിരുന്നു. പക്ഷേ ഇന്നോ അതിൽ ഒരു ചെറിയ പൊടി അടിച്ചാൽ മതി ഞാൻ അത് കഴുകി വൃത്തിയാക്കും. അത് എനിക്ക് ഈശോ തന്ന വലിയ സമ്മാനമാണ്. പാപബോധവും പശ്ചാത്താപവും ഈശോ എനിക്ക് തരുന്നു. എനിക്ക് വേണ്ടിയാണ് എന്റെ ഈശോപ്പൻ ക്രൂശിൽ മരിച്ചത് എന്റെ പാപങ്ങൾക്ക് വേണ്ടി. പക്ഷേ നമ്മൾ ആരും തന്നെ അതിനെ ഗൗനിക്കുന്നില്ല. എന്റെ ജീവിതത്തിൽ ഞാൻ ഇപ്പോൾ അനുഭവിക്കുന്ന സന്തോഷം അത് എത്ര കോടികൾ എനിക്ക് കിട്ടിയെന്ന് പറഞ്ഞാലും കുമ്പസാരത്തിലൂടെ എന്റെ ആത്മാവിന്റെ ശുദ്ധിയാകുമ്പോൾ ഈശോ തരുന്ന സന്തോഷം അത് വലിയതാണ്. അതിലൂടെ ഈശോയുടെ സാന്നിധ്യം എനിക്ക് അറിയുവാൻ സാധിക്കുന്നു. ഈശോയുടെ അനുഗ്രഹം കൊണ്ട് നിരവധി ആളുകളെ മൊബിലൈസ് ചെയ്യുവാനും അതിലൂടെ അവർക്ക് ഈശോയെ കൊടുക്കുവാനും ഇപ്പോൾ സാധിക്കുന്നു.

●

# ദൈവസ്വരം ശ്രവിക്കുന്ന അനുഭവം

# കുമ്പസാരം





**സെബാസ്റ്റ്യൻ ആന്റണി**
**ചങ്ങനാശ്ശേരി**


**ഓ**രോ കുമ്പസാരം കഴിയുമ്പോഴും 'ഇനി ഒരു പാപം ചെയ്യുക എന്നതിനേക്കാൾ മരിക്കാനും ഞാൻ സന്നദ്ധനായിരിക്കുന്നു' എന്ന പ്രാർത്ഥന ചില സമയത്തെങ്കിലും വലിയ നൊമ്പരമായി മാറിയിട്ടുണ്ട്. എത്ര തീരുമാനമെടുത്താലും ആവർത്തിക്കപ്പെടുന്ന വീഴ്ചകളും കുറവുകളും മനസിൽ കുറ്റബോധമായി മാറിപ്പോയിട്ടുണ്ട്. എന്നാൽ നമ്മുടെ ഈശോ നാം ഓരോരുത്തരിലും നിന്ന് ആഗ്രഹിക്കുന്നത് നമ്മുടെ അനുതാപമാണ്. നാം അറിയാതെ തെറ്റുകളിൽ വീണുപോകുമ്പോൾ ചാടിയെണീറ്റ് കുമ്പസാരക്കൂടിനെ കെട്ടിപിടിച്ച് കരഞ്ഞനുതപിക്കുമ്പോൾ ദൈവസ്വരം ശ്രവിക്കുവാനാവും എന്നത് വലിയ അനുഭവമാണ്. ആ സമയം തന്നെ കാണാതെ പോയ ആടിനെ തിരിച്ചുകിട്ടിയ സന്തോഷം സ്വർഗത്തിൽ അലയടിക്കും.

കുമ്പസാരം അനുഭവമാകുന്നതിനു മുമ്പ് ഏറ്റവും വലിയ ബുദ്ധിമുട്ട് പരിചയമുള്ള വൈദികരുടെ അടുത്ത് കുമ്പസാരിക്കാനായിരുന്നു. അവർ എന്തു വിചാരിക്കും എന്ന ചിന്ത മനസ്സിനെ അസ്വസ്ഥപ്പെടുത്തിയിട്ടുണ്ട്. കുറച്ച് ദിവസങ്ങൾക്കു മുമ്പ് വി. കുർബാന അർപ്പിക്കാൻ പറ്റാതെ പോയ ഒരു ദിവസം, വൈകുന്നേരം വളരെ പരിചയമുള്ള ഒരു വൈദികന്റെ അടുത്ത് കുമ്പസാരി

ക്കാൻ പോയി. ആ ഏറ്റുപറച്ചിലിനും അനുതാപത്തിനും ശേഷം ദിവ്യകാരുണ്യ ഈശോയ്ക്ക് മുമ്പിൽ ചിലവഴിച്ചുകഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ വി.കുർബാന സ്വീകരിച്ച അതേ അനുഭവം തൊണ്ടയിലും ശരീരത്തിലും അനുഭവിക്കാനായി. ഒരു പക്ഷേ നമുക്ക് ഒരു രോഗം വന്നാൽ നാം ആദ്യം ഓടിച്ചെല്ലുന്നത് നാം സ്ഥിരമായി കാണിക്കുന്ന ഡോക്ടറിന്റെ അടുത്തായിരിക്കും. കാരണം നമ്മുടെ രോഗവിവരങ്ങൾ അദ്ദേഹത്തിന് നന്നായി അറിയാം. ഞാൻ സ്ഥിരമായി ഒരു വൈദികന്റെ അടുത്തു തന്നെ കുമ്പസാരിക്കാൻ ശ്രമിക്കാറുണ്ട്. എന്തിനാണ് ഈ കുമ്പസാരമൊക്കെ? എനിക്ക് അത്ര വലിയ പാപമൊന്നുമില്ലെന്നെ, ഇത്തിരി മദ്യപിക്കും അങ്ങനെ ചെറിയ ചെറിയ കാര്യങ്ങൾ... ഇതൊക്കെ ഈ അച്ചന്മാരുടെ അടുത്ത് പറഞ്ഞിട്ട് എന്തു പ്രയോജനം? ഇതെല്ലാം വെറുതെയാ..... കുറച്ച് നാളുകൾക്ക് മുമ്പ് ഒരു മദ്ധ്യവയസ്കനായ വ്യക്തിയുമായി സംഭാഷണം നടത്തിയപ്പോഴുള്ള ചിന്തകൾ എന്നെയും അസ്വസ്ഥനാക്കി. യഥാർത്ഥത്തിൽ അന്നാണ് ഞാനും കുമ്പസാരമെന്ന കൂദാശയെപ്പറ്റി ഗൗരവമായി ചിന്തിക്കുന്നതും അസ്വസ്ഥപ്പെടുന്നതും. ആ ദിവസം തന്നെ എന്റെയുള്ളിലും ഒരുപാട് ചിന്തകളും സംശയങ്ങളുമുണ്ടായി. ഉള്ളിലുള്ള വീർപ്പുമുട്ടലുകളും അസ്വസ്ഥതകളും വ്യക്തിപരമായ പ്രാർത്ഥനയിൽ ഈശോയുമായി പങ്കുവച്ചപ്പോൾ എന്റെ ഈശോ നല്കിയ ആദ്യത്തെ ചിന്ത പിതാവായ ദൈവത്തിന്റെ സ്നേഹത്തെയും കാരുണ്യത്തെയും കുറിച്ചാണ്. "നിന്റെ പാപം എത്ര കടുംചെമപ്പാണെങ്കിലും ഞാനതു മഞ്ഞുപോലെ വെണ്മയുള്ളതായി മാറ്റും." നേരത്തെ അറിയാവുന്ന വചനമാണെങ്കിലും ഉള്ളിലെ വീർപ്പുമുട്ടലിന് വലിയ മാറ്റമൊന്നുമില്ല.

പിന്നീട് ഏതോ അവസരത്തിലാണ് ഞാൻ ദൈവമകനാണ് എന്ന അവസ്ഥ വലിയ അനുഭവമായത് ഓർമ്മയിൽ വന്നത്. "കണ്ടാലും! എത്ര വലിയ സ്നേഹമാണ് ദൈവം നമ്മോട് കാണിച്ചത്. ദൈവമക്കൾ എന്നു നാം വിളിക്കപ്പെടുന്നു. നാം അങ്ങനെയാണ് താനും" (1 യോഹ. 3:1). ദൈവമക്കളായ നാം മറകൂടാതെ മടികൂടാതെ അപ്പന്റെ മുമ്പിൽ മുട്ടുമടക്കി വന്നുപോയ കുറവുകളും വീഴ്ചകളും ഏറ്റുപറയുമ്പോൾ ദൈവം തരുന്ന വലിയ സമ്മാനമാണ് സന്തോഷം. "അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും" (ലൂക്കാ. 15:7). ഈ രീതിയിൽ കുമ്പസാരിക്കുമ്പോൾ എന്നെ അറിയാവുന്ന ദൈവത്തിന്റെ പ്രതിപുരുഷന് എനിക്ക് ആവശ്യമായ ഉപദേശവും പ്രായശ്ചിത്തവും നല്കാനാവും. അതോടൊപ്പം എന്നോടൊപ്പം എനിക്കു വേണ്ടിയും ആ വൈദികന്റെ വിലയുള്ള വലിയ പ്രാർത്ഥനയുമുണ്ടാവും.





# ദൈവത്തിന് നിങ്ങളോടു ക്ഷമിച്ച് മതിയായിട്ടില്ല




**ജിതിൻ ദേവസ്യാ**
**അസി. പ്രൊഫസർ**
**അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്**
**കാഞ്ഞിരപ്പള്ളി**


"**ക**ർത്താവ് അരുളിച്ചെയ്യുന്നു: വരുവിൻ നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്ത വർണമാണെങ്കിലും കമ്പിളിപോലെ വെളുക്കും'' (ഏശയ്യാ 1:8).

ദൈവത്തെ മറന്നു പാപത്തിൽ ജീവിക്കുന്ന തന്റെ ജനമായ ഇസ്രായേലിനെ ദൈവം അനന്തമായ സ്നേഹത്താൽ തന്റെ പക്കലേക്കു വിളിക്കുന്നതാണ് ഈ വചനത്തിൽ നാം കാണുന്നത്. പിതൃസഹജമായ സ്നേഹത്തോടെ ധൂർത്തപുത്രന്റെ തിരിച്ചു വരവിനായി കാത്തിരിക്കുന്ന നല്ല പിതാവിനെ ലൂക്കാ സുവിശേഷത്തിന്റെ പതിനഞ്ചാം അദ്ധ്യായത്തിൽ ഈശോയും നമുക്കു പരിചയപ്പെടുത്തുന്നു. കരുണാനിധിയായ ഈ ദൈവം നമ്മെ ഓരോരുത്തരേയും കാത്ത് നമ്മുടെ ദൈവാലയങ്ങളിലെ കുമ്പസാരക്കൂടുകളിൽ ഇരിക്കുന്നുണ്ട് എന്ന തിരിച്ചറിവ്, ധൂർത്തപുത്രന്റെ മനോഭാവത്തോടെ കുമ്പസാരത്തിനണയാൻ എന്നെ പലപ്പോഴും സഹായിച്ചിട്ടുണ്ട്.

വിശ്വാസജീവിതത്തിന്റെ ആദ്യകാലങ്ങളിൽ കുമ്പസാരിക്കാൻ മടിയും, ഭയവുമെല്ലാം തോന്നിയിരുന്നു. വൈദികൻ എന്നെക്കുറിച്ച് എന്തു വിചാരിക്കും, എന്തിനാ ഈ പാപങ്ങൾ എല്ലാം വൈദികനോട് ഏറ്റുപറയുന്നത്? എന്നിങ്ങനെ പല ചോദ്യങ്ങൾ മനസ്സിനെ അലട്ടിയിരുന്നു. 2 കൊറിന്തോസ് 5:18 വാക്യത്തിലൂടെ ഈശോ തന്റെ പാപമോചനാധികാരം അപ്പസ്തോലന്മാരെ ഭരമേല്പിച്ചു. ഇത് ഇന്നും സഭയിൽ വൈദികരിലൂടെ നിറവേറപ്പെടുന്നു എന്ന് ഗ്രഹിക്കുവാനായത് വലിയ അനുഗ്രഹമായി ഇന്നും ഓർക്കുന്നു. പാപങ്ങൾ ഏറ്റുപറയാനുള്ള മടി എന്നിൽ നിന്നും നീക്കി, യഥാർത്ഥമായ അനുതാപത്തോടെ, ദൈവമേ പാപിയായ എന്നിൽ കനിയണമേ എന്ന പ്രാർത്ഥനയോടെ കുമ്പസാരിക്കുവാൻ എന്നെ പ്രാപ്തനാക്കിയത് ''നാം പാപങ്ങൾ ഏറ്റു പറയുന്നെങ്കിൽ അവൻ വിശ്വസ്തനും നീതിമാനുമാകയാൽ പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും'' (1 യോഹ. 1:9) എന്ന വചനഭാഗമാണ്.

എല്ലാ ആഴ്ചകളിലും കുമ്പസാരിക്കുന്നത് കണ്ടിട്ട് പലരും പരിഹസിക്കാറുണ്ട്, എന്തിനാ എപ്പോഴും കുമ്പസാരിക്കുന്നത് എന്നൊക്കെ ചോദിക്കാറുണ്ട്. (1 തെസലോനിക്ക 4:3) ''നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്.'' കണ്ണുകളുടെ ദുരാശ, ജഡത്തിന്റെ ദുരാശ, ജീവിതത്തിന്റെ അഹന്ത എന്നിവമൂലം എന്റെ ജീവിതത്തിൽ കുറ്റങ്ങളും കുറവുകളും സംഭവിക്കുമ്പോഴും, ഹൃദയത്തിൽ അനുതാപത്തോടും എളിമയോടുംകൂടി കുമ്പസാരത്തിനെത്തുമ്പോൾ, എന്റെ ഈശോ കുരിശിൽ ചിന്തിയ രക്ത

ത്താൽ എന്നെ കഴുകുകയും സകല പാപങ്ങളിൽ നിന്നും ശുദ്ധീകരിക്കുകയും ചെയ്യും (1 യോഹ. 1:7) എന്ന വാഗ്ദാനം എന്നെ ആശ്വസിപ്പിക്കുന്നു. നിരന്തര കുമ്പസാരങ്ങളിലൂടെ പാപങ്ങളുടെ മോചനം മാത്രമല്ല, പാപത്തിൽ വീഴാതെ വിശുദ്ധി യിൽ ജീവിക്കാൻ കൂടിയുള്ള കൃപാവരം ധാരാളമായി ലഭിക്കുന്നു. ഈ അനുഭവങ്ങളാണ് ഇപ്പോഴും ജീവിതത്തിലെ ഏത് നിർണ്ണായക തീരുമാനങ്ങൾ എടുക്കുന്നതിനും മുമ്പ് കുമ്പസാരത്തിനണയുവാൻ എന്നെ പ്രേരിപ്പിക്കുന്നത്.

നമ്മുടെ മനസ്സിൽ സാത്താൻ പലപ്പോഴും ചില തെറ്റായ ചിന്തകൾ നിറയ്ക്കാറുണ്ട്: ഇനി മേലിൽ പാപം ചെയ്യുകയില്ലെന്ന് ദൃഢമായി പ്രതിജ്ഞ ചെയ്തിട്ടാണോ നീ ഇതേ പാപം പിന്നേയും ചെയ്തത്? നീ കുമ്പസാരിച്ചിട്ടൊന്നും ഒരു കാര്യവുമില്ല, പിന്നേയും പാപത്തിൽ തന്നെ നീ വീഴും, നിനക്ക് ഈ തഴക്കദോഷത്തിൽ നിന്ന് മോചനമില്ല,...നിനക്ക് മടുത്തില്ലേ ഒരേ പാപങ്ങൾ തന്നെ പറഞ്ഞ് എന്നൊക്കെ.. എന്റെ മനസ്സിലും പലപ്പോഴും ഈ ചിന്തകൾ കൂടുകൂട്ടിയ സമയങ്ങൾ ഉണ്ടായിട്ടുണ്ട്. ആ അവസരങ്ങളിലെല്ലാം ''നിങ്ങൾ പാപങ്ങൾ ഏറ്റുപറഞ്ഞ് മടുത്തിരിക്കാം, എന്നാൽ സ്വർഗ്ഗത്തിലെ ദൈവത്തിന് നിങ്ങളോടു ക്ഷമിച്ച് മതിയായിട്ടില്ല''.

''ഓരോ കുമ്പസാരത്തിലും നീ വീണ്ടും പാപം ചെയ്യുമെന്ന് അറിഞ്ഞുകൊണ്ട് നിന്നോടു ക്ഷമിക്കുന്ന ദൈവത്തെ അനുഭവിക്കാം'' എന്നിങ്ങനെയുള്ള വിശുദ്ധരുടെ വാക്കുകൾ ഹൃദയത്തിന് ഒത്തിരി സന്തോഷവും സമാധാനവും നൽകി.

ദാവീദിനെ കുറിച്ച് ദൈവം അപ്പസ്തോല പ്രവർത്തനങ്ങൾ 13:12 ൽ ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു. ''ജസ്സെയുടെ പുത്രനായ ദാവീദിൽ എന്റെ ഹൃദയത്തിനിണങ്ങിയ ഒരു മനുഷ്യനെ ഞാൻ കണ്ടെത്തിയിരിക്കുന്നു.'' എന്നെ ഒത്തിരി ചിന്തിപ്പിച്ച കാര്യമാണ് വ്യഭിചാരിയും, കൊലപാതകിയുമായ ഈ മനുഷ്യൻ എങ്ങനെ ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയവനായിത്തീർന്നു എന്നുള്ളത്. തന്റെ തെറ്റ് നാഥാൻ പ്രവാചകൻ ഉണർത്തിച്ചപ്പോൾ; അനുതാപമുള്ള ഹൃദയത്തോടെ ദൈവത്തിലേക്ക് തിരിയുവാൻ അവൻ കാണിച്ച എളിമയും, വിശ്വാസവും, ദൈവത്തിലുള്ള പ്രത്യാശയും മാത്രം മതി അവനെ ദൈവത്തിന് മനസ്സിനിണങ്ങിയവനാക്കാൻ. ദാവീദിന്റെ അനുതാപ സങ്കീർത്തനം (സങ്കീർത്തനം 51) ഓരോ കുമ്പസാരത്തിനുമുമ്പ് ധ്യാനിക്കുന്നതും ദാവീദിന്റെ മനോഭാവത്തോടെ കുമ്പസാരിക്കുന്നതും നമ്മെയും ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയവരാക്കി മാറ്റും.

വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ നമ്മെ പഠിപ്പിക്കുന്നു: ''കുമ്പസാരമെന്നാൽ ധൈര്യവും സത്യസന്ധതയും ചേർന്ന ഒരു പ്രവർത്തിയാണ്. കാരുണ്യവാനും, സ്നേഹനിധിയും ക്ഷമാശീലനുമായ ദൈവത്തിന്റെ കരങ്ങളിലേക്ക് പാപത്തെ മറികടന്ന് നമ്മെത്തന്നെ ഭരമേൽപ്പിക്കാനാണ്''.

നമുക്കും ചുങ്കക്കാരനെപ്പോലെ പാപബോധത്തോടെ പ്രാർത്ഥിക്കാം ''ദൈവമേ, പാപിയായ എന്നിൽ കനിയണമേ'' (ലൂക്കാ 18:13). ദാവീദിനെപ്പോലെ നിലവിളിക്കാം ''ദൈവമേ നിർമ്മലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ'' (സങ്കീ. 51;10). നല്ലവനായ ദൈവം നമ്മെ ഓരോരുത്തരെയും വിശുദ്ധ കുമ്പസാരത്തിലൂടെ തന്റെ കരുണയുടെ കടലിൽ മുക്കി വിശുദ്ധിയുള്ളവരാക്കി തീർക്കട്ടെ. ആമ്മേൻ.

## എം.സി.സി.എൽ. ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു.



എം.സി.സി.എൽ. 2018–2020 വർഷത്തെ ഭാരവാഹികൾ അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്തു. എം.സി.സി.എൽ. ഡയറക്ടർ റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ അസി.ഡയറക്ടർ ഫാ. സാം ഒറ്റക്കല്ലിൽ, കോ–ഓർഡിനേറ്റർ സി. അലീന എസ്.ഐ.സി., ആനിമേറ്റർ ശ്രീ. ജോയിസാം എന്നിവർ പങ്കെടുത്തു.



**ഹണി വരിക്കപ്ലാമൂട്ടിൽ**
**എം.സി.വൈ.എം.**
**തിരുവല്ല അതിഭദ്രാസന പ്രസിഡന്റ്**



# കുമ്പസാരം പോലെ... രഹസ്യം

നമ്മുടെ നാട്ടിൽ പഴഞ്ചൊല്ലുപോലെ കേൾക്കുന്ന ഒരു വാക്യമാണ് 'കുമ്പസാര രഹസ്യം പോലെ സൂക്ഷിക്കണം' എന്നത്. ഇത് ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ എല്ലാവരിലും പതിഞ്ഞിട്ടുണ്ട്. അത്രക്ക് പവിത്രമായി വി. കുമ്പസാരത്തെ കാണുന്ന ഒരു സമൂഹത്തിലാണ് നാം.

യേശുതമ്പുരാൻ ഭരമേൽപിച്ച ഈ കൂദാശ അപ്പസ്തോലികസഭ ഗൗരവമായി തന്നെ കാണുന്നു. യേശു തന്നെ ശിഷ്യന്മാരെ ഇങ്ങനെ ഭരമേല്പിച്ചു നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും (യോഹ. 20:23) ഈ അധികാരം തലമുറ തലമുറയായി കൈമാറി പരിശുദ്ധ സഭ ആചരിക്കുന്നു.

ആനുകാലിക വിഷയങ്ങളെ ചിലർ നിറം പിടിപ്പിച്ച് പൗരോഹിത്യത്തെ ആക്രമിക്കുവാൻ ശ്രമിക്കുമ്പോൾ അത് കണ്ട് ചിരിക്കുന്നവരും വിരളമല്ല. അങ്ങനെ ഉള്ളവർ ഇത് ഓർക്കുന്നത് നല്ലത്. നാളെ അവർ നിങ്ങളെയും തേടി എത്തും. നിങ്ങളും നശിപ്പിക്കപ്പെടും.

സഭയെ നശിപ്പിക്കുവാൻ പുരോഹിതനെ ആക്രമിക്കുന്ന ഈ പഴയ സമ്പ്രദായം ഇന്നും കാണുന്നു. സഭക്കും സമൂഹത്തിനും വേണ്ടി സ്വന്തം ജീവനും, സമ്പത്തും സമയവും സമർപ്പിച്ച അനേകം പുരോഹിതർ നമ്മുടെ ചുറ്റും ഉണ്ട്. കുമ്പസാര രഹസ്യം സൂക്ഷിക്കുവാൻ തന്റെ ജീവൻ ബലി കൊടുത്തവരും ഉണ്ട്. അതൊന്നും കാണാതെ ഗൂഢമായ ലക്ഷ്യങ്ങൾക്കായി ചിലർ സഭയെ ആക്രമിക്കുന്നു.

കൂദാശകളിലെ തന്നെ അത്യന്തം ഗൗരവമേറിയ കൂദാശയാണ് വി. കുമ്പസാരം. ഈ കൂദാശയുടെ നൽവരം പാപമോചനം ആണെന്ന് മുകളിൽ പറഞ്ഞ വേദഭാഗം നമ്മെ ഓർപ്പിക്കുന്നു. തന്റെ ലംഘനങ്ങൾമറച്ചു വയ്ക്കാതെ ഏറ്റു പറയുന്നവന് കരുണ ലഭിക്കുമെന്ന് വി. ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവകരുണയുടെ പൊൻനീർച്ചാലാണ് വി. കുമ്പസാരം. കേവലം ചില ബാഹ്യശക്തികൾ ശ്രമിച്ചാൽ അതിന്റെ ഒഴുക്കിനെ തടയാൻ സാധിക്കില്ല. കാരണം അത് ഉദ്ഭവിച്ചത് പുത്രൻ തമ്പുരാന്റെ ജീവജലത്തിൽ നിന്നാണ്.

കേവലം സിനിമയിൽ കാണുന്ന ഇക്കിളിപ്പെടുത്തുന്ന ഒന്നായി വി. കുമ്പസാരത്തെ മാറ്റി എടുത്തതിൽ ഒരു പരിധിവരെ നമ്മളും തെറ്റുകാരാണ്. നമ്മുടെ ആരാധനാലയങ്ങളിൽ ഉപരി നമ്മുടെ കൂദാശകളെ ദൃശ്യവല്ക്കരിക്കാൻ അനുവാദം കൊടുത്തതും ഇതിന് ഒരു പരിധിവരെ കാരണമാണ്. നമ്മൾ ഒരു വിചിന്തനം നടത്തേണ്ടത് ആവശ്യമാണ്. വി. കുമ്പസാരത്തിന്റെ അർത്ഥവും വ്യാപ്തിയും വിശ്വാസിയുടെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ നാമും ബോധവാന്മാർ ആകണം.

കർത്താവിൽ നിന്ന് ശിഷ്യന്മാരിലേക്കും, ശിഷ്യന്മാരിൽ നിന്ന് മേൽപട്ടക്കാരിലേക്കും, പട്ടക്കാരിലേക്കും കൈമാറി വന്ന് നമ്മുടെ കർത്താവ് നല്കിയ കൂദാശകളുടെ ഒഴുക്ക് ഇന്നും അതേ പൂർണ്ണതയോടെ അനുഭവിക്കാൻ സാധിച്ചത് നമ്മുടെ മുൻ തലമുറയുടെ ഈ വിശ്വാസത്തിലുള്ള പൂർണ്ണമായ അടിത്തറ കൊണ്ടാണ്. അത് കൈമോശം വന്നതാവണം ഈ അവസ്ഥയ്ക്ക് കാരണം. നമുക്കെല്ലാം വിശ്വാസം ഉണ്ട് എന്നാൽ മൂർച്ചയേറിയ വിശ്വാസം ഇല്ല എന്നത് ആണ് തകരാർ. ആ വിശ്വാസത്തിന്റെ മുകളിലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. നമുക്ക് ചിന്തിക്കാനുള്ള സമയമാണ്. സത്യം കണ്ടെത്തുവാനും കണ്ടെത്തിയവയെ സംരക്ഷിക്കാനുമുള്ള സമയം. ●




**റോഷ് മരിയ സിബി**
**ചങ്ങനാശ്ശേരി**


# ഇത് കരുണയുടെ കൂദാശ

**'നി**ന്റെ പാപങ്ങൾ കടുംചുമപ്പാണെങ്കിലും അത് തൂമഞ്ഞുപോലെ വെണ്മയുള്ളതാക്കും.''

വി.കുമ്പസാരം കരുണയുടെ കൂദാശയാണ്. ഈശോയുടെ അളവറ്റ കരുണ നമ്മിലേക്ക് ആഴ്ന്നിറങ്ങുകയാണ്. ഓരോ വി. കുമ്പസാരത്തിലൂടെയും മാനുഷികമായി ചിന്തിക്കുമ്പോൾ അതിന്റെ അർത്ഥം മനസ്സിലാക്കാൻ നമ്മളെകൊണ്ട് സാധിക്കുകയില്ല. നമ്മൾ അറിഞ്ഞും അറിയാതെയും ചെയ്തുപോകുന്ന എല്ലാ പാപങ്ങളും അത് എത്ര മാരകമാണെങ്കിലും അവയെ ആഴിയുടെ അഗാധങ്ങളിലേക്ക് ഈശോ വലിച്ചെറിയുന്നു. പിന്നീടൊരിക്കലും ഈശോ അവ ഓർക്കുന്നില്ല. നമ്മൾ ഒക്കെ ഇരുട്ടിന്റെ മറവിലും വെളിച്ചത്തും ചെയ്തു കൂട്ടുന്ന പാപങ്ങൾ പോലും ഒരു അനുതാപപൂർണമായ കുമ്പസാരത്താൽ പൂർണമായി മായിക്കപ്പെടും.

എന്റെ വളരെ വ്യക്തിപരമായ അനുഭവം ഞാൻ പങ്കുവെയ്ക്കാം. ഈശോയെ അറിയാത്ത ഒരു നാമമാത്ര ക്രിസ്ത്യാനിയായി ഞാൻ ജീവിച്ച ഒരു കാലം യാതൊരു പാപബോധവും ഇല്ലാതെ എന്തും ചെയ്തുകൂട്ടി. അങ്ങനെയിരിക്കെയാണ് ഞാൻ ഒരു ധ്യാനം കൂടുന്നത്. ആദ്യമായി പാപബോധം ലഭിച്ചുവെങ്കിലും അവ ഏറ്റുപറയാൻ ആദ്യം ധൈര്യം കുറവായിരുന്നു. എന്തെന്നാൽ ഞാൻ എന്റെ മാനുഷിക ബുദ്ധിയിൽ ചിന്തിച്ചുപോയി. ഞാൻ പാപങ്ങൾ ഏറ്റു പറയുന്നത് ഒരു വ്യക്തിയായ വൈദികന്റെ പക്കൽ അല്ലെ എന്ന്. ഒരിക്കൽ കൂടി ധ്യാനഗുരു ആവർത്തിച്ചു കുമ്പസാരക്കൂട്ടിൽ ഇരിക്കുന്നത് ഈശോ തന്നെയാണ്. ഈ കേട്ട വാക്യത്തിന്റെ ധൈര്യത്തിൽ ഞാൻ കുമ്പസാരക്കൂട്ടിൽ എന്റെ ഈശോയാണ് എന്ന ഉറച്ച ബോധ്യത്തിൽ ആദ്യമായി പൂർണമായി നല്ല ഒരു കുമ്പസാരം നടത്തി. വർഷങ്ങൾ പിന്നിട്ടിട്ടും എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ ആവാത്ത ദിവസം ആണത്. ഓരോ പാപം ഏറ്റുപറഞ്ഞപ്പോഴും എന്നിൽ നിന്ന് വലിയ ഒരു ഭാരം നീങ്ങിപോയി. എന്റെ മനസ്സിൽ ആനന്ദം വന്നു നിറഞ്ഞത് എനിക്ക് അനുഭവിക്കാൻ ഇടയായി. പരിശുദ്ധാത്മാവ് എന്നിൽ വന്ന് നിറഞ്ഞത് എനിക്ക് ശരീരത്തിൽ അനുഭവിക്കാൻ സാധിച്ചു. അന്നു മുതൽ നാളിന്നുവരെ ഓരോ കുമ്പസാരക്കൂട്ടിലും ഞാൻ അനുഭവിച്ചത് എന്റെ ഈശോയെയാണെന്നുള്ള ബോധ്യം ലഭിച്ചു.

ഈ കൂദാശയുടെ മഹനീയത മനസ്സിലാക്കിയ ശേഷം ഞാൻ അണയുന്ന ഓരോ വി. കുമ്പസാരത്തിലും എന്റെ കണ്ണുകൾ ഈറൻ അണിയാറുണ്ട്.

പ്രിയ സഹോദരരേ, വി. കുമ്പസാരം, മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനത്തിൽ വിധിയുടെ ഭയാനകമായ ദിവസത്തിൽ അവിടുത്തെ മുൻപിൽ നിൽക്കാൻ ഉള്ള കരുത്തു ലഭിക്കാൻ അവിടുന്ന് നൽകുന്ന കരുണയുടെ കൂദാശയാണിത്. ●





# എന്തിന് യുവതിയായ ഞാൻ കുമ്പസാരിക്കണം?



**ഷെറിൻ ചാക്കോ പീടികയിൽ**
അധ്യാപിക, ബഥനി ആശ്രമം ഹൈസ്കൂൾ
ചെറുകുളഞ്ഞി

**കു**മ്പസാരത്തെക്കുറിച്ച് ഏറെ ചർച്ചചെയ്യപ്പെടുന്ന ഈ നാളുകളിൽ ഇതിന്റെ മഹത്വം പറയാൻ ഞാനയോഗ്യയാണ് എങ്കിലും........

'ഒരു നല്ല വൈദികന്റെ അടുത്ത് ഒരു കുമ്പസാരം നടത്തി എഴുന്നേറ്റാൽ ദേഹംമുഴുവൻ വിയർപ്പും ചെളിയുമായിരിക്കുമ്പോൾ ഒരു ഷവറിനു കീഴിൽ നിന്ന് നന്നായി ഒന്നു കുളിച്ചു കയറുമ്പോൾ കിട്ടുന്ന സുഖമാണ്. അനുഭവിച്ചിട്ടില്ലാത്തവരാണ് കുമ്പസാരത്തെ കുറ്റപ്പെടുത്തുന്നത്.''

മുൻ കളക്ടറും ചീഫ് സെക്രട്ടറിയുമായിരുന്ന ഡോ. ഡി.ബാബു പോളിന്റെ ഈ വാക്കുകൾ അവസരോചിതമായിരിക്കുന്നു.

ലോകത്തിലെ ഏതു കോടതിയിലും കുറ്റം മുഴുവൻ ഏറ്റുകഴിയുമ്പോൾ ലഭിക്കുന്നത് പരമാവധി ശിക്ഷയാണ്. കുമ്പസാരം എന്നു പറയുന്നത് ദൈവത്തിന്റെ കോടതിയാണ്. ദൈവത്തിന്റെ കോടതിയിൽ ചോദ്യങ്ങളില്ല. നീ എന്തിനു ഇതു ചെയ്തു? എങ്ങനെ ചെയ്തു? എപ്പോൾ ചെയ്തു? ഈ കോടതിയിൽ കുറ്റംമുഴുവൻ ഏറ്റുപറയുമ്പോൾ ദൈവം പറയുന്ന മൂന്നു കാര്യങ്ങളുണ്ട്.

1. നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു.
2. സമാധാനത്തോടെ പോവുക.
3. ഇനിമേൽ പാപം ചെയ്യരുത്.

പാപിനിയായ സ്ത്രീയോട് ഈശോപറഞ്ഞ അതേവാക്കാണിത്. ലോകം മുഴുവൻ അവളെ കുറ്റംവിധിച്ചപ്പോൾ വിധിക്കാൻ അർഹതയുണ്ടായിരുന്ന ദൈവം അവളെ കുറ്റം വിധിച്ചില്ല, പാപം ചുമത്തിയില്ല. ഇതു തന്നെയാണ് ഓരോ കുമ്പസാരത്തിലും ദൈവത്തിന്റെ നാമത്തിൽ പുരോഹിതൻ പറയുന്നത്. പാപം ഏറ്റുപറയുന്നത് വൈദികനോടല്ല ദൈവത്തോടാണ്. പാപം ക്ഷമിക്കുന്നത് വൈദികനല്ല ദൈവമാണ്.

''നിങ്ങൾ പാപം ചെയ്തു മടുത്തു അല്ലേ?
നിങ്ങൾ കുമ്പസാരിച്ചു മടുത്തു അല്ലേ?
ദൈവം ക്ഷമിച്ചു മടുത്തിട്ടില്ല.''

ഫ്രാൻസിസ് മാർപാപ്പാ

ദൈവത്തിന്റെ കോടതി കരുണയുടെ കോടതിയാണ്. നമ്മിലുള്ള പാപം എത്ര വലുതാണോ

പ്രതികരണം

# വനിതാ കമ്മിഷന്റെ നിർദേശം ന്യൂനപക്ഷങ്ങളെ ഞെരുക്കാനുള്ളതോ?



അജോ കുറ്റിക്കൻ

**കു**മ്പസാരം നിരോധിക്കണമെന്ന ദേശീയ വനിതാ കമ്മിഷന്റെ നിർദേശം ന്യൂനപക്ഷങ്ങളെ ഏതുവിധത്തിലും ഞെരുക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ്.

മതസ്പർധ വളർത്തി സമൂഹത്തിൽ സംഘർഷം വളർത്തുന്നതിനുള്ള ശ്രമമായേ ഇത്തരം പ്രസ്താവനകളെ കാണാനാവൂ. ഒറ്റപ്പെട്ട സംഭവത്തിന്റെ പേരിൽ കുമ്പസാരമെന്ന വിശുദ്ധ കൂദാശയ്ക്കെതിരേ ആക്രോശിക്കുന്നവർക്കു രഹസ്യ ലക്ഷ്യങ്ങളുണ്ട്.

ഒറ്റപ്പെട്ട ഏതെങ്കിലും അനിഷ്ടസംഭവത്തിന്റെ പേരിൽ ഒരു സമുദായത്തിന്റെ പരമ്പരാഗത ആചാരം നിരോധിക്കണമെന്ന് ഒരാൾ ശഠിച്ചാൽ അയാൾക്ക് ആ ആചാരത്തോടല്ല സമുദായത്തോടാണു വിരോധം എന്നുവേണം കരുതാൻ.

അതിലും വലുതാണ് ദൈവത്തിന് നമ്മോടുള്ള കരുണ. ഈ കരുണയാണ് ദൈവം നമുക്ക് ഓരോ കുമ്പസാരത്തിലൂടെയും നൽകുന്നത്.

''ഞാൻ ചികിത്സിച്ച 40,000 മനോരോഗികളിൽ 4 ശതമാനം മാത്രമേ കത്തോലിക്കരുണ്ടായിരുന്നുള്ളൂ. ഇതിനുള്ള കാരണം അവരുടെ കുമ്പസാരം എന്ന കൂദാശയാണ്''. മാനസിക ചികിത്സാരംഗത്ത് ഏറ്റവും പ്രശസ്തിയാർജ്ജിച്ച അകത്തോലിക്കനായ ചാൾസ് യുംഗിന്റെ വാക്കുകളാണിവ. ആത്മീയവും മാനസികവും ശാരീരികവുമായ ആരോഗ്യം കുമ്പസാരം എന്ന കൂദാശ പ്രദാനം ചെയ്യുന്നു.

വലിയ പാപം ചെയ്തുകഴിയുമ്പോൾ ഉള്ളിന്റെയുള്ളിൽ പാപബോധവും കുറ്റബോധവും ഉണ്ടാകാറുണ്ട്. ഈ പാപബോധവും കുറ്റബോധവും കൂടെചേർന്ന് നമ്മുടെ മുഖം മറ്റൊരു മുഖമായി മാറുന്നു. പാപം ചെയ്തു കഴിയുമ്പോൾ ദൈവത്തിന്റെ ആത്മാവ് (The robe of glory) നഷ്ടപ്പെടുന്നു. ഈ പ്രസാദവരം വീണ്ടുകിട്ടുന്ന കൂദാശയാണ് കുമ്പസാരം.

മറ്റ് ഏതെങ്കിലും മതത്തിലോ മറ്റ് എവിടെയെങ്കിലുമോ പാപം ക്ഷമിച്ചു എന്നുള്ള ഒരു ഉറപ്പ് അധികാരത്തോടുകൂടി ആരെങ്കിലും പറയുന്നുണ്ടോ? എന്നാൽ, കുമ്പസാരം എന്ന കൂദാശയിൽ ദൈവത്തിന്റെ പ്രതിപുരുഷൻ 'നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്ന് ഉറപ്പുതരുന്നു.

ലത്തീനിൽ പ്രാവീണ്യമില്ലാത്തതിന്റെ പേരിൽ സെമിനാരിയിൽ നിന്നും പറഞ്ഞുവിടാൻ തുടങ്ങിയപ്പോൾ മാതൃഭക്തനാണെന്ന ഒരൊറ്റ പരിഗണനയിൽ വൈദികനായ വ്യക്തിയാണ് ജോൺ മരിയ വിയാനി. ഫ്രാൻസിലെ ആഴ്സ് എന്ന ഇടവകയിലാണ് ആദ്യമായി നിയമിതനായത്. അവിടെ ചെന്നിറങ്ങി അവിടുത്തെ നിലം ചുംബിച്ചു. ആ ഇടവകയിലേക്കു പ്രവേശിച്ചു. പാപത്താൽ കുത്തഴിഞ്ഞ ആഴ്സിന്റെ കുമ്പസാരക്കൂട്ടിൽ അച്ചൻ കയറി ഇരുന്നു. ഒരു മണിക്കൂർ അല്ല, രണ്ടു മണിക്കൂർ അല്ല പതിനെട്ട് മണിക്കൂർ വരെ ഓരോ ദിവസവും കുമ്പസാരക്കൂട്ടിൽ ചിലവഴിച്ചു. ആഴ്സ് മാനസാന്തരപ്പെട്ടു. മറ്റ് വലിയ കാര്യങ്ങൾ ഒന്നും ചെയ്യാതെ കുമ്പസാരക്കൂട്ടിൽ ഇരുന്നു പാപസങ്കീർത്തനം കേട്ട ആ വൈദികൻ മാത്രമേ ഇടവക വൈദികരിൽ വിശുദ്ധനായിട്ടുള്ളൂ.

ഇന്ന് സഭാവിമർശകരെല്ലാം കരുതുന്നത് കുമ്പസാരം എന്നു പറയുന്നത് പുരോഹിതർക്കു എന്തോ ഒരു വൈകാരിക സന്തോഷം പ്രദാനം ചെയ്യുന്ന കാര്യമായാണ്. അതുപോലെ സ്ത്രീകൾ വന്ന് അവരുടെ രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ ആണ് പറയുന്നത് എന്നാണ് ചിന്തിക്കുന്നത്. എന്നാൽ, എന്താണ് ഒരു കുമ്പസാരത്തിൽ സംഭവിക്കുന്നത് എന്ന് ഓരോ നല്ല കത്തോലിക്കനും അറിവുള്ളതാണ്.

"You can fly to heaven on the wings of Confession and Communion". എന്ന ഡോൺബോസ്കോയുടെ ചിന്ത നമ്മെ നയിക്കട്ടെ. അങ്ങനെ ഓരോ കുമ്പസാരവും ജീവിതത്തിലെ ആദ്യകുമ്പസാരം പോലെയും ഒരേയൊരു കുമ്പസാരം പോലെയും ആകുമ്പോൾ ഈശോയ്ക്കു മാത്രം നൽകാൻ കഴിയുന്ന സമാധാനവും സന്തോഷവും എനിക്കും നിങ്ങൾക്കും സ്വന്തമാക്കാം.

# ദൈവത്തിന്റെ അദൃശ്യകരങ്ങൾ





**പ്രിയ വിനോദ്**
**നെടുമ്പ്രം**

**എ**ന്റെ ജീവിതത്തിൽ ക്രിസ്തുവിനെ സ്വീകരിച്ചത് വളരെ വൈകിയായിരുന്നു. എന്റെ ജീവിതത്തിൽ മാമ്മോദീസ മുങ്ങിയതും യേശുവിനെ നാഥനും കർത്താവുമായി സ്വീകരിച്ചതും അനുരജ്ഞന കൂദാശയിലൂടെ ദൈവത്തിന്റെ കാരുണ്യം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞതും വളരെ നല്ല ഓർമ്മകളായി ഇന്നും എന്റെ മനസ്സിൽ തങ്ങി നിൽപ്പുണ്ട്.

അതിയായ ആഗ്രഹത്തോടെയാണ് ഞാൻ ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നുവന്നത്. ലോകത്തിലുള്ള സകലരെയും വിശുദ്ധമായ ഒരു ജീവിതത്തിലേക്ക് നയിക്കുക എന്ന വലിയ കാര്യമാണ് ഇന്ന് കൂദാശകളിലൂടെ നാം അനുഭ വിക്കുന്നത്. കൂദാശകളിലൂടെ ദൈവികജീവൻ നമുക്കു ലഭിക്കുന്നു എന്ന് ഞാൻ ഉറച്ചു വിശ്വസി ക്കുന്നു. കൂദാശ എന്ന പദത്തിന്റെ അർത്ഥം പോലെ എല്ലാമനഷ്യനേയും വിശുദ്ധീകരിച്ച് അവന് ദൈവിക ജീവൻ പ്രദാനം ചെയ്യുന്ന വിശുദ്ധ ആഘോഷങ്ങളായി ഞാൻ കൂദാശകളെ എന്റെ ജീവിതത്തിൽ കാണുന്നു.

അനുരജ്ഞന കൂദാശ എനിക്ക് ജീവിതത്തിൽ എന്നും ആശ്വാസം നല്കിയിരുന്ന ഒന്നായിരുന്നു. ‘‘നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും (മത്തായി 18:18) എന്ന ദൈവവചനം എന്നെ അനുരജ്ജന കൂദാശ സ്വീകരിക്കുന്നതിന് ഏറ്റവും പ്രേരിപ്പിച്ച ദൈവവാക്യമാണ്.

ജീവിതത്തിൽ മാനസികമായി ബുദ്ധിമുട്ടു കൾ ഉണ്ടായിരുന്ന എല്ലാസമയത്തും ഒരു നല്ല കുമ്പസാരം നടത്തിക്കഴിയുമ്പോൾ എനിക്ക് അത് വളരെ ആശ്വാസമുള്ള ഒരു കാര്യം ആയി രുന്നു. മനസ്സിലെ എല്ലാ ക്ലേശങ്ങളും ദൈവത്തി ന്റെ മുമ്പിൽ

ബാക്കിവയ്ക്കാൻ ലഭിച്ച നല്ല അവസരങ്ങളായി ഞാൻ അതിനെ കാണുക യാണ്.

ജീവിതത്തെ മുമ്പോട്ടു നയിക്കാൻ എന്നെ കുമ്പസാരം വളരെയധികം സഹായിച്ചിട്ടുണ്ട്. ബുദ്ധിമുട്ടുകളിൽ കൂടി കടന്നുപോകുമ്പോൾ ദൈവത്തിന്റെ അദൃശ്യകരങ്ങൾ കുമ്പസാരം എന്ന കൂദാശയിലൂടെ എന്നിൽ പ്രവർത്തിക്കുന്നതായി ഞാൻ വിശ്വസിച്ചു പോകുന്നു. അത് കൂടുതൽ കരുത്തോടെ ജീവിതത്തിലെ പ്രയാസങ്ങളെ നേരിടാൻ പ്രേരകമായി തീരുന്നു.


ജീവിതത്തിൽ എനിക്ക് എന്നും നല്ല അനുഭവങ്ങൾ മാത്രമേ പള്ളിയിൽ നിന്നും പട്ടക്കാരിൽ നിന്നും അനുഭവവേദ്യമായിട്ടുള്ളൂ. എന്നെ കരുതുന്ന എന്നെ വളർത്തുന്ന ധാരാളം വൈദികരും സിസ്റ്റേഴ്സും എന്റെ ജീവിതത്തിൽ ഉണ്ട്. എന്റെ ജീവിതത്തിന്റെ വളർച്ചയിൽ അവർ എന്നും എനിക്ക് താങ്ങായി നിന്നിട്ടേയുള്ളൂ.

ഒരു വ്യക്തിയുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും പ്രദാനം ചെയ്ത് അവനെ ദൈവിക ജീവനിലേക്ക് തിരികെ കൊണ്ടുവരുന്ന ശുശ്രൂഷയാണ് കുമ്പസാരം. ദൈവം നല്കിയ ഒരു മദ്ധ്യസ്ഥന്റെ മുൻപിൽ നാം നമ്മുടെ പാപങ്ങൾ ഏറ്റ് പറയുമ്പോൾ ദൈവകൃപ അവനിലേക്ക് ചൊരിയപ്പെടുകയും അവൻ പാപമോചനം പ്രാപിച്ച് ദൈവവും മനുഷ്യനുമായി അനുരഞ്ജനത്തിലാവുകയും ചെയ്യുന്നു. തത്ഫലമായി ശാരീരികവും മാനസികവുമായ സൗഖ്യത്തിന് കുമ്പസാരം കാരണമായി തീരുന്നു.

വളരെ മോശമായ രീതിയിൽ സഭാമക്കൾ പോലും പരിശുദ്ധമായ ഈ കൂദാശയെ അവഹേളിക്കുമ്പോഴും കഴിഞ്ഞ ദിവസം വന്ന പത്രവാർത്ത പ്രാധാന്യം അർഹിക്കുന്നു. മറ്റൊരു സ്ത്രീയെ സ്വന്തമാക്കാൻ ഭാര്യയെ കൊല്ലുകയും ചെയ്ത ആൾ പിന്നീട് പശ്ചാത്തപിച്ച് കുമ്പസാരിച്ചപ്പോൾ വൈദികന്റെ നിർദേശാനുസരണം പോലീസിന് കീഴടങ്ങി. പാപബോധം ഒരുവനെ പശ്ചാത്താപത്തിലേക്കും പിന്നീട് കുമ്പസാരത്തിലേക്കും നയിക്കുന്നു. പാപം മൂലം ആത്മാവിൽ പുരണ്ട കറയും കുറ്റബോധവും കുമ്പസാരത്തിലൂടെ നീക്കപ്പെടുകയും ചെയ്യുന്നു.

അമ്മയെന്നെ മറന്നാലും
ഈ ലോകമെന്നെ വെറുത്താലും
അനുകമ്പാർദ്രമാം ഹൃദയമെപ്പോഴും
എനിക്കായി തുടിച്ചിടുന്നു.
എന്നെ ഓമനയായി കരുതുന്നു.





# THE FLIGHT TO A THOUSAND DREAMS



Krupa Grace Mathew

*Etiquettes, rules and conventions barred women and men from trespassing the boundaries prescribed for them ages ago. Tethered by the roles they are obliged to play in the societal stage, few have dared to ventured beyond the notions of ideal conduct towards the path of their true inclinations. At the onset of the 20th century, such prospects were still greeted with admonition, a clear distinction seemed to be placed on the extend each gender could accomplish in the world.*

*But one woman disavowed the path set for her, chose her own path, set her own limits. The first female aviator to fly solo across the Atlantic. Her flight to history was never easy.*

She was unlike other girls of her age. She loved outdoors, her idea of fun constituted climbing trees, hunting rats with rifles and belly slamming her sled downhill. Those who knew her characterised Amelia Earhart as a tomboy. She soared high even in her early days excelling in science and sports in school. But her domestic troubles restrained her , with a father caught in the clutches of alcohol and faced with rampant financial crisis she was unable to pursue the education she had yearned for.

In 1917, on a visit to her sister she witnessed for the first time the ravages of world war I, touched by the sight of wounded soldiers returning from battle she volunteered as a military nurse. But change was soon inevitable. At the close of the decade, a brief plane ride succeeded in transforming her. It was only 10 minutes, but when she landed she knew she had to learn to fly. Working at a variety of jobs, from photographer to truck driver, she earned enough money to take flying lessons from pioneer female aviator Anita "Neta" Snook. "I want to fly. Will you teach me?"

Her intense desire to scour the skies one day led her through the rudimentary conditions and drudgery that accompanied early aviator training. So bound was her intentions that she underwent an outright metamorphosis even cropping her hair and wearing a leather jacket like the other women flyers of the time. The final touch to her newly projected identity, she bought a second hand airplane which she nicknamed Canary. Her zeal led her to set the record altitude for female aviators at 14000 ft. She became the 16th woman in the United States to be issued a pilot's license by the Fédération Aéronautique Internationale (FAI).

She was destined for greatness, while at work one afternoon in April 1928, Earhart got a phone call from Capt. Hilton H. Railey, who asked her, "Would you like to fly the Atlantic?" There was nothing stopping her. Earhart became the reigning "Queen of the Air". But she was not done, she was set on making an untarnished record for her herself. Earhart then became the first woman to fly solo across the North American continent and back. Her piloting skills and professionalism earned her widespread appreciation, her fame grew with her achievements. As the first woman to fly solo nonstop across the Atlantic, Earhart received the Distinguished Flying Cross from Congress, the Cross of Knight of the Legion of Honor from the French Government and the Gold Medal of the National Geographic Society from President Herbert Hoover.

There was an intense sense of adventure within her that withheld her from restraining herself, the success of her little ventures culminated in her next mission, taking over the world. Thus she embarked on her quest to be the first to circumnavigate the globe. She had to cover a record 29000 miles a feat never done before. Given the technological innovations and circumstances of the time the mission proved to be gruesome and perilous than expected. Her first attempt was sabotaged by a technical glitch. But she remained ever resolute. On June 1 1937, Amelia Earhart departed on her second attempt.

She was accompanied by Fred Noonan as her only crew member. The pair departed from Miami and after numerous stops in South America, Africa, the Indian subcontinent and Southeast Asia, arrived at Lae, New Guinea, on June 29, 1937. At this stage about 22,000 miles of the journey had been completed. The remaining 7,000 miles would be over the Pacific.On 2 June they began their final lap home.

But their fates lay ahead of them, the Electra, Earhart's airplane lost connection.

Some believe she survived some say she didn't, no substantial evidence have been gained to prove either. The search for her has never ceased. She remains a mystery to this day as the shimmer in the night sky she had always dreamt of reaching. A true queen in life and as in death, untamed and free.

**WORD INTAKE**

***Admonition*** *– a fierce warning or reprimand*

***Inclinations*** *–an interest or liking for something*



# ഉപ്പ് കൂട്ടുന്നവരുടെ ശ്രദ്ധയ്ക്ക്...

സി. ഐറിൻ എസ്.ഐ.സി.

**സോ**ഡിയം നമ്മുടെ ശരീരത്തിലെ പ്രധാനപ്പെട്ട ഒരു പോഷകമാണ്. നമുക്കാവശ്യമുള്ള സോഡിയം ഭക്ഷണത്തിൽ നിന്നും, ഉപ്പ് ചേർത്ത് പാചകം ചെയ്യുന്നു ഭക്ഷണത്തിൽ നിന്നും ലഭിക്കുന്നു. സോഡിയം നിയന്ത്രിച്ചുള്ള ഭക്ഷണക്രമം വേണ്ടത് പ്രധാനമായും രക്തസമ്മർദം, വൃക്കരോഗങ്ങൾ, ഹൃദയരോഗങ്ങൾ, കരൾരോഗങ്ങൾ, നീർക്കെട്ട് തുടങ്ങിയവ ഉള്ളവർക്കാണ്.

ശരീരത്തിൽ സോഡിയത്തിന്റെ പ്രവർത്തനത്തെപ്പറ്റി പറയാം. ഈ സോഡിയം നമ്മുടെ ശരീരത്തിലെ ബ്ലഡ് പ്രഷറിനെ സഹായിക്കുകയും, അതുപോലെ തന്നെ muscle ന്റെയും nerveന്റെയും പ്രവർത്തനത്തെ ഉജ്വലിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ സോഡിയം കൂടിയാലും കുറഞ്ഞാലും പ്രശ്നം ആണ്. എന്നാൽ മരുന്നുകൊണ്ടു മാത്രം നമുക്ക് സോഡിയത്തെ നിയന്ത്രിക്കാൻ സാധിക്കില്ല. ചില ഭക്ഷണ ക്രമീകരണങ്ങൾ ചെയ്യുന്നത് നല്ലതാണ്.

**ഉപ്പ് അധികമുള്ള ഭക്ഷണം (ഒഴിവാക്കേണ്ടവ)**

1. അപ്പക്കാരം, ബേക്കിംഗ് പൗഡർ, അജ്നാമോട്ടോ
2. ബേക്കറി പലഹാരങ്ങൾ (റൊട്ടി, ബിസ്ക്കറ്റ്, കേക്ക്, പിസ)
3. ഉപ്പടങ്ങിയ വെണ്ണ, ചീസ്
4. ഉപ്പടങ്ങിയ അണ്ടിപ്പരിപ്പ്, ചിപ്സ്, മിക്സചർ, പർപ്പടം
5. റെഡിമെയ്ഡ് ഭക്ഷണങ്ങളായ റെഡിമെയ്ഡ് സൂപ്പ്, ന്യൂഡിൽസ്
6. മാംസാവയവങ്ങൾ (കരൾ, വൃക്ക) ഷെൽഫിഷ് (ഞണ്ട്, ചെമ്മീൻ, കല്ലുമക്കായ, കക്ക) മീൻ, അച്ചാർ, ഉണക്കമീൻ
7. ശീതള പാനീയങ്ങൾ - സോഡ, സ്ക്വാഷ് മുതലായവ
8. സോസ്, അച്ചാറുകൾ, ചട്നി, മയോണൈസ്, സാലഡ് (ഡ്രസ്സിംഗ് ഇവയെല്ലാത്തിനും പകരം ചെറുനാരങ്ങാ, വിനാഗിരി, കുരുമുളകുപൊടി, പുളി തുടങ്ങിയവ ഉപയോഗിച്ച് സാലഡ് തയ്യാറാക്കാവുന്നതാണ്.)

**സോഡിയം മിതമായുള്ള ഭക്ഷണം**

1. ചോളം, കോൺഫ്ളകസ്
2. പരിപ്പുകൾ, ചെറുപയർ, കടല, തുവരപരിപ്പ്, കടലപരിപ്പ്
3. കോഴിയിറച്ചി, മുട്ട, മീൻ
4. പാൽ, തൈര്
5. പച്ചക്കറികൾ, ബീറ്റ്റൂട്ട്, ക്യാരറ്റ്, മുളങ്കി, തക്കാളി, ചീര, കോളിഫ്ളവർ, ചെറുചീര
6. പഴങ്ങൾ, കൈതച്ചക്ക, മത്ത, തണ്ണിമത്തൻ, വാഴപ്പഴം

**സോഡിയം കുറവുള്ള ഭക്ഷണം**

1. അരി, ഗോതമ്പ്, റാഗി, ബാർലി, സേമിയ, അവിൽ, റവ
2. വെള്ളപ്പയർ, മുതിര
3. പച്ചക്കറികൾ, പട്ടാണി, കാബേജ്, വഴുതനങ്ങ, വെണ്ടക്ക, ബീൻസ്, ഉരുളക്കിഴങ്ങ്, മധുരക്കിഴങ്ങ്, വെള്ളരിക്ക, വലിയ ഉള്ളി, ചേന, പച്ചക്കായ
4. പഴങ്ങൾ, നെല്ലിക്ക, പപ്പായ, ഓറഞ്ച്, പേരയ്ക്ക, സപ്പോട്ട



ജൂനിയർ
മോസസ്
കുട്ടികളുടെ കൂട്ടുകാരൻ
SAMEEKSHA
CATECHISM
Thiruvalla
തൊട്ടടുത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടികൾ ഭയന്ന് ഓടി.
അച്ചാ... ആ ജോസഫ് കോൺട്രാക്ടർ ഞങ്ങൾ കളിച്ചുകൊണ്ടിരുന്ന സ്ഥലവും അവിടുത്തെ മരങ്ങളും വെട്ടി നശിപ്പിക്കുന്നു.
എന്താണ് ജോസഫേ... നീ ഈ ചെയ്യുന്നത്?
ഇവിടെ ഫ്ലാറ്റുകൾ വരികയാണ്... ഇതൊക്കെ വെട്ടിമാറ്റിയേ പറ്റൂ...
തുടരും...




# കുട്ടികൾക്കുള്ള കഥകൾ



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

## കർത്താവിന്റെ കണ്ണുകൾ



**ആ**ളൊഴിഞ്ഞ ഒരു പാതയിലൂടെ തന്റെ കുഞ്ഞുമകന്റെ കൈയിൽ പിടിച്ചുകൊണ്ട് അയാൾ മുമ്പോട്ട് നടക്കുകയായിരുന്നു. അപ്പോൾ, വഴിയരികിൽ, കരിയിലകൾക്കിടയിൽ തിളങ്ങുന്ന ഒരു സാധനം കിടക്കുന്നത് അയാൾ കണ്ടു. അടുത്തെത്തി നോക്കിയപ്പോൾ, അതിലേ നേരത്തേ നടന്നുപോയ ആരുടെയോ കഴുത്തിൽ നിന്നും ഊരി താഴെ വീണു പോയ ഒരു സ്വർണ്ണമാലയാണ് അത് എന്ന് അയാൾക്ക് മനസ്സിലായി.

വിലയേറിയ ആ മാല മോഷ്ടിക്കുവാൻ അയാൾ തീരുമാനിച്ചു. കുട്ടിയുടെ കൈ വിട്ടിട്ട് അയാൾ വട്ടം കറങ്ങി ചുറ്റും നോക്കി. മുൻപിലും പുറകിലും വശങ്ങളിലും മറ്റാരുമില്ല എന്ന് ഉറപ്പാക്കിയ ശേഷം അയാൾ കുനിഞ്ഞ് ആ സ്വർണ്ണമാല എടുത്ത് സ്വന്തം പോക്കറ്റിലാക്കി. അതിനുശേഷം അയാൾ മകന്റെ കൈയും പിടിച്ച് യാത്ര തുടർന്നു.

പെട്ടെന്ന് ആ കുഞ്ഞുമോൻ അയാളോട് ചോദിച്ചു,' പപ്പാ, ആ സ്വർണ്ണമാല എടുക്കുന്നതിനു മുമ്പ് പപ്പ ചുറ്റും തിരിഞ്ഞു നോക്കിയല്ലോ. പക്ഷേ മുകളിലേക്ക് മാത്രം നോക്കാതിരുന്നത് എന്താണ് പപ്പാ?''

മകന്റെ നിഷ്ക്കളങ്കമായ ചോദ്യം അയാളെ ചിന്തിപ്പിച്ചു. സ്വർണ്ണമാല സ്വന്തമാക്കുന്നതിനു മുമ്പ് മുകളിലേക്ക് അതായത് ദൈവത്തിന്റെ അടുത്തേക്ക് നോക്കാനോ, ദൈവത്തിന്റെ ഇഷ്ടം എന്താണെന്ന് അന്വേഷിക്കാനോ ശ്രമിച്ചില്ലല്ലോ എന്ന് അയാൾ അനുതാപത്തോടെ ഓർത്തു. ആ കുഞ്ഞു മകന്റെ സ്വരം തന്റെ മനസ്സാക്ഷിയിലൂടെ സംസാരിക്കുന്ന ദൈവത്തിന്റെ സ്വരം തന്നെയാണ് എന്ന് അയാൾ തിരിച്ചറിഞ്ഞു. പാപബോധത്തോടെ അയാൾ മോനെ വാരിയെടുത്ത് ചുംബിച്ചു. അപ്പോൾ അയാളുടെ കണ്ണിൽ നിന്നും അനുതാപത്തിന്റെ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു.

അയാൾ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിൽ എത്തി. അവിടെ ആ മാലയുടെ ഉടമയായ സാധു സ്ത്രീ കരഞ്ഞുകൊണ്ട് നിൽക്കുന്നുണ്ടായിരുന്നു. കളഞ്ഞുകിട്ടിയ മാല അയാൾ അവിടത്തെ പോലീസ് ഓഫീസറെ ഏൽപ്പിച്ചു. അദ്ദേഹം അത് ആ സ്ത്രീയ്ക്ക് കൊടുത്തു. നഷ്ടപ്പെട്ടു എന്ന് കരുതിയ അവരുടെ ഏക സമ്പാദ്യം തിരിച്ചു കിട്ടിയ സന്തോഷത്തിൽ ആ സ്ത്രീ, കുഞ്ഞു മോനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. അവർ ദൈവത്തിന് നന്ദി പറഞ്ഞു.

## രണ്ടു കടലുകളുടെ കഥ

ഇസ്രായേലിൽ 'കടലുകൾ' എന്ന് വിളിക്കപ്പെടുന്ന രണ്ട് വലിയ തടാകങ്ങൾ ഉണ്ട്. ഒന്ന് ഗലീലി കടൽ. മറ്റൊന്ന് ചാവുകടൽ. ഗലീലി കടലിൽ നിറയെ ശുദ്ധജലവും മത്സ്യങ്ങളും മറ്റു ജീവജാലങ്ങളും ഉണ്ട്. അതിന്റെ തീരങ്ങളിൽ നിരവധി മരങ്ങളും ചെടികളും ഉണ്ട്.

എന്നാൽ, ചാവുകടലിൽ ജീവജാലങ്ങൾ ഒന്നും ഇല്ല. അതിന്റെ തീരങ്ങളിൽ സസ്യങ്ങളും ഇല്ല. ചാവുകടലിലെ വെള്ളത്തിൽ ഉപ്പിന്റെ അളവ് (സാന്ദ്രത) സാധാരണ കടൽ വെള്ളത്തിൽ ഉള്ളതിന്റെ ഒൻപതിരട്ടി ഉള്ളതു കൊണ്ടാണ് അവിടെ ജീവജാലങ്ങൾക്ക് ജീവിക്കാൻ കഴിയാത്തത്.



ഹെർമോൻ പർവ്വതങ്ങളിൽ നിന്നു ഉത്ഭവിക്കുന്ന ജോർദാൻ നദി ഗലീലി കടലിലേക്ക് ശുദ്ധജലം എത്തിക്കുന്നു. ഗലീലി കടലിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന ശുദ്ധജലം ജോർദാൻ നദിയിലൂടെ ചാവുകടലിൽ എത്തുന്നു. എന്നാൽ ചാവുകടലിലെ വെള്ളം ഒരിക്കലും പുറത്തേക്ക് ഒഴുകുകയില്ല. കുറേ വെള്ളം നീരാവിയായി ആകാശത്തേക്ക് ഉയരും. അങ്ങനെ ചാവുകടലിലെ വെള്ളത്തിന്റെ ലവണാംശം വളരെയേറെ ഉയർന്നു. അതിനാൽ ജീവജാലങ്ങൾക്ക് അവിടെ ജീവിക്കാൻ സാധിക്കുകയില്ല.

ദൈവത്തിൽ നിന്നും നമുക്ക് ദാനമായി ലഭിക്കുന്ന അനുഗ്രഹങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാതെ, നാം സ്വാർത്ഥതയിൽ മുഴുകുമ്പോൾ നമ്മുടെ ജീവിതം ചാവുകടലിനെപ്പോലെ നിർജ്ജീവമായ, നിഷ്ഫലമായ അവസ്ഥയിൽ ആയിരിക്കും.

എന്നാൽ, ദൈവം നമുക്ക് നല്കിയ കഴിവുകളും സമ്പത്തും മറ്റു നന്മകളും നമ്മൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ, നമ്മുടെ ജീവിതം ഗലീലി കടലിനെപ്പോലെ ഫലപ്രദമാകും. അങ്ങനെ, പങ്കുവയ്ക്കലിലൂടെ സന്തോഷവും സംതൃപ്തിയും സംശുദ്ധിയും നിറഞ്ഞ ഒരു ജീവിതം നമുക്ക് സ്വന്തമാക്കാം.




ഫാ. റിജോ പുത്തൻപറമ്പിൽ



# നിങ്ങളുടെ മൊബൈൽ ഫോൺ നിരീക്ഷിക്കപ്പെടുന്നുണ്ടോ?

**എ**ല്ലാവരും ഇക്കാലത്ത് മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരാണ്. കൂടുതലും ആൾക്കാർ ഇപ്പോൾ സ്മാർട്ട് ഫോണുകളാണ് ഉപയോഗിക്കുന്നത്. സ്മാർട്ട് ഫോണുകൾ പലപ്പോഴും നമ്മുടെ സ്വകാര്യതയ്ക്ക് ഒരു വെല്ലുവിളിയാണ്. നമ്മുടെ ഫോണുകൾ പലപ്പോഴും നിരീക്ഷിക്കപ്പെടാൻ സാധ്യതയുണ്ട്. നമ്മുടെ ഫോൺകോളുകളും മൊബൈലുകളും നമ്മൾ അറിയാതെ തന്നെ വേറെ ഒരാൾ ചോർത്തുന്നുണ്ടാകാം. ഇപ്രാവശ്യം നമ്മൾ ചില കോഡുകളെ പരിചയപ്പെടാം. അതുപയോഗിച്ച് നമ്മുടെ ഫോൺ നിരീക്ഷിക്കപ്പെടുന്നുണ്ടോ എന്ന് നമുക്ക് അറിയാനായി സാധിക്കും.

**1. *#21#**

ഈ കോഡ് ഉപയോഗിച്ചാൽ നമ്മുടെ ഫോൺ കോളുകൾ, മെസേജുകൾ എന്നിവ മറ്റൊരു സ്ഥലത്തേക്ക് തിരിച്ചുവിടുന്നുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ ഫോണിലെ ഡേറ്റാകൾ ഇതുപോലെ മറ്റൊരാളിലേക്ക് എത്തിയാൽ നമ്മുടെ കൂട്ടുകാരുടെ നമ്പറുകൾ, ധനകാര്യവിവരങ്ങൾ, സ്വകാര്യവിവരങ്ങൾ ഇവയെല്ലാം ചോർത്താൻ കഴിയുന്നതാണ്.

**2. *#62#**

ഈ കോഡ് അടിച്ചുനോക്കിയാൽ നമ്മുടെ കോളുകൾ വോറൊരു നമ്പറിലേക്ക്/ സെൽ ഫോൺ ഓപ്പറേറ്റർ നമ്പറിലേക്ക് തിരിച്ചു വിടുന്നുണ്ടോ എന്ന് മനസ്സിലാക്കുവാൻ സാധിക്കും.

**3. ##002#**

ഈ കോഡുപയോഗിച്ചാൽ നമ്മുടെ ഫോൺ കോളുകൾ മറ്റൊരു നമ്പറിലേക്ക് റീഡിറക്റ്റ് ചെയ്യാനായി സാധിക്കുകയില്ല. ഫോൺ റോമിംഗിൽ ആയിരിക്കുമ്പോൾ ഇത് ഉപയോഗിക്കുന്നത് നല്ലതാണ്.

**4. *#06#**

ഈ കോഡുപയോഗിച്ച് നമ്മുടെ മൊബൈലിന്റെ IMEI (International Mobile Equipment Identifier) നമ്പർ കണ്ടെത്താനായി സാധിക്കും.

നമ്മുടെ ഫോൺ നഷ്ടപ്പെട്ടാൽ ഈ നമ്പർ ഉപയോഗിച്ച് ഫോണിന്റെ ലൊക്കേഷൻ മനസ്സിലാക്കുവാനായി സാധിക്കും. വേറെ സിംകാർഡ് ഉപയോഗിച്ചാൽ പോലും നമ്മുടെ ഫോൺ കണ്ടുപിടിക്കാനായി സാധിക്കും. ●

## പുസ്തകപ്രകാശനകർമ്മം



ഫാ. മാത്യു ചിറയിലിന്റെ ''പുരോഹിതൻ'' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത നിർവ്വഹിക്കുന്നു.



# ARE YOU A TECH-SAVVY?

**Sojisha Samuel**
PGT Computer Science
Navy Children School,
Colaba ,Churchgate,Mumbai



In today's era when technology has gone up to a level where we can create virtual human being it is very essential to try and use the latest technologies that have evolved around us.A computer science Professional has a wide range of opportunities from developing games to managerial level activities ,analyzing data and so on. A career in computer science is a good fit for those with skills and abilities in the areas of deductive reasoning, information ordering, critical thinking, complex problem solving, programming and systems analysis, and active listening and learning. A career in computer science requires patience, logical thinking, information gathering and mathematical aptitude.

A Bachelors degree can open the doors of opportunities in the fields of applications development , cyber security development , data analyst , data base administrator , Forensic computer analyst, games developer, Information systems manager, IT consultant, Multi media programmer , web designer, web developer, IT sales professional , IT trainer , network engineer, social media manager , web content manager. Some of the bachelor's degree in computer science available in indiaare B.Tech, B.E, BCA, B.Sc.(Computer Science),Diploma in Software engineering.

You can top it up with a Master's degree like M.tech, M.E, MCA, M.Sc. (Computer Science) the above degree's help you enchance your ability to understand numerical data, Programming and developing, analyzing and Critical thinking. List some of the best Computer science Providers in India.

- Indian Institute of Technology Mumbai
- Indian Institute of Technology Kharagpur
- Amrita University,Coimbatore
- Manipaluniversity,Karnal
- National institute of Technology,Tricy
- Birla institute of technology and Science Pilani
- National institute of Technology (NITC),Calicut
- Mahatma Gandhi University Kottayam

Certifications in computer science offers increased expertise and hands-on technical experience in a chosen area or field, allowing professionals to stay ahead of the learning curve and increase their value as an employee or entrepreneur. Many computer science professions require honed skills in specific areas, such as in system operations or in a field like cyber security. More basic certification programs are also available and offer exposure to computing fundamentals and various operating systems.

Types of computer science certifications include:

- Entry-level IT certifications
- Management-level certifications in computer systems and networks
- Security and database systems
- Vision and graphics
- Software engineering
- Specific programming languages
- Specific operating systems
- Computer Science instructors
- Artificial intelligence




# കോംപ്ലിക്കേഷൻസ്



**ഡോ. സാജൻ അഹമ്മദ്, MD DM DNB**
**കാർഡിയോളജിസ്റ്റ്, പുഷ്പഗിരി മെഡിക്കൽ കോളേജ്**

**ഹൃ**ദയാഘാതം (Heart attack) ഉണ്ടാകാനുള്ള കാരണങ്ങൾ, അതിന്റെ രോഗലക്ഷണങ്ങൾ, രോഗനിർണ്ണയ-ചികിത്സാരീതികൾ എന്നിവയെക്കുറിച്ച് നമ്മൾ മുൻപംക്തികളിൽ ചർച്ച ചെയ്തതാണല്ലോ. ഹൃദയാഘാതം മൂലം എന്തെല്ലാം അപകടങ്ങൾ ഉണ്ടാകാം എന്ന് നമുക്ക് ലഘുവായി മനസ്സിലാക്കാം; മലയാളത്തിലെ 'എട്ടിന്റെ പണി' എന്ന പ്രയോഗം പോലെ 8 അപകടങ്ങൾ...

**1. മരണം**

ഏറ്റവും ആദ്യം തന്നെ ഏറ്റവും വലിയ അപകടം ലോകമെമ്പാടും പെട്ടെന്നുണ്ടാകുന്ന മരണത്തിന്റെ (Sudden Cardiac Death) സുപ്രധാന കാരണം ഹൃദയാഘാതമാണ്. എന്നാൽ, കൃത്യസമയത്ത് രോഗനിർണ്ണയം നടത്തുകയും, വേണ്ട ചികിത്സ യഥാസമയം ലഭ്യമാവുകയും ചെയ്താൽ ഈ അപകടനിരക്ക് നല്ലരീതിയിൽ കുറ ക്കാനാകും.



**2. കാർഡിയാക് അറസ്റ്റ്**

ഹൃദയത്തിന്റെ താളത്തിന് അപാകതകൾ ഉണ്ടായാൽ (ഹൃദയമിടിപ്പിന്റെ വേഗത അമിതമായി കൂടുകയോ, കുറയുകയോ ചെയ്താൽ) ആണ് ഇത്. സാധാരണയായി സംഭവിക്കുന്നത്. വെൻട്രികുലാർ ടാക്കികാർഡിയ, വെൻട്രികുലാർ ഫിബ്രിലേഷൻ, കംപ്ലീറ്റ് ഹാർട്ട് ബ്ലോക്ക് എന്നീ കാരണങ്ങളാണ് കൂടുതലായും കാണാറുള്ളത്. പെട്ടെന്നുള്ള അബോധാവസ്ഥ ഉണ്ടാകാം.




**3. ഹാർട്ട് ഫെയ്ല്യർ**

ഹൃദയം മാംസപേശികൾ അടങ്ങിയ ഒരു പമ്പ് (Pump) ആണല്ലോ. ഹൃദയാഘാതത്തിൽ, രക്തം ലഭിക്കാതെ ഈ പമ്പിങ്ങിന്റെ ശക്തി കുറഞ്ഞ് ശ്വാസംമുട്ടൽ, ബ്ലഡ്പ്രഷർ (BP) കുറയുക എന്നീ അപകടങ്ങൾ ഉണ്ടാകാം.



**4. ഏട്രിയൽ ഫിബ്രിലേഷൻ**


കൃത്യമായ ഇടവേളകളിൽ തുടിക്കേണ്ട ഹൃദയം, അതിനു പകരം താളബോധമില്ലാതെ പ്രവർത്തിക്കുന്ന ഒരു സ്ഥിതിയാണിത്. ഈ സാഹചര്യത്തിൽ ഹൃദയത്തിനുള്ളിൽ രക്തം കട്ടപിടിച്ച് അത് തലച്ചോറിലേക്ക് തെറിച്ച് പക്ഷാഘാതം (Stroke) ഉണ്ടാകാനിടയുണ്ട്. ഭാഗ്യവശാൽ ഇതു തടയാനുള്ള മരുന്നുകൾ ലഭ്യമാണ്.




**5. വാൽവ് ലീക്ക്**


ഹൃദയത്തിൽ നാലു വാൽവുകൾ ഉണ്ട് (പൈപ്പ് ഫിറ്റിങ്ങുകളിലൊക്കെയുള്ളതു പോലെ!) ഇതിൽ ഇടതുവശത്തെ മൈറ്റൽ വാൽവ് (Mitral Valve) എന്നതിലാണ് ഹൃദയാഘാതത്തിന്റെ ഭാഗമായി ലീക്ക് ഉണ്ടാകുന്നത്. ഭൂരിപക്ഷം ലീക്കുകളും ക്രമേണ ശരിയാകുമെങ്കിലും ചിലപ്പോൾ ഇത് ഒരു

വിപത്തായി മാറാം. അപൂർവ്വമായി ഓപ്പറേഷൻ മൂലം വാൽവ് കൃത്രിമമായി മാറ്റി വക്കേണ്ട സാഹചര്യവും ഉണ്ടാകാം.




**6. ഹൃദയപേശികളിലെ വിള്ളൽ**

വളരെ ശക്തികൂടിയ ഹൃദയാഘാതത്തിൽ, പ്രത്യേകിച്ച് അധികപ്രായമുള്ളവരിലും, ചികിത്സ ലഭിക്കാൻ താമസമുണ്ടായവരിലും, സ്ത്രീകളിലും കാണാറുള്ള അപകടമാണിത്. ഹൃദയത്തിന്റെ യുള്ളിലെ ഭിത്തിയിലോ (ബൻട്രിക്കുലാർ സെപ്റ്റൽ റപ്ച്ചർ), പ്രധാന പേശിയിലോ (ഫ്രീ വാൾ റപ്ച്ചർ) ഇതു സംഭവിച്ചാൽ മരണനിരക്ക് വളരെ കൂടുതലാണ് – നൂറുശതമാനത്തോളം! ''ഹൃദയം പൊട്ടിമരിച്ചു'' എന്നൊക്കെ കേൾക്കാറില്ലേ?



**7. പെരിക്കാർഡൈറ്റിസ്**





ഹൃദയത്തിനു ചുറ്റും സാധാരണ യായി ഒരു കവറിംഗ് ഉണ്ട് (ഗോൾ ഡ് കവറിംഗ് പോലെ!) – ഇതിനെ പെരികാർഡിയം എന്നു പറയും. ശക്തമായ ഹൃദയാഘാതങ്ങളിൽ ചിലപ്പോൾ ഈ കവറിംഗിന് Damage സംഭവിക്കാം. ഇതുമൂലം നെഞ്ചുവേദന ഉണ്ടാകാനും, ഹൃദയത്തിനു ചുറ്റും വെള്ളം/ രക്തം കെട്ടിക്കിടക്കാനും സാധ്യത യുണ്ട്. ഭൂരിപക്ഷം പേർക്കും ഇത് ക്രമേണ ഭേദമാകാറുണ്ട്.

**8. മറ്റ് അവയവങ്ങൾക്കുള്ള കേട്**

ശരീരത്തിലെ എല്ലാ അവയവങ്ങൾക്കും രക്തം നല്കുന്ന ദാനശീലനായ ഒരവയവമാണല്ലോ ഹൃദയം. അതുകൊണ്ടു തന്നെ ഹൃദയാഘാതം മൂലം വൃക്ക (Kidney), കരൾ (Liver) എന്നീ അവയവങ്ങളിലേക്ക് രക്തയോട്ടം കുറയുകയും ഇവയുടെ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യാം. രക്തത്തിൽ ക്രിയാറ്റിനിൻ (Creatinine), കരൾ എൻസൈം (SGOT, SGPT) എന്നിവയുടെ അളവ് വർദ്ധിക്കുകയും ചെയ്യാം.





**അടിക്കുറിപ്പ്**

* കൃത്യസമയത്ത് ഹൃദയാഘാതത്തിന്റെ ലക്ഷണങ്ങൾ മനസ്സിലാക്കി അതിനു വേണ്ട ഉചിതമായ ചികിത്സ യഥാസമയം ലഭ്യമായാൽ 90 ത്തിൽ കൂടുതൽ Heart attack രോഗികൾ ഈ complication അഥവാ അപകടങ്ങളില്ലാതെ രക്ഷപ്പെടും. നമ്മുടെ നാട്ടിലെ, നാമുൾപ്പെടുന്ന നമ്മുടെ കുടുംബങ്ങളും സുഹൃത്തുക്കളും ഉൾപ്പെടുന്ന സമൂഹത്തിൽ ഹൃദ്രോഗികൾക്ക് ഈ അപകടങ്ങൾ വരാതിരിക്കട്ടെ എന്ന് നമുക്കാശിക്കാം, പ്രാർത്ഥിക്കാം...

*(13-ാം പേജ് തുടർച്ച)*

**പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുന്നാളും ദൈവശാസ്ത്ര ചിന്തകളും**

1950 നവംബർ 1 നാണ് മറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ചത്. പരിശുദ്ധ മറിയം തന്റെ ഇഹലോകജീവിതം പൂർത്തിയാക്കി, ഉടലോടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടുവെന്ന വിശ്വാസസത്യം പ്രഖ്യാപി ക്കുന്നതിന് മുമ്പ് 1946 ൽ Deiparae Virginis Mariae എന്ന ചാക്രിക ലേഖ നത്തിലൂടെ കത്തോലിക്കാ മെത്രാന്മാരുടെയും ദൈവശാസ്ത്രപണ്ഡിതരുടെയും അഭിപ്രായം മാർപാപ്പ ആരാഞ്ഞിരുന്നു. ഉല്പ.3:15, 1 കൊറി. 15:54, വെളി.12:1-2 എന്നീ വചനങ്ങൾ ഈ വിശ്വാ സസത്യത്തിന് അടിസ്ഥാനമായി പണ്ഡിതർ ചൂണ്ടിക്കാട്ടുകയും ചെയ്തു. അതേ തുടർന്ന് Munificentis-simus Deus എന്ന തിരുവെഴുത്തി ലൂടെ മറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസ ത്യമായി പ്രഖ്യാപിച്ചപ്പോൾ, ദൈവശാസ്ത്രപര മായ അഞ്ച് കാരണങ്ങൾ മാർപാപ്പ സൂചിപ്പിച്ചു. 1. മറിയത്തിന്റെ ദൈവമാതൃത്വം 2. മറിയത്തിന്റെ ജന്മപാപമില്ലായ്മ 3. മറിയത്തിന്റെ പൂർണ കന്യത്വം 4. യേശുവുമായുള്ള മറിയത്തിന്റെ പ്രവർത്തനതലം 5. മറിയത്തിന്റെ കൃപാപൂ ർണത. ഈ വിശ്വാസസത്യത്തിന്റെ പശ്ചാത്തല ത്തിലാണ് ആഗസ്റ്റ് മാസം 15-ാം തീയതി പരി. ദൈവമാതാവിന്റെ സ്വർഗാരോപണത്തിരുന്നാ ളായി സഭ ആചരിക്കുന്നത്.

**മറിയം യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ**

യേശുവിനോട് ചേർന്ന് നിന്നവളും, യേശു വിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ പൂർണ മായി സഹകരിച്ചവളുമാണ് മറിയം. പന്ത്രണ്ടാ മത്തെ വയസ്സിൽ വഴിയാത്രയിൽ കാണാതായ യേശുവിനെ ദൈവാലയത്തിൽ കണ്ടുമുട്ടു ന്നതും (ലൂക്കാ. 2:41-52), കാനായിലെ വിവാഹ വിരുന്നിലും (യോഹ. 2:1-11), ശിഷ്യന്മാരോ ടൊപ്പം മറിയം ആയിരിക്കുന്നതും, യേശുവിനെ കാണുവാൻ കാത്തു നില്ക്കുന്നതും (മർക്കോ. 3:21), കുരിശിൻ ചുവട്ടിൽ നില്ക്കുന്നതും (യോഹ. 19:25-26) സുവിശേഷങ്ങളിൽ നാം കാണുന്നു. രക്ഷകന് ജന്മം നല്കുക മാത്രമല്ല, അവന്റെ രക്ഷാകര കർമ്മങ്ങളിലും മറിയം സഹകരിച്ചു. മൂന്ന് തലങ്ങളിൽ പ്രധാനമായും ഇത് വ്യക്ത മാകുന്നു:

1. യേശുവിന്റെ ബാല്യകാലം (ജനനം, ദൈവാ ലയത്തിൽ കാഴ്ചവയ്ക്കുന്നത്, ദൈവാലയ ത്തിൽ കണ്ടെത്തുന്നത്)
2. യേശുവിന്റെ പരസ്യജീവിതത്തിൽ (കാനാ യിൽ, പ്രഭാഷണമദ്ധ്യേ, കുരിശിൻ ചുവ ട്ടിൽ..)
3. യേശുവിന്റെ സ്വർഗാരോഹണശേഷം - അപ്പ. പ്ര. 1:14 (ശിഷ്യന്മാരോടൊപ്പം പരിശുദ്ധാ ത്മാവിനെ സ്വീകരിക്കുവാൻ പ്രാർത്ഥിക്കുന്ന മറിയം)

**മറിയം നമ്മുടെ അമ്മ**

മറിയം ഈ ലോകത്തിൽ ശ്രദ്ധേയയായത് ഒരു പ്രശസ്ത കുടുംബത്തിൽ ജനിച്ചിട്ടോ, പുസ്തകമെഴുതിയിട്ടോ, മറ്റ് ഭൗതികമായ കാര്യങ്ങൾകൊണ്ടോ അല്ല മറിച്ച്, അവളുടെ ജീവിതത്തിന്റെ ശ്രേഷ്ഠത കൊണ്ടാണ്. ആ ശ്രേഷ്ഠതകൊണ്ടാണ് 'സകല തലമുറകളും അവളെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കുന്നത്'. ദൈവം മറിയത്തെ തെരഞ്ഞെടുത്തതുപോലെ മറിയവും സ്വജീവിതത്തിൽ ദൈവത്തെ തെരഞ്ഞെടുത്തു. ലോകത്തിലെ ഏറ്റവും മനോഹരമായ പ്രാർത്ഥനയാണ് അവളുടെ അധരത്തിലൂടെ നാം ശ്രവിക്കുക - 'ഇതാ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ'. മറിയത്തെ ദൈവമാതാവായി നാം എപ്പോഴെല്ലാം വണങ്ങുന്നുവോ, അപ്പോഴെല്ലാം നാം അവളെ നമ്മുടെ അമ്മയായും സ്വീകരി ക്കുന്നു. മറിയത്തിന്റെ കരങ്ങളിൽ സംവഹിച്ചിരി ക്കുന്ന യേശുവിനെ നാം ചിത്രങ്ങളിൽ കാണു മ്പോൾ, അവൾ നമുക്കായി തന്റെ പുത്രനെ നല്കിയിരിക്കുന്നു എന്നർത്ഥം. ദൈവവചന ത്തിൽ അധിഷ്ഠിതമായി ജീവിച്ച മറിയം, വചനത്തിലൂടെ ഒരു തീർത്ഥാടനം നടത്തി. അതുകൊണ്ടാണ് വി. ഗ്രന്ഥം പറയുക, 'മറിയം ഹൃദയത്തിൽ ദൈവവചനം സംഗ്രഹിച്ച് ഗാഢ മായി ചിന്തിച്ചുകൊണ്ടിരുന്നുവെന്ന്, അങ്ങനെ ദൈവവചനം മറിയത്തിന്റെ ജീവിതത്തെ ധന്യ മാക്കി. വചനത്തിലൂടെ മാത്രമല്ല വിശ്വാസത്തി ലൂടെയും തീർത്ഥാടനം നടത്തിയ മറിയം വിശ്വാസത്തിന്റെ ദാസിയുമായിരുന്നു. 'വിവാഹ ത്തിനു മുമ്പുതന്നെ ഗർഭിണിയായ' മറിയം, സമൂഹത്തിന്റെ പോലും സംശയത്തിന് ഇരയാ യതും, കാലിത്തൊഴുത്തിൽ പ്രസവിക്കേണ്ടി വന്നതും, ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടവും, വാൾ പോലെ മുറിവുണ്ടാക്കിയ ശിമയോന്റെ പ്രവചനവും, പന്ത്രണ്ടാം വയസ്സിൽ യേശു വിനെ കാണാതായപ്പോഴുള്ള ഉൽക്കണ്ഠയും, കുരി ശിന്റെ വഴിയിലും കുരിശിന്റെ ചുവട്ടിലും അനുഭവിച്ച മാനസിക വ്യഥയും....... അങ്ങനെ എത്രയെത്ര സംഭവങ്ങളാണ് ആ വിശ്വാസ തീർത്ഥാടനം യാഥാർത്ഥ്യമാക്കിയത്. മറിയ ത്തിന്റെ ഈ നല്ല മാതൃക നമ്മെയും വിശ്വാസ തീർത്ഥാടനത്തിന് ആഹ്വാനം ചെയ്യുന്നു. തന്റെ മകനെ സ്നേഹിച്ച അമ്മ, അവന്റെ സുഖ ത്തിലും സന്തോഷത്തിലും വേദനയിലും മരണ ത്തിലും കൂടെനിന്നു. ഉത്തമമാതൃകയായ ആ അമ്മയെ നമുക്കും വിളിച്ചപേക്ഷിക്കാം - 'പരി. മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമെ എന്ന്'.



# എം.സി.സി.എൽ. ബൈബിൾ ക്വിസ്

തയ്യാറാക്കിയത് :
സി. ജെറോസ് എസ്.ഐ.സി.
2018 ആഗസ്റ്റ്

1. മോശയുടെ മരണത്തെക്കുറിച്ച് പറയുന്നത് ബൈബിളിലെ ഏതു പുസ്തകത്തിൽ? അദ്ധ്യായം ഏത്?
2. ആരോട് മത്സരിക്കരുത് നീ അവന്റെ പിടിയിൽപ്പെടും എന്നാണ് ബൈബിളിൽ പറയുന്നത്?
3. അതുകൊണ്ട് അവർ നിങ്ങളുടെ വിധികർത്താക്കളായിരിക്കും. ആര്?
4. മൃഗത്തിന് അധികാരം നൽകിയതു നിമിത്തം അവർ ആരെ ആരാധിച്ചു?
5. ആഗ്രഹിക്കുമ്പോഴൊക്കെ എങ്ങനെ ഭൂമിയെ പീഡിപ്പിക്കാനുള്ള അധികാരം അവർക്കുണ്ട്?
6. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്. ഏത് ബൈബിൾ ഭാഗം?
7. ആദ്യം ഏലിയാ വരണമെന്ന് പറയുന്നത് ആര്?
8. ആര് നട്ടതല്ലാത്ത ചെടികളൊക്കെയും പിഴുതു മാറ്റപ്പെടും?
9. നിന്നോട് ഈ ജനം പറഞ്ഞത് ഞാൻ കേട്ടു. അവർ പറഞ്ഞതെല്ലാം എങ്ങനെയുണ്ട്?
10. ദുർബലഹൃദയർക്ക് ദുരിതം എന്തെന്നാൽ.........

*N.B* : ഉത്തരങ്ങൾ സെപ്റ്റംബർ 10 ന് മുൻപായി **തിയോളജിക്കൽ & കാറ്റകെറ്റിക്കൽ സെന്റർ, സമീക്ഷ, കുളക്കാട്, തിരുവല്ല – 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചു തരിക

## ബൈബിൾ ക്വിസ് ശരി ഉത്തരം

തയ്യാറാക്കിയത് :
**സി. അലീന എസ്.ഐ.സി.**

**ജൂലൈ 2018**

1. കിഴക്ക് (മത്തായി 2:2)
2. നായ്ക്കൾക്ക് (മത്തായി 7:6)
3. യാക്കോബ്, യോഹന്നാൻ (മത്തായി 10:2)
4. മത്തായി 10:38
5. ശിഷ്യന്മാരുടെ (മത്തായി 12:49)
6. യൂദാസ് യേശുവിനോടും, യേശു യൂദാസിനോടും
7. രക്തത്തിന്റെ പറമ്പ് (മത്തായി 27:8)
8. ജറുസലെം (മത്തായി 23:37)
9. ശിമയോൻ പത്രോസ് (മത്തായി 16:16)
10. ഒരു സ്ത്രീ (മത്തായി 26:7)

**ജൂലൈ 2018 വിജയികൾ : ഒന്നാം സ്ഥാനം 1. മേരിക്കുട്ടി ഈപ്പൻ,** കുറ്റിക്കണ്ടത്തിൽ, സെന്റ് മേരീസ് മലങ്കര ചർച്ച് കുമ്പളന്താനം, **രണ്ടാം സ്ഥാനം 1. ജോളി മത്തായി,** സെന്റ് ജോസഫ്സ് ചർച്ച് മുക്കൂർ, മല്ലപ്പള്ളി, **2. പി.എ. ജേക്കബ്,** പുത്തൻപുരയ്ക്കൽ, ആലപ്പുഴ, **3. റീബാ റെബേക്ക വർഗീസ്,** പാറോലിക്കൽ, സെന്റ് മേരീസ് ചർച്ച് നൂറോമ്മാവ്

## കുടുംബക്കൂട്ടായ്മ തെരഞ്ഞെടുപ്പ്







2018 ജൂൺ 30 ന് ശാന്തിനിലയത്തിൽ കൂടിയ മേഖല ഭാരവാഹികളിൽ നിന്നും അതിരൂപത ഭാരവാഹികളെ തെരഞ്ഞെടുത്തു. ജൂലൈ 8 ന് അതിരൂപത (മേരിഗിരി ചാപ്പലിൽ വച്ച്) അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് ശുശ്രൂഷകൾ ആരംഭിച്ചു. ഇവരുടെ ശുശ്രൂഷ കാലാവധി 3 വർഷത്തേക്കായിരിക്കും.

ഭാരവാഹികൾ : സി.സി. ഐസക്ക് (പ്രസിഡന്റ്) മല്ലപ്പള്ളി, പൊന്നമ്മ സഖറിയ (സെക്രട്ടറി) വെണ്ണിക്കുളം, സി.ഇ. കുര്യൻ (വൈസ് പ്രസിഡന്റ്) നിരണം, സരളമ്മ ജോൺ (ജോയിന്റ് സെക്രട്ടറി) റാന്നി, ആലീസ് തോമസ് (ട്രഷറാർ ) തിരുവല്ല.





ജയ്സ് കോഴിമണ്ണിൽ

# രണ്ട് പതിറ്റാണ്ട് പിന്നിടുന്ന

# ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ

**നാ**ല് പതിറ്റാണ്ടോളം മലങ്കര സുറിയാനി കത്തോലിക്കാ സഭയെ നയിച്ച തിരുവനന്തപുരം ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ രജത ജൂബിലി വർഷത്തിലേക്ക് പദമൂന്നുമ്പോൾ, അദ്ദേഹത്തിന്റെ ദർശനം സാക്ഷാൽക്കരിയ്ക്കുന്നതിനായി ജന്മനാടായ കല്ലൂപ്പാറയിൽ രൂപീകൃതമായ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷനും ഇരുപത് വർഷങ്ങൾ പിന്നിടുകയാണ്.

ട്രാവൻകൂർ കൊച്ചി ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് 1955 (തകക) പ്രകാരം രജിസ്റ്റർ ചെയ്ത ഫൗണ്ടേഷൻ, 1997 ഡിസംബർ 31-നാണ് ഔദ്യോഗികമായി ഉത്ഘാടനം ചെയ്തത്.

സമൂഹത്തിലെ അശരണ രും, വാർദ്ധക്യത്തിലും, രോഗത്തിലും കഴിയുന്നവരുമായ സ്ത്രീകളെ സംരക്ഷിയ്ക്കുകയെന്ന മഹത്തായ കാഴ്ച്ചപ്പാടിലൂടെ മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ, കോട്ടൂരിൽ ആരംഭിച്ചതാണ് ബഥനി ദിവ്യ കാരുണ്യാലയം. ബഥനി സന്യാസ സമൂഹത്തിലെ വൈദികരും, കന്യാസ്ത്രീകളും ദിവ്യകാരുണ്യാലയത്തിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസിന്റെ ആശയങ്ങളും, ലക്ഷ്യങ്ങളും പ്രാവർത്തികമാക്കിയിട്ടുള്ള, സമൂഹത്തിലെ ബഹുമുഖപ്രതിഭകൾക്ക് ആദരവും, അംഗീകാരവും നൽകുന്നതിനായി ആർച്ച്ബിഷപ്പ് പുരസ്കാരം ആരംഭിച്ചു. അൻപതിനായിരം രൂപാ, പ്രശസ്തി പത്രം, ഫലകം എന്നിവ അടങ്ങുന്നതാണ് ആർച്ച് ബിഷപ്പ് പുരസ്കാരം. ഇതോടൊപ്പം ബനഡിക്ട് മാർ ഗ്രിഗോറിയോസ് സ്മാരക പ്രഭാഷണവും നടത്തുന്നു.

ഫാ. ജോസഫ് വടക്കൻ, ഡോ. ഗ്രഹാം സ്റ്റെയിൻസ് (മരണാനന്തരം), ഡോ. എം.എസ്. സ്വാമിനാഥൻ, ഡോ. എം. വി. പിള്ള, പാണക്കാട് സെയ്ത് മുഹമ്മദാലി ശിഹാബ് തങ്ങൾ, ഡോ. ശാന്താ സിൻഹ, സിസ്റ്റർ ഡോ. മേരി ലിറ്റി, ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ, ഫാ. ജോർജ് കുറ്റിയ്ക്കൽ, പി.കെ. നാരായണപ്പണിക്കർ, ഷെവലിയർ പോബ്സൺ പി.എ. ജേക്കബ്, ഡോ. റ്റി. കെ. എ. നായർ ഐ.എ.എസ്., ഡോ.




പി.പി. ഗംഗാധരൻ, ഷെവലിയർ ബെന്നി പുന്നത്തറ, ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്., നവജീവൻ പി.യു. തോമസ് എന്നിവരാണ് ഇതുവരെ ആർച്ച്ബിഷപ്പ് പുരസ്കാരത്തിന് അർഹരായത്.

ആർച്ച് ബിഷപ്പിന്റെ നാമത്തിൽ 2012 ഡിസംബർ 28 –ന് ആരംഭിച്ച സ്മൃതിമന്ദിരത്തിൽ (കോട്ടൂർ) ധ്യാനങ്ങളും, കൗൺസലിങ്ങും നടത്തുവാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മാർ ഗ്രിഗോറിയോസ് ഉപയോഗിച്ചിരുന്ന വസ്തുക്ക ളുടെ പ്രദർശനവും, ആർച്ച്ബിഷപ്പിന്റെ ഉദ്ബോധനങ്ങളും, പ്രസംഗങ്ങളും, ആരാധനാശുശ്രൂഷകളും ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെ കാണുവാനും കഴിയും. ആർച്ച് ബിഷപ്പിന്റെ ജീവിതത്തിലെ സുപ്രധാനചിത്രങ്ങളും പ്രദർശനത്തിനുണ്ട്.

മാർ ഗ്രിഗോറിയോസിന്റെ ജൻമശതാബ്ദിയോടനുബന്ധിച്ച് ശാലോം ടെലിവിഷനും, ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷനും ചേർന്ന് നിർമ്മിച്ചതാണ് 'സ്നേഹം മമദീപം' എന്ന ഡോക്യുമെന്ററി ആൽബം. റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ, ജയ്സ് കോഴിമണ്ണിൽ, ജോഷ് കുര്യാക്കോസ് എന്നിവർ നിർമ്മാണ നിർവഹണം നടത്തി. പ്രേം പ്രകാശ് ലൂയിസ് സംവിധാനം നിർവഹിച്ച ഡോക്യുമെന്ററി – ആൽബം ഡി.വി.ഡി. ഫൗണ്ടേഷൻ ഓഫീസിൽ ലഭ്യമാണ്. റവ. ഫാ. ഷാജി തുമ്പേച്ചിറയിൽ ഗാനരചനയും, സംഗീതസംവിധാനവും നിർവഹിച്ച ആൽബത്തിൽ, പിന്നണി ഗായിക സിസിലിയാണ് പാടിയിരിയ്ക്കുന്നത്.

മാർ ഗ്രിഗോറിയോസിന്റെ ജൻമഗൃഹം സ്ഥിതിചെയ്യുന്ന കല്ലൂപ്പാറ കടമാൻകുളത്തിന് സമീപം കോട്ടൂരാണ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ ഓഫിസ് പ്രവർത്തിയ്ക്കുന്നത്. ബഥനി ആശ്രമവും, ദിവ്യകാരുണ്യാലയവും ഇതിന് സമീപം പ്രവർത്തിയ്ക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ ബിഷപ്പുമാരും രക്ഷാധികാരികളായിട്ടുള്ള മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷന് ബഥനി സന്യാസി – സന്യാസിനി സമൂഹങ്ങളിലെ സുപ്പീരിയർ ജനറൽമാരും, പ്രൊവിൻഷ്യൽമാരും നേതൃത്വം നൽകുന്നു. റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി. ആണ് ഫൗണ്ടേഷന്റെ പ്രസിഡന്റ്. റവ. ചെറിയാൻ രാമനാലിൽ കോറെപ്പിസ്കോപ്പാ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ഫോൺ : 9496551514, 9447504940 ●




## ദുരിതാശ്വാസം



















**ഫാ. ഏബ്രഹാം ലൂക്കോസ്**

# കാഴ്ചകൾ മലിനമാക്കാത്ത സ്നേഹം

**ആ** ഞായറാഴ്ച്ച നല്ല തിരക്കായിരുന്നു, പതിവിലും ഏറെ. പള്ളിയിലെ പതിവ് പരിപാടികളും ആശുപത്രിയിലെ ഓൺ കാൾ ഡ്യൂട്ടിയും ചേരുന്ന ഒരു ദിവസം സംഭവിക്കുന്നതെ അന്നും സംഭവിച്ചുള്ളൂ. എന്നിട്ടും തിരികെ വരുമ്പോൾ കണ്ണുകൾ മെല്ലെ അടയുന്നുണ്ടായിരുന്നു. വൈകി, വീട്ടിലെത്തിയപ്പോൾ. പിന്നെ പെട്ടെന്ന് കിടക്കണമെന്ന ചിന്തയിൽ മുറിയിലേക്ക്. ഡ്രസ്സ്  മാറ്റി കിടന്ന ഉടനെ ഹോസ്പിറ്റലിൽ നിന്നുള്ള ഫോൺ ബെല്ലടിച്ചു. ആ റിങ്ടോൺ കേട്ടപ്പോഴേ ദേഷ്യം ഉള്ളിൽ നിറഞ്ഞു. ഇത് വല്ലാത്ത ചെയ്ത്തായി പോയി എന്ന് മനസിൽ പറഞ്ഞാണ് ഫോണെടുത്തത്. സമയം രാത്രി പതിനൊന്നു ആകുന്നു. ഹോസ്പിറ്റലിലേക്ക് ഇരുപത്തിയഞ്ചു മിനുട്ട് ഉണ്ട്. പാട്ടുറക്കേവച്ച് വണ്ടി വിട്ടു. ഗസൽ ആണ്. ഷഹബാസ് പാടുന്നു,

'മണ്ണിനടിയിൽ വേരുകൾകൊണ്ട് കെട്ടിപ്പിടിക്കുന്നു,
ഇലകൾ തമ്മിൽ തൊടുമെന്നു പേടിച്ചു
അകറ്റി നാം നട്ട മരങ്ങൾ'.


എമെർജൻസിയിലേക്കു നടക്കുമ്പോൾ റിസെപ്ഷനിൽ പറയേണ്ട പേര് ഒന്നുകൂടി നോക്കി. ഫസ്റ്റ് നെയിം അൽമ എന്നാണ്. ലാസ്റ്റ് നെയിം അൽപ്പം നീണ്ടതാണ്. ഉച്ചാരണം എത്ര ശ്രമിച്ചിട്ടും ശരിയാവില്ലെന്നു തോന്നിയതുകൊണ്ട് റിസപ്ഷനിലെ നേഴ്സിനോട് സ്പെല്ലിങ് പറഞ്ഞുകൊടുത്തു തടിതപ്പി. അവർ പറഞ്ഞ മുറിയിലെത്തിയപ്പോൾ അവിടെ മറ്റൊരു നേഴ്സ് പറഞ്ഞു, രോഗിയെ സ്കാനിങ്ങിനു കൊണ്ടുപോയി, അരമണിക്കൂർ താമസമുണ്ട്. ഇടി വെട്ടിയവന്റെ തലയിൽ പാമ്പു കടിച്ചു എന്ന് പറഞ്ഞപോലായി. പെട്ടെന്ന് ഒരു പ്രാർത്ഥന നടത്തി അനോയിന്റിങ്ങും നൽകി സ്കൂട്ടാവാം എന്നായിരുന്നു വിചാരം. എല്ലാം പോയില്ലേ . എന്നാൽ പിന്നെ ഒരു കാപ്പിയാകാം. എമെർജൻസി വാർഡിനു മുൻപിലുള്ള Tim Hortons കാപ്പികടയിലേക്ക് നടന്നു . അമേരിക്കന്റെ Starbucks  ഓളം വരില്ലെങ്കിലും TIMMUM ഉഗ്രൻ കാപ്പിതന്നെ . പുറത്തേക്കുള്ള വഴിയിലെത്തിയപ്പോൾ വീൽച്ചെയറിൽ വളരെ പ്രായമായ ഒരു വയോധികനേയും ഉന്തിക്കൊണ്ട് ഒരാൾ എന്നെ കടന്നു പോയി . കോളർ കണ്ടിട്ടാവണം തിരികെ നിന്ന്, ഫാദർ നിങ്ങൾ അൽമയ്ക്കു വേണ്ടിയാണോ എത്തിയത് എന്ന് ചോദിച്ചു. ആണെന്ന് മറുപടി നൽകി അടുത്ത് എത്തിയപ്പോഴും വീൽചെയറിലെ വയോധികൻ കുനിഞ്ഞു തന്നെയിരുന്നു. അരമണിക്കൂർ കാത്തിരിക്കാമോ എന്ന ചോദ്യത്തിന്, അതെ എന്ന് ഉത്തരം നൽകി ഞാൻ കാപ്പിക്കടയിലേക്ക് നടന്നു. കാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോൾ മുഖത്തേക്ക് നോക്കാതെ കുനിഞ്ഞിരുന്ന വൃദ്ധനെ പറ്റിയാരുന്നു ചി

ന്ത. ഒരു പക്ഷെ ആ മനുഷ്യൻ ഒരു racist ആകാം. വെള്ളക്കാരന്റെ ധാർഷ്ട്യം. എന്തെകിലുമാകട്ടെ എന്ന് കരുതി എന്റെ കർമ്മം നിർവ്വഹിക്കാനായി മുറിയിലേക്ക് നടന്നു. എമെർജൻസിയുടെ മുൻപിലുള്ള ക്ലോക്കിൽ അപ്പോൾ സമയം പന്ത്രണ്ട് കഴിഞ്ഞു . മുറിയിലെത്തിയെപ്പോൾ അൽമ എത്തിയിട്ടുണ്ട്. മുഖത്ത് ഘടിപ്പിച്ചിരിക്കുന്ന കൃത്രിമ ശ്വസനസഹായി കാഴ്ച്ച അവ്യക്തമാക്കുന്നു. വീൽചെയറിലെ വൃദ്ധൻ തല അവളുടെ നെഞ്ചിലേക്ക് ചേർത്ത് കുനിഞ്ഞിരിക്കുന്നു. ഒരു കൈ കൊണ്ട് അവളുടെ വലത്തു കൈയിൽ അമർത്തി പിടിച്ചിരിക്കുന്നു. അപ്പോഴും അയാൾ മുഖമുയർത്തി നോക്കിയില്ല. സായിപ്പിന്റെ വർണ്ണബോധത്തെ മനസ്സിൽ തെറിപറഞ്ഞു പ്രാർത്ഥന തുടങ്ങി. അന്ത്യകൂദാശ എന്ന അപരനാമമുള്ള രോഗീലേപനം നൽകി ഞാൻ ഒതുങ്ങി നിന്നു . എന്താണ് പറയുക. അൽമക്ക് എത്ര വയസുണ്ട് എന്ന് കൂടെ വന്നയാളോട് വെറുതെ ചോദിച്ചു . 92 എന്ന് പറഞ്ഞയാൾ അവരുടെ വിവാഹം കഴിഞ്ഞിട്ട് 68 വർഷമായെന്നും പറഞ്ഞു. വീൽചെയറിലെ വൃദ്ധന്റെ കണ്ണുകൾ അപ്പോൾ നിറഞ്ഞു ഒഴുകുന്നുണ്ടായിരുന്നു. ഞാൻ പോകുകയാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം ഒരു കൈ നീട്ടി എന്തോ പരതും പോലെ തോന്നി. കൂടെ വന്നയാൾ പറഞ്ഞു, ക്ഷമിക്കണം അദ്ദേഹം അന്ധനാണ് . വല്ലാത്ത ഷോക്കായിരുന്നു. എത്രപെട്ടെന്നാണ് മനസിന്റെ ഭാവം മാറിയത്. ദേഷ്യം കരുണക്കും, കരുണ സ്നേഹത്തിനും സ്നേഹം ആത്മവിമർശനത്തിനും വഴിമാറി. തലകുനിച്ചാ ജ്ഞാനവൃദ്ധന്റെ മുന്നിൽ ഞാൻ മുട്ടുകുത്തി നിന്നു. ഒരു കൈകൊണ്ടു എന്റെ കയ്യിൽ അമർത്തിപിടിച്ചു നിറഞ്ഞ മിഴികളോടെ പറഞ്ഞു. Thank you Father, we appreciate . “For the last 68 years I have been seeing through her eyes. I have been walking with her legs. And now it's time to say farewell. I am deeply distressed of the long-awaited but unwanted departure that takes her hand away from me, hence forward deepening the darkness of my life .’’ എന്ത് പറയും എന്നറിയാതെ പിടിച്ച കൈകൾ വിടുവിക്കാതെ ഏതാനും മിനിറ്റുകൾ കൂടെ അങ്ങനെ നിന്നു. പിന്നെയാ തോളിൽ പിടിച്ചു എല്ലാം അവനറിയുന്നു എന്നുപറഞ്ഞു ഞാൻ ആശുപത്രിയിൽ നിന്ന് പുറത്തേക്കിറങ്ങി. കാണുക എന്നത് സകലവികാരവിചാരത്തിന്റെയും കേന്ദ്രമാകുന്ന ലോകത്തു സ്നേഹത്തിന്റെ അന്ധമായ ആത്മഗാനം പോലെ ഒരു മനുഷ്യൻ. കാഴ്ചകൾ മലിനമാക്കിയ സ്നേഹപ്രകടങ്ങൾക്കൊരു പൊളിച്ചെഴുത്ത്. പരസ്പരബന്ധങ്ങൾ ചെറിയ പ്രശ്നങ്ങളിൽ പോലും ഉലയുന്ന ലോകത്തു കാഴ്ചയില്ലാത്ത ഒരാളുടെ കൂട്ടുമായി 68 വർഷങ്ങൾ. വിടപറയാൻ വിസമ്മതിച്ചു അൽമയുടെ വിരലുകളിൽ മുറുകെ പിടിച്ചു വിനമ്രനായി ഇരുന്ന ആ മനുഷ്യൻ ഈ രാത്രിയിൽ വിമലീകരണത്തിന്റെ വിശുദ്ധ വിചാരങ്ങളുടെ വാതിലാകുന്നു. ഒരിക്കൽ മാത്രം കാണുകയും ഒരു വാക്കു മിണ്ടാതെയും അൽമ സ്നേഹത്തിന്റെ പുതിയ കഥ പറഞ്ഞുകൊണ്ടേയിരുന്നു. ആദ്യകാഴ്ചയിൽ വിധികൾ തീർപ്പാക്കുന്ന എന്റെ വികല വിചാരങ്ങൾക്കു താൽക്കാലിക വിട . ഇനിയും മറ്റൊരു അൽമയെ കാണും വരേക്കുമെങ്കിലും നീളുമോ ഈ വിൺ വിചാരങ്ങൾ എന്ന ചിന്തയിൽ ഞാൻ തിരികെ മടങ്ങി . ●




കുമളി എം.സി.എ. മേഖലാ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ സഹകരണത്തിൽ സൗജന്യ രോഗനിർണയ ക്യാമ്പ് നടത്തി. മേഖല എം.സി.എ. വൈദിക ഉപദേഷ്ടാവ് ഫാ. യൽദോ മോഴശ്ശേരി ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ജോസഫ് ജോർജ്ജ് നെയ്തേലിയും മറ്റ് ഭാരവാഹികളും നേതൃത്വം നൽകി.






## ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സൺഡേസ്കൂൾ അസൈൻമെന്റ് – 12–ാം ക്ലാസ്സ്

*(ജൂൺ ലക്കം തുടർച്ച)*




**നീനു എം. മുരിക്കാട്ട്**
**നെറ്റിത്തൊഴു ഇടവക**


**ജൈവ വൈവിധ്യത്തിന്റെ തിരോധാനം**

വനങ്ങളുടെയും കാടുകളുടെയും തിരോധാനം ഭാവിയിൽ അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന വിഭവങ്ങൾ നൽകുന്ന ഇനങ്ങളുടെ അഥവാ വംശങ്ങളുടെ നഷ്ടത്തിനു കാരണമാകും. നമ്മൾ മൂലം ആയിരക്കണക്കിനു വംശങ്ങൾ തങ്ങളുടെ അസ്തിത്വം കൊണ്ടുതന്നെ ദൈവത്തെ മഹത്വപ്പെടുത്തുകയില്ല. തങ്ങളുടെ സന്ദേശം നമുക്കു നൽകുകയില്ല. അത്തരമൊരു അവകാശം നമുക്കില്ല. നമ്മുടെ ലോകത്തെ നിഷ്പക്ഷമായി വീക്ഷിക്കുമ്പോൾ കാണുന്നത് ഇതാണ്. സാങ്കേതിക വിദ്യയുടെ മുന്നേറ്റങ്ങളും ഉപഭോഗവസ്തുക്കളും പരിധിയറ്റ വിധത്തിൽ വർധിച്ചുകൊണ്ടിരിക്കുക യാണെങ്കിലും, മാനുഷിക ഇടപെടലിന്റെ അളവ് – അതു പലപ്പോഴും വ്യവസായ താൽപര്യങ്ങൾക്കും ഉപഭോഗസംസ്കാരത്തിനും അനുസരിച്ചുള്ളതാണ്– യഥാർത്ഥത്തിൽ നമ്മുടെ ഭൂമിയെ ക്രമേണ വിരൂപിണിയും പതിതയുമാക്കിത്തീർത്തുകൊണ്ടിരിക്കുകയാണ്. പകരം വയ്ക്കാനും വീണ്ടെടുക്കാനുമാവാത്ത സൗന്ദര്യത്തിന്റെ സ്ഥാനത്ത് നമ്മൾതന്നെ രൂപം കൊടുത്ത എന്തോ ഒക്കെ മതിയാകും എന്നു നമ്മൾ തെറ്റിദ്ധരിക്കുന്നുണ്ടെന്നു പാപ്പ മനസ്സിലാക്കുന്നുണ്ട്.

ആവാസവ്യവസ്ഥിതികളുടെ സംരക്ഷണത്തിന് ദീർഘവീക്ഷണം ആവശ്യമുണ്ട്. ലഭിക്കാവുന്ന സാമ്പത്തിക നേട്ടങ്ങളെക്കാൾ ഏറെ വലുതാണ് അത്തരം സ്വാർത്ഥതാപരമായ താൽപര്യരാഹിത്യം മൂലം സംഭവിക്കുന്ന നാശത്തിന്റെ വില. സമുദ്രങ്ങളിൽ നമ്മുടെ ഗ്രഹത്തിനാവശ്യമായ ജലസംഭരണം മാത്രമല്ല ഉള്ളത്. പിന്നെയോ ജീവികളുടെ വലിയ വൈവിധ്യത്തിന്റെ മിക്ക ഭാഗവും അവയിലുണ്ട്. അവയിൽ പലതും നമുക്ക് ഇന്നും അജ്ഞാതമാണ്. എന്നാൽ സൃഷ്ടിയുടെ പരിചരണത്തിന്റെ പാതിയിൽ മനുഷ്യനിർമ്മിതമായ പ്രശ്നങ്ങൾ പരിഹരിച്ച് ഭൂമിയെ സംരക്ഷിക്കുന്ന ശാസ്ത്രജ്ഞന്മാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും പരിശ്രമങ്ങൾ ആദരണീയമാണ്.

**മാനുഷികജീവന്റെ ഗുണമേന്മയിലുണ്ടാകുന്ന അധഃപതനവും സമൂഹത്തിന്റെ തകർച്ചയും**

മനുഷ്യജീവികളും ഈ ലോകത്തിലെ സൃഷ്ടികളാണ്. ജീവിക്കാനും സന്തോഷിക്കാനും അവകാശമുള്ള ജീവികളാണ്. അനന്യമായ മഹത്ത്വമുള്ളവരാണ്. ഇക്കാലത്ത് അനേകം നഗരങ്ങളുടെ അനുപാതരഹിതവും അനിയന്ത്രിതവുമായ വളർച്ചയെക്കുറിച്ച് നമുക്ക് അറിയാം. അവ ജീവനെ സംബന്ധിച്ചിടത്തോളം അനാരോഗ്യകരമായിക്കൊണ്ടിരിക്കുന്നു. പാരിസ്ഥിതികമായ അധഃപതനവും ഇന്നത്തെ വികസന മാതൃകകളും വലിച്ചെറിയൽ സംസ്കാരവും മനുഷ്യരുടെ ജീവനുമേൽ ചെലുത്തുന്ന സ്വാധീനത്തെ പരിഗണിക്കാതിരിക്കാൻ സാധ്യമല്ല.

മാധ്യമങ്ങളും ഡിജിറ്റൽ ലോകവും സർവത്ര വ്യാപിരിച്ചിരിക്കുന്നു. നമ്മുടെ അത്യഗാധമായ സമ്പന്നതയ്ക്ക് ഭീഷണിയാകാതെ, ഈ മാധ്യമങ്ങളെ മനുഷ്യവംശത്തിന്റെ നവീന സാംസ്കാരിക പുരോഗതിയുടെ ഉറവിടങ്ങളായിത്തീരാൻ സഹായിക്കുന്നതിന് ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

**ആഗോള വ്യാപകമായ അസമത്വം**

മാനുഷിക പരിസ്ഥിതിയും പ്രകൃതിപരമായ പരിസ്ഥിതിയും ഒന്നിച്ചാണ് ക്ഷയിക്കുന്നത്. യഥാർത്ഥത്തിൽ, പരിസ്ഥിതിയുടെയും സമൂഹത്തിന്റെയും അധോഗതി ഭൂമിയിലെ ഏറ്റവും ദുർബലരായ ജനങ്ങളെയാണ് ബാധിക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങളെ ശരിയായ വിധ

ത്തിൽ നേരിടാൻ സാമൂഹികമായ ഒരു ബന്ധം നമുക്കാവശ്യമാണ്. ഉത്പാദിപ്പിക്കപ്പെടുന്ന ഭക്ഷണത്തിൽ മൂന്നിലൊന്നോളം ഭാഗം പരിത്യജിക്കപ്പെടുന്നുവെന്നു നമുക്കറിയാം. ഭക്ഷണം വലിച്ചെറിഞ്ഞുകളയുമ്പോഴെല്ലാം അതു ദരിദ്രന്റെ ഊണുമേശയിൽ നിന്നു മോഷ്ടിക്കപ്പെട്ടതുപോലെയാണ്. ചില സമ്പന്ന രാഷ്ട്രങ്ങളിലെ വലിയ ഉപഭോഗം മൂലമുണ്ടാകുന്ന താപവർദ്ധനവ് ലോകത്തിലെ ഏറ്റവും ദരിദ്രമായ പ്രദേശങ്ങളിൽ പ്രത്യേകിച്ച് ആഫ്രിക്കയിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനുള്ള പുതിയ മാതൃകകൾ സ്വീകരിക്കാൻ ഏറ്റവും ദരിദ്രമായ പ്രദേശങ്ങളും രാജ്യങ്ങളും കഴിവുകുറഞ്ഞവയാണ്.

കാലാവസ്ഥാവ്യതിയാനത്തെ സംബന്ധിച്ച് വ്യതിരിക്തമാക്കപ്പെട്ട ഉത്തരവാദിത്വങ്ങളുണ്ടെന്ന് നാം തുടർന്ന് അവബോധമുള്ളവരായിരിക്കണം.

**ദുർബല പ്രതികരണങ്ങൾ**

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ ചെയ്തതുപോലെ നാം മുമ്പ് ഒരിക്കലും നമ്മുടെ പൊതുഭവനത്തെ ദ്രോഹിക്കുകയും അതിനോട് മര്യാദയില്ലാതെ പെരുമാറുകയും ചെയ്തിട്ടില്ല. എന്നാലും നമ്മുടെ ഗ്രഹം നമ്മുടെ പിതാവായ ദൈവം സൃഷ്ടിച്ചപ്പോൾ അവിടുന്ന് ആഗ്രഹിച്ചതുപോലെ ആയിരിക്കാനും സമാധാനത്തിനും സൗന്ദര്യത്തിനും പൂർണ്ണതയ്ക്കുവേണ്ടിയുള്ള അവിടുത്തെ പദ്ധതിയോട് യോജിക്കാനും വേണ്ടി അവിടുത്തെ ഉപകരണങ്ങളാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

അന്താരാഷ്ട്ര സമൂഹത്തിന്റെ രാഷ്ട്രീയപ്രത്യുത്തരങ്ങൾ എത്ര ദുർബലമാ യിരുന്നുവെന്ന് ശ്രദ്ധേയമാണ്.

**അഭിപ്രായ വൈവിധ്യം**

ഒരറ്റത്ത് പുരോഗതിയെന്ന മിത്തിനെ ദുശ്ചിന്തയോടെ ഉയർത്തിപ്പിടിക്കുന്നവരെ കാണാം. പാരിസ്ഥിതിക പ്രശ്നങ്ങൾ ധാർമ്മിക പരിഗണനകളോ ആഴത്തിലുള്ള മാറ്റമോ കൂടാതെ പുതിയ സാങ്കേതിക വിദ്യയുടെ പ്രയോഗംവഴി മറ്റേ അറ്റത്ത് മനുഷ്യരും അവരുടെ ഇടപെടലുകളും ആഗോള ആവാസവ്യവസ്ഥയെ അപകടാവസ്ഥയിലാക്കുന്ന ഭീക്ഷണിയല്ലാതെ മറ്റൊന്നമല്ലെന്നു പറയുന്നവരെ കാണാം. എന്തെന്നാൽ മാനുഷിക പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ചുള്ള ചിന്തകൾ നാം അവസാനിപ്പിച്ചു കഴിഞ്ഞു. നമ്മുടെ ഗ്രഹത്തിന്റെ പ്രദേശങ്ങളെ സുക്ഷ്മമായി പരിശോധിച്ചാൽ മനുഷ്യവംശം ദൈവത്തിന്റെ പ്രതീക്ഷകളെ നിരാശപ്പെടുത്തിയെന്നു നിഷ്പ്രയാസം കാണാനാകും.

## അദ്ധ്യായം രണ്ട്
### സൃഷ്ടിയുടെ സുവിശേഷം

വി. ഗ്രന്ഥത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് എല്ലാവരും ദൈവത്തിന്റെ സൃഷ്ടിയാണെന്ന അവബോധത്തിലേക്ക് വളരാൻ രണ്ടാം അദ്ധ്യായത്തിൽ പാപ്പാ ആഹ്വാനം ചെയ്യുന്നു.

**വിശ്വാസം നൽകുന്ന വെളിച്ചം**

മനുഷ്യത്വമുള്ളതുകൊണ്ടുമാത്രം തങ്ങൾ ഭാഗമായിരിക്കുന്ന പരിസ്ഥിതിക്കുവേണ്ടി കരുതലുള്ളവരാകാൻ ജനത്തിനു കഴിയുന്നുവെങ്കിൽ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം സൃഷ്ടിക്കുള്ളിൽ അവർക്കുള്ള ഉത്തരവാദിത്വവും പ്രകൃതിയോടും സ്രഷ്ടാവി നോടും അവർക്കുള്ള കടമയും അവരുടെ വിശ്വാസത്തിന്റെ സാരാംശപരമായ ഭാഗമാണ്.

**ബൈബിൾവിവരണങ്ങളിലെ ജ്ഞാനം**

ഉൽപ്പത്തി പുസ്തകത്തിലെ ആദ്യത്തെ സൃഷ്ടിവിവരണത്തിൽ മനുഷ്യവംശത്തെ സൃഷ്ടിക്കുകയെന്നത് ദൈവീകപദ്ധതിയുടെ ഭാഗമാണ്. പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചിട്ട് താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു (ഉത്പ. 1:31). ഓരോ മനുഷ്യനും സ്നേഹമൂലം സൃഷ്ടിക്കപ്പെടുവെന്നും ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും അവരെ സൃഷ്ടിച്ചുവെന്നും ബൈബിൾ പഠിപ്പിക്കുന്നു (ഉത്പ.1.26). ഉത്പത്തിപ്പുസ്തകത്തിലുള്ള സൃഷ്ടിവിവരണം അതിന്റെ പ്രതീകാത്മകവും വിവരണാത്മകവുമായ ഭാഷയിൽ, മനുഷ്യന്റെ അസ്തിത്വത്തെയും അതിന്റെ ചരിത്രാത്മക യാഥാർത്ഥ്യത്തെയും ഉൾക്കൊള്ളുന്നു.

ദൈവത്തിന്റെ ഭൂമിയോടുള്ള ഉത്തരവാദിത്വത്തിന്റെ അർത്ഥം ഇതാണ്. ബുദ്ധിശക്തിയുള്ള മനുഷ്യർ പ്രകൃതിനിയമങ്ങളെയും ഈ ലോകത്തിലെ ജീവികൾ തമ്മിലുള്ള മൃദുലമായ സന്തുലിതാവസ്ഥകളെയും ആദരിക്കണം. എന്തെന്നാൽ അവിടുന്ന് കൽപിച്ചു. അവ സൃഷ്ടിക്കപ്പെട്ടു. അവയെ അവിടുന്ന് എന്നേക്കും സുസ്ഥിരമാക്കി. അലംഘ്യമായ അതിരുകൾ അവിടുന്ന് അവയ്ക്കു നിശ്ചയിച്ചു. (സങ്കീ. 148 –5:6)

ഭൂമിയുടെ വസ്തുക്കൾ ഉത്തരവാദിത്വപൂർവ്വം ഉപയോഗിക്കാനുള്ള കടമയോടൊപ്പം നമുക്കു മറ്റൊരു കടമ കൂടിയുണ്ട്. ദൈവതിരുമുമ്പിൽ മറ്റു ജീവികൾക്കും ഒരു മൂല്യമുണ്ടെന്ന് അംഗീകരിക്കണം. അവ അവയുടെ അസ്തിത്വം കൊണ്ടു തന്നെ ദൈവത്തെ പുകഴ്ത്തുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ സ്വന്തം ജീവന്റെയും പ്രകൃതിയുമായുള്ള നമ്മുടെ ബന്ധങ്ങളുടെ യഥാർത്ഥ സംരക്ഷണത്തെയും സാഹോദര്യം, നീതി, മറ്റുള്ളവരോടുള്ള വിശ്വസ്തത എന്നിവയിൽ നിന്നു വേർതിരിക്കാനാവുകയില്ല.

**പ്രപഞ്ച രഹസ്യം**

യഹൂദ-ക്രൈസ്തവ പാരമ്പര്യത്തിൽ സൃഷ്ടി എന്ന വാക്കിന് പ്രകൃതിയെന്ന അർത്ഥത്തെക്കാൾ വിപുലമായ അർത്ഥമുണ്ട്. എന്തെന്നാൽ ഓരോ സൃഷ്ടിക്കും സ്വർഗീയ മൂല്യവും പ്രാധാന്യവുമുള്ള ദൈവത്തിന്റെ സ്നേഹപൂ

ർണമായ പദ്ധതിയോട് ബന്ധപ്പെട്ടതാണ്. ആ പദം അതേസമയം യഹൂദ ക്രൈസ്തവ ചിന്ത പ്രകൃതിയെ മിത്തിൽ നിന്നു മാറ്റി. അത് പ്രകൃതിയുടെ മഹത്ത്വത്തെയും അപരിമേയ ത്വത്തെയും കുറിച്ചു വിസ്മയിക്കുമ്പോഴും പ്രകൃതിയെ ദൈവീകമായി കണ്ടില്ല.

പ്രപഞ്ചത്തിന്റെ ആത്യന്തികഭാഗധേയം ദൈവത്തിന്റെ പൂർണതയിലാണ്. എല്ലാ വസ്തുക്കളുടെയും പൂർണതയുടെ അളവുതന്നെയായ ഉത്ഥിതനായ ക്രിസ്തു അതു നേടിക്കഴിഞ്ഞു. ബുദ്ധിശക്തിയും സ്നേഹവുമുള്ള മനുഷ്യർ, ക്രിസ്തുവിന്റെ പൂർണതയാൽ ആകർഷിക്കപ്പെടുന്നവർ, എല്ലാ ജീവികളെയും അവരുടെ സ്രഷ്ടാവിലേക്കു തിരിച്ചു നയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

**ഓരോ സൃഷ്ടിയുടെയും സന്ദേശം സൃഷ്ടിയുടെ ഐക്യത്തിൽ**

ഓരോ മനുഷ്യജീവിയും ദൈവത്തിന്റെ ഛായയാണെന്ന് നാം ഊന്നിപ്പറയുന്നു. ഓരോ സൃഷ്ടിയും സ്വർഗീയമായ ലക്ഷ്യമുണ്ടെന്ന യാഥാർത്ഥ്യത്തെ ആ ഊന്നിപ്പറച്ചിൽമൂലം അവഗണിക്കാൻ പാടില്ല. ഓരോ സ്ഷ്ടിയെയുംകുറിച്ച് ദൈവികപദ്ധതിയുടെ സമഗ്രതയ്ക്കുള്ളിൽ ധ്യാനിച്ചാൽ അതിന്റെ പ്രാധാന്യവും അർത്ഥവും നമുക്ക് കൂടുതൽ നന്നായി മനസ്സിലാകും.

നമ്മൾ എല്ലാവരും പ്രപഞ്ചത്തിന്റെ ഭാഗമെന്ന നിലയിൽ ഏകപിതാവിനാൽ അസ്തിത്വത്തിലേക്കു വിളിക്കപ്പെട്ടവരെന്ന നിലയിൽ അദൃശ്യമായ ബന്ധങ്ങളാൽ പരസ്പരം ബന്ധിതരായി ഒരു സാർവത്രിക കുടുംബത്തെ രൂപപ്പെടുത്തുന്നു. മനുഷ്യരായ നമ്മൾ സഹോദരീസഹോദരന്മാരെന്ന നിലയിൽ വിസ്മയനീയമായ തീർത്ഥാടനം നടത്തുന്നവരാണ്. ദൈവത്തിന്റെ സൃഷ്ടികളിൽ ഓരോന്നിനോടുമുള്ള സ്നേഹത്താൽ ഒന്നിച്ചുനെയ്യപ്പെട്ടവരാണ്. അത് സഹോദരനായ സൂര്യനോടും സഹോദരിയായ ചന്ദ്രനോടും സഹോദരനായ നദിയോടും അമ്മയായ ഭൂമിയോടും നമ്മെ വാത്സല്യപൂർവ്വം ഐക്യപ്പെടുത്തുന്നു. മൂന്നു ബന്ധങ്ങളിൽ അടിയുറച്ചതാണ് മനുഷ്യജീവൻ. ദൈവത്തോട് അയൽക്കാരനോട് ഭൂമിയോടുംതന്നെ.

**വസ്തുക്കളുടെ പൊതു ഭാഗധേയം**

ഭൂമി അടിസ്ഥാനപരമായി പങ്കുവെയ്ക്കപ്പെട്ട പൈതൃകമാണ്. അതിന്റെ ഫലങ്ങൾ ഓരോ വ്യക്തിയുടേയും ഉപകാരത്തിനുള്ളതാണ്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നു. ദൈവം ഭൂമിയെ മുഴുവൻ മനുഷ്യവംശത്തിനുമായി, അതിന്റെ സകല അംഗങ്ങളുടെയും നിലനിൽപ്പിനായി ആരെയും ഒഴിവാക്കാതെയും ആരോടും പ്രത്യേകം താൽപര്യം കാണിക്കാതെയും നൽകി. സമ്പന്നർക്കും ദരിദ്രർക്കും തുല്യമഹത്വമുണ്ട്. എന്തെന്നാൽ കർത്താവാണ് അവരുടെയെല്ലാവരുടെയും സ്രഷ്ടാവ്. നാം എന്തെങ്കിലും സ്വന്തമാക്കുമ്പോൾ അത് എല്ലാവരുടെയും നന്മയ്ക്കുവേണ്ടി ഉപയോഗിക്കാനാണ്.

## അദ്ധ്യായം മൂന്ന്
### പരിസ്ഥിതി പ്രതിസന്ധിയുടെ മാനുഷിക മൂല്യങ്ങൾ

**സാങ്കേതിക വിദ്യ : സർഗാത്മകതയും ശക്തിയും**

മനുഷ്യവംശം ഒരു പുതിയ യുഗത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക വിദ്യയുടെ യുഗമാണ്. ഭൂമിയിൽ വിഭവങ്ങളുടെ ലഭ്യത അനന്തമാണ് എന്ന മിഥ്യാധാരണയിൽ മനുഷ്യൻ സാങ്കേതിക വിദ്യയുടെ സഹായത്താൽ ഈ ഗ്രഹത്തെ അതിരറ്റ് ചൂഷണം ചെയ്യുന്നു. മനുഷ്യജീവിതത്തിന്റെ ഗുണമേന്മ വർധിപ്പിക്കാനുതകുന്ന പ്രധാന മാർഗങ്ങൾ സമ്മാനിക്കാൻ സാങ്കേതിക ശാസ്ത്രത്തിനു കഴിയും. ഇത് ശാസ്ത്ര-സാങ്കേതിക വിദ്യയുടെ ഗുണമാണ്. എന്നാൽ മനുഷ്യനന്മയ്ക്ക് ഉതകേണ്ട സാങ്കേതിക വിദ്യയുടെ ദുരുപയോഗം ലക്ഷങ്ങളുടെ മരണത്തിന് വഴിവയ്ക്കുന്നു എന്ന വസ്തുതയും നാം ഓർക്കണം.

**ആധുനിക മനുഷ്യകേന്ദ്രീകൃതത്വത്തിന്റെ പ്രതിസന്ധിയും ഫലങ്ങളും**

ആധുനിക മനുഷ്യകേന്ദ്രീകൃതവാദം യാഥാർത്ഥ്യത്തെക്കാൾ കൂടുതൽ വില സാങ്കേതിക ചിന്തയ്ക്ക് നൽകുന്നതിൽ വൈരുധ്യാത്മകമായി ചെന്ന് അവസാനിച്ചു. എന്തെന്നാൽ സാങ്കേതികവിദ്യാപരമായ മനസ്സ് പ്രകൃതിയെ ബോധമില്ലാത്ത ഒരു ഘടനയായി കാണുന്നു. മനുഷ്യർ ഭൂമിയിൽ തങ്ങളുടെ യഥാർത്ഥസ്ഥാനം കണ്ടെത്തുന്നതിൽ പരാജയപ്പെടുമ്പോൾ അവർ തങ്ങളെത്തന്നെ തെറ്റിധരിക്കുകയും തങ്ങൾക്കു തന്നെ എതിരായി പ്രവർത്തിക്കുന്നതിൽ ചെന്നവസാനിക്കുകയും ചെയ്യുന്നു.

എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് പ്രകൃതിയെ സംരക്ഷിക്കാനുള്ള താൽപര്യത്തിനു യോജിച്ചതല്ല ഗർഭഛിദ്രത്തിന്റെ നീതീകരണം, മാനുഷിക ഭ്രൂണത്തെ -അതിന്റെ സാന്നിധ്യം അസ്വസ്ഥതയ്ക്കു കാരണമാകുകയും പ്രയാസങ്ങൾ സൃഷ്ടി ക്കുകയും ചെയ്താലും -സംരക്ഷിക്കുന്നതിൽ നാം പരാജയപ്പെട്ടാൽ, ദുർബലരായ മറ്റു ജീവികളോട് - അവ എത്ര പ്രയാസവും അസൗകര്യവുമുണ്ടാക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സത്യസന്ധമായി പഠിപ്പിക്കാൻ എങ്ങനെ കഴിയും. പുതിയ ജീവനെ സ്വീകരിക്കുന്നതു സംബന്ധിച്ച വ്യക്തിപരവും സാമൂഹികവുമായ സംവേദകത്വം നഷ്ടപ്പെട്ടാൽ സമൂഹത്തെ സംബന്ധിച്ചു വിലപ്പെട്ട മറ്റുള്ള സ്വീകരണരൂപങ്ങളും ഒഴിഞ്ഞുപോകും.

നമ്മൾ സഹോദരങ്ങൾ ആയതിനാൽ ഓരോരുത്തരും അപരന്റെ കാവൽക്കാരുമാണ്. പ്രായോ

ഗിക ആപേക്ഷികത ഉപേക്ഷിക്കാനും തൊഴിലിന്റെ മാഹാത്മ്യം സംരക്ഷിക്കാനും നവീന ജീവശാസ്ത്ര സാങ്കേതിക വിദ്യകൾ ധാർമ്മികമായി ഉപയോഗിക്കാൻ പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

## അദ്ധ്യായം നാല്

### സമഗ്ര പാരിസ്ഥിതിക വിജ്ഞാനീയം

സാമൂഹികവും പാരിസ്ഥിതികവുമായ ദ്വിമാനങ്ങളുള്ള ഒരൊറ്റ പ്രശ്നമാണ് നാം ഇന്ന് അഭിമുഖീകരിക്കുന്നത് എന്ന് നാലാം അദ്ധ്യായത്തിൽ പാപ്പാ പ്രസ്താവിക്കുന്നു. പരിഹാര മാർഗ്ഗത്തിനുള്ള തന്ത്രങ്ങൾക്ക് സമഗ്രമായ സമീപനമുണ്ടാകണം - ദാരിദ്ര്യത്തോടു പടപൊരുതാനും പുറന്തള്ളപ്പെട്ടവർക്ക് മഹത്ത്വം പുനഃസ്ഥാപിച്ചു കൊടുക്കാനും അതേസമയം പ്രകൃതിയെ സംരക്ഷിക്കാനും സമീപനം.

പരിസ്ഥിതിയെക്കുറിച്ചു നാം പറയുമ്പോൾ യഥാർത്ഥത്തിൽ നാം അർത്ഥമാക്കുന്നത് ഇതാണ്. പ്രകൃതിയും അതിൽ ജീവിക്കുന്ന സമൂഹവും തമ്മിലുള്ള ബന്ധം പ്രകൃതിയെ നമ്മിൽ നിന്നു വേർപ്പെട്ടു നിൽക്കുന്ന ഒന്നായി പരിഗണിക്കാൻ പാടില്ല. നമ്മൾ ജീവിക്കുന്ന കേവലവേദിയായും കരുതാൻ പാടില്ല. നാം പ്രകൃതിയുടെ ഭാഗമാണ്. അതിൽ ഉൾപ്പെട്ടവരാണ്. സമഗ്രപാരിസ്ഥിതികത എന്ന ആശയത്തിൽ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ആയ വസ്തുതകൾ അടങ്ങിയിരിക്കുന്നു. മാനുഷിക പരിസ്ഥിതിയെന്നത് പൊതുനന്മയെന്ന ആശയത്തിൽ നിന്നു വേർതിരിക്കാനാവാത്തതാണ്. അത് സാമൂഹിക ധർമ്മശാസ്ത്രത്തിന്റെ കേന്ദ്രസ്ഥാനം ഐക്യപ്പെടുത്തുന്നതുമായ തത്ത്വമാണ് പൊതുനന്മയെന്നത്. സാമൂഹിക ജീവിതത്തിന്റെ വ്യവസ്ഥകളുടെ ആകെത്തുകയാണ് അവരുടെ സാക്ഷാത്കാരത്തിലേക്ക് ആപേക്ഷികമായി പൂർണമായും സന്നദ്ധമായും പ്രവേശനം അനുവദിക്കുന്നു.

മനുഷ്യന്റെ പൊതുനന്മയുടെ കാഴ്ച്ചപാടിൽനിന്നും പരിസ്ഥിതി മാറ്റി നിർത്താവുന്നതല്ല. സമഗ്രവും പ്രായോഗികവുമായ വിധത്തിൽ അതിനെ വീക്ഷിക്കേണ്ടതുണ്ട്. ഇന്നിന്റെ സാഹചര്യത്തിൽ മനുഷ്യാവകാശം നിഷേധിക്കപ്പെടുകയും വലിച്ചെറിയപ്പെടുകയും ചെയ്യുന്നവർ നിരവധിയാണ്. അതിനാൽ പൊതുനന്മയ്ക്ക് സമർപ്പിക്കുക എന്നു പറഞ്ഞാൽ ഐക്യദാർഢ്യത്തിലും സഹോദരൃത്തിലും അധിഷ്ഠിത വുമായ ജീവിത തിരഞ്ഞെടുപ്പുകൾ നടത്തുന്നതും പാവങ്ങളായ സഹോദരങ്ങളോട് പ്രത്യേകം സ്നേഹവും പരിഗണനയും ഉണ്ടായിരിക്കുന്നതാണ്. ഭാവി തലമുറയ്ക്ക് ഉതകുന്ന സുസ്ഥിരമായൊരു ലോകം ഉണ്ടായിരിക്കുന്നതാണ്.

സമഗ്രമായ പരിസ്ഥിതി സംവിധാനം അനുദിന ജീവിതത്തിന്റെ ആവശ്യമാണ്. ചാക്രികലേഖനം നഗരജീവിതചുറ്റുപാടിനു പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട് പൊതുനന്മയെ സംരക്ഷിക്കാനും വളർത്താനും സമൂഹത്തിന് പൊതുവെയും രാഷ്ട്രത്തിന് പ്രത്യേകം കടമയുണ്ട്.





### മാമ്മോദീസാ

കരിമ്പിൽ ജിജു സ്കറിയായുടെയും അഞ്ചുമോൾ ജിജുവിന്റെയും മകൻ ഹനോക്ക് ജിജുവിന്റെ (സ്കറിയ) മാമ്മോദീസ 2018 ആഗസ്റ്റ് 6-ാം തീയതി പാണ്ടനാട് സെന്റ് തോമസ് മലങ്കര കത്തോലിക്കാ പള്ളിയിൽ വെച്ച് ബഹു. റിജോ പുത്തൻപറമ്പിൽ അച്ചന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## അദ്ധ്യായം അഞ്ച്
### സമീപന പ്രവർത്തനരീതികൾ

പരിസ്ഥിതിയുടെ മേഖലയിൽ നമുക്ക് എന്തു ചെയ്യാനാകും എന്നാണ് ഈ അദ്ധ്യായം. പരിസ്ഥിതി പ്രശ്നങ്ങളിൽ വ്യാപകമായ ഐകരൂപ്യം ലഭിക്കാത്ത തലങ്ങളും ഉണ്ട്. അവയ്ക്ക് ഉടനെ ശാസ്ത്രീയമോ രാഷ്ട്രീയമോ ആയ പോംവഴികൾ സഭ നിർദേശിക്കുന്നില്ല. എന്നാൽ സത്യസന്ധവും സുതാര്യവുമായ സംവാദം പ്രോത്സാഹിപ്പിക്കണമെന്നും അതുവഴി പ്രത്യേകം താൽപര്യങ്ങളും ആശയങ്ങളും പൊതുനന്മയെ മറച്ചുകളയാതിരിക്കുവാനും പാപ്പ പ്രത്യേകം പരിശ്രമിക്കുന്നുമുണ്ട്. വേണ്ട നന്മ വേണ്ടപ്പോൾ ചെയ്യുവാൻ സാധിക്കാതെ തങ്ങളുടെ കഴിവുകൾ തെളിയിക്കുന്നു അല്ലെങ്കിൽ അനുസ്മരിപ്പിക്കുന്ന അധികാരക്കസേരയിൽ തൂങ്ങിക്കിടക്കാൻ പ്രേരിപ്പിക്കുന്ന ഭരണകർത്താക്കളെ ഓർത്ത് പാപ്പ ഖേദം പ്രകടിപ്പിക്കുന്നുണ്ട്. സാമ്പത്തിക ലാഭ-നഷ്ടങ്ങളുടെ വെളിച്ചത്തിൽ ആഗോള പാരിസ്ഥിതികസംരക്ഷണം യാഥാർത്ഥ്യമാക്കുവാൻ ആവില്ലെന്ന് പാപ്പ ഫ്രാൻസിസ് സമർഥിക്കുന്നു.

യാർത്ഥ്യവും സമഗ്രവുമായ വികസനത്തിന് അനുയോജ്യമായ നയങ്ങൾ വിവേച്ചിച്ചെടുക്കുന്നതിന് സത്യസന്ധവും സുതാര്യവുമായ തീരുമാനങ്ങൾ എടുക്കുന്ന രീതികൾ ഉണ്ടാകണമെന്ന് പാപ്പ നിഷ്കർഷിക്കുന്നു. നവമായ വ്യവസായ സംരഭങ്ങളുടെയും പദ്ധതികളുടെയും കുറിച്ച് പഠിക്കുന്നതിന് സുതാര്യമായ രാഷ്ട്രീയ സംവിധാനങ്ങളും അനിവാര്യമാണ്. എന്നാൽ ഒളിഞ്ഞിരിക്കുന്ന പരിസ്ഥിതി വിനാശത്തിന് കാരണമാകുന്നത് സ്വതന്ത്രവും സുതാര്യവുമായ സംവേദനം ഇല്ലാത്തതും അഴിമതി നിറഞ്ഞതുമായ ഇന്നിന്റെ രാഷ്ട്രീയ ചുറ്റുപാടാണ്. അഴിമതി നമ്മുടെ രാജ്യങ്ങളെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. നേതാക്കൾ നിസ്വാർത്ഥ സേവനത്തിന് സാക്ഷ്യം നൽകണമെന്ന് പാപ്പ പറയുന്നു.

*(ശേഷം അടുത്ത ലക്കം)*



വേങ്ങൽ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ഇടവകയിലെ കൊച്ചുകളത്തിൽ റെജിയുടെയും ജിനുവിന്റെയും മക്കളായ റിനോജ് (അപ്പു, 8), റിനോ റെജി (മോനു, 6) എന്നീ എം.സി.സി.എൽ. കുട്ടികൾ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്രയിൽ മുഴുവൻ സമയവും പങ്കെടുത്തു.



ചക്കുപള്ളം സെന്റ് മേരീസ് ഇടവകാംഗമായ ജോയി മധുരത്തിൽ തുടർച്ചയായ 5-ാം വർഷവും ചക്കുപള്ളത്തു നിന്നും ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്ര നടത്തുന്നു.


പ്രാർത്ഥനാശംസകൾ..

25-ാം വിവാഹവാർഷികം



ജേക്കബ് & ആൻസി

ചിറയിൽ, ചങ്ങനാശ്ശേരി



പാവനസ്മരണയ്ക്ക്



സി.എ. മാത്യു

മരണം : 23-07-2016

ചിറയ്ക്കൽ, ചെത്തോങ്കര, റാന്നി

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ



PM BROTHER'S


ST.ANTONY'S

CANDLE INDUSTRIES

KUMBANAD



Mob. 9656078498
8301083698



പള്ളികൾക്കാവശ്യമായ മദ്ബഹാതിരി, ഗ്ലോബ് തിരി, റാസാ തിരി, കുന്തിരിക്കം എന്നിവ മിതമായ വിലയ്ക്ക് എത്തിച്ച് കൊടുക്കപ്പെടും.

## പാവനസ്മരണയ്ക്ക്


10-ാം ചരമവാർഷികം



**ത്രേസ്യാക്കുട്ടി ഏബ്രഹാം**

**ചിറയിൽ, ചങ്ങനാശ്ശേരി**

## പാവനസ്മരണയ്ക്ക്



**റ്റി.സി. ഈപ്പൻ**

മരണം : 20–07–2017

**തോട്ടയ്ക്കാട്ട്, വടക്കേമുറിയിൽ**

**പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ**



വേങ്ങൽ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകാംഗമായ കരിപ്പായിൽ ശ്രീ. മനുവിന്റെയും ശ്രീമതി ഷിനുവിന്റെയും മകൾ എയ്ഞ്ചലാ 05-08-2018 ൽ ബഹു. ജോസഫ് കരിപ്പായിലിന്റെ കാർമികത്വത്തിൽ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചു.

(17-ാം പേജ് തുടർച്ച)

ത്താൻ കഴിയുകയില്ലെന്ന് എനിക്കുറപ്പുണ്ട് '(റോ മ. 8: 35-39).

'ക്രിസ്തുവിന്റെ ഭാഗധേയം കുരിശും രക്തസാക്ഷിത്വവുമായിരുന്നു. നിന്റെ ഭാഗധേയവും അതു തന്നെ. മറ്റ് ആശ്വാസവും സന്തോഷവും അന്വേഷിച്ച് നീ അലയേണ്ടതില്ല 'എന്ന് ക്രിസ്ത്വനുകരണകർത്താവ് പഠിപ്പിക്കുന്നു.

ക്രിസ്തുവിനുവേണ്ടി ജീവിക്കുമ്പോൾ അർത്ഥം കണ്ടെത്തുന്നത് പണത്തിലല്ല പ്രാർത്ഥനയിലാണ്; ശക്തി കണ്ടെത്തുന്നത് കരബലത്തിലോ സംഘശക്തിയിലോ അല്ല, ദൈവാശ്രയത്തിലാണ്. 'അവർ വിശ്വസ്തയോടെ ജീവിക്കും; ചാഞ്ചല്യമില്ലാതെ കർത്താവിൽ ആശ്രയിക്കുകയും ചെയ്യും' (സങ്കീ 26: 1). ജീവിതചര്യയിൽ നിഷ്ഠയും നോമ്പനുഷ്ഠാനങ്ങളിൽ ശ്രദ്ധയും സ്വയമേ ഉണ്ടാകും. ഒന്നിനെപ്പറ്റിയും അമിതമായ ഉൽക്കണ്ഠ ഇല്ല. എന്നാൽ വിശുദ്ധ പൗലോസിനെപ്പോലെ മറ്റുള്ളവരെപ്പറ്റി സദാ വ്യഗ്രത ഉണ്ടുതാനും. മനസ്സലിവുള്ള സമറായനായി- നല്ല അയൽക്കാരനായി- അവൻ വർത്തിക്കും. അപരന്റെ അഃജീവനത്തിന് ആവശ്യമായതെല്ലാം ചെയ്യാൻ- വ്യയംചെയ്യാൻ- സ്വയമെ സന്നദ്ധനാകും (ലൂക്കോ. 10:34). മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നതെന്നും (ലൂക്കോ. 12: 16), ദൈവസന്നിധിയിൽ സമ്പന്നനാകണമെന്നും അവൻ അറിയുന്നു (ലൂക്കോ. 12:21). അവൻ കർത്താവിന് സ്വന്തമായി ജീവിക്കുന്നു (റോമ.14:8). അവൻ തനിക്കുവേണ്ടിയല്ല ജീവിക്കുന്നത് (റോമ. 14:7) ഭോഷനായ ധനികനെപ്പോലെ തീൻകുടിയിലല്ല അവന്റെ ആനന്ദം (ലൂക്കോ. 12: 19). തന്റെ ജീവനെ നിത്യജീവനായി പരിവർത്തിപ്പിക്കുന്ന കല അവനറിയുന്നു. ഇതാണ് നിത്യാനിത്യ വിവേകം. 'രക്ഷയിലൂടെ ചരിക്കുന്നവർക്ക് കുരിശുകൾ സമ്മാനിക്കുന്നത് ദൈവത്തിന്റെ ശക്തിയത്രേ... ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയാണ് അവർ പ്രസംഗിക്കുന്നത്; പ്രശംസിക്കുന്നതും... അവനിൽ അഭിമാനിക്കുകയും ചെയ്യുന്നു' (1 കൊരി.1:18,23,31). 'ജ്ഞാനി തന്റെ ജ്ഞാനത്തിൽ അഹങ്കരിക്കാതിരിക്കട്ടെ; ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കാതിരിക്കട്ടെ; സമ്പന്നൻ തന്റെ സമ്പത്തിൽ വലിപ്പം ഭാവിക്കാതിരിക്കട്ടെ... കർത്താവിനെക്കുറിച്ചുള്ള അറിവായിരിക്കട്ടെ നിന്റെ പ്രശംസാവിഷയം (ജറമി. 9: 23- 24).

**ക്രിസ്തു ശിഷ്യൻ ഇരുന്ന് തുരുമ്പിക്കേണ്ടവനല്ല, നടന്ന് ശോഷിക്കുന്നവനാണ്.**

"It is better to wear out in God's service, than to rust out in self - preservation". 'ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ നടന്നാൽ തളരുകയില്ല; ഓടിയാൽ ക്ഷീണിക്കുകയുമില്ല; അവരുടെ ജീവിതം കഴുകനെപ്പോലെ പുനർജ്ജനി പ്രാപിക്കും' (ഏശ. 40: 31). ●

(20-ാം പേജ് തുടർച്ച)

**സാംകുട്ടി** - അച്ചാ, ഒരു സംശയം കൂടി ചോദിച്ചു കൊള്ളട്ടെ. വൈദികരും പാപം ചെയ്യുന്നുണ്ടല്ലോ. അവർ പാപമോചനം നൽകിയാൽ വാസ്ഥവമാകുമോ?

**അച്ചൻ** - ഈ ലോകത്തിൽ ജനിച്ചവരിൽ പാപമില്ലാത്തവരായി കർത്താവേശുമിശിഹാ മാത്രമേ ഉള്ളൂ. പരി. കന്യകമറിയം, കർത്താവിന്റെ യോഗ്യതയാൽ ജന്മപാപവിമുക്തയായി ജനിച്ചു. പിന്നീട്, കർത്താവിന്റെ രക്ഷാകര പ്രവർത്തനത്തിൽ പങ്കുചേരുവാനായി കർമ്മപാപങ്ങളൊന്നും ഇല്ലാതെ ജീവിച്ച്, നിത്യജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം ഇടയാക്കി. വി. സ്നാപകയോഹന്നാൻ മാതാവിന്റെ ഉദരത്തിൽ വച്ച്, കന്യകമറിയാം എലിശുബാ പുണ്യവതിയെ സന്ദർശിച്ചപ്പോൾ, കർത്താവിന്റെ സാന്നിധ്യത്തിൽ മാതാവിന്റെ ഉദരത്തിൽ കുതിച്ചുചാടിയെന്നു പറയുന്നു. ആ സമയത്ത് ജന്മപാപത്തിൽ നിന്നും ശുദ്ധീകരിക്കപ്പെട്ടു. നമ്മുടെ കർത്താവും, പരി. മറിയവും ഒഴിച്ച് കർമ്മപാപമില്ലാത്തവരായി സഭ ആരെപ്പറ്റിയും പറയുന്നില്ല. എല്ലാപാപത്തിൽ നിന്നും ശുദ്ധീകരിക്കാനാണ് നമ്മുടെ കർത്താവ് മാമ്മോദീസായും കുമ്പസാരമെന്ന കൂദാശയും സ്ഥാപിച്ചത്. വൈദികൻ പാപമോചനം നൽകുന്നത് സ്വന്തം യോഗ്യതയാൽ അല്ല. കർത്താവിന്റെ യോഗ്യതയാൽ കർത്താവിന്റെ അധികാരം കൊണ്ടാണ്. വൈദികർ വെറും ഉപകരണം മാത്രമാണ്. അതിനാൽ വൈദികൻ പാപിയാണെങ്കിലും, കുമ്പസാ രിക്കുന്ന ആളിന്, പാപമോചനം ലഭിക്കുന്നു.

**സാംകുട്ടി** - അപ്പോൾ കുമ്പസാരിപ്പിക്കുന്ന അച്ചൻ പാപത്തിൽ നിലനിന്നാൽ മതിയോ?

**അച്ചൻ** - അങ്ങനെയല്ല. കൂദാശകൾ പരികർമ്മം ചെയ്യുന്ന വൈദികൻ പാപത്തിൽ പതിച്ചാൽ കുമ്പസാരച്ചു പാപമോചനം പ്രാപിച്ചിട്ടേ, കൂദാശ കർമ്മങ്ങൾ നിർവഹിക്കാവൂ എന്നാണ് സഭയുടെ നിയമം. കൂടാതെ മാർപാപ്പയുൾപ്പെടെ എല്ലാ വൈദികരും സന്യസ്ഥരും സെമിനാരിക്കാരും, മെത്രാന്മാരും, വലിയ പാപം ഉണ്ടായാൽ കഴിവതും വേഗം കുമ്പസാരിച്ചു പാപമോചനം പ്രാപിക്കണമെന്നും, വലിയ പാപമില്ലെങ്കിലും മാസത്തിലൊരിക്കലെങ്കിലും കുമ്പസാരിച്ച്, ലഘുപാപങ്ങളും കുറവുകളും പരിഹരിച്ച് ശുദ്ദീകരിക്കപ്പെടണമെന്നാണ് സഭയുടെ നിയമം. ഒരു വൈദികന്റെ അടുത്ത് മാർപാപ്പയുൾപ്പെടെ ഏതു സ്ഥാനത്തുള്ളവർക്കും കുമ്പസാരിക്കാം.. ●

# Matrimonial

## Matrimony - M 261

തിരുവല്ല അതിരൂപതാംഗമായ യുവതി, 26 വയസ്സ്, Bsc Nurse, Muscat ൽ ജോലി. വിദേശരാജ്യങ്ങളിൽ (UK, Ireland & Gulf) ജോലിയുള്ളവരുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : 9605906454

## വിവാഹ ഒരുക്ക സെമിനാർ 2018

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469–2603968, 9447823752**

**തീയതി : ആഗസ്റ്റ് 2018 –7, 8, 9 – 21, 22, 23**
**സെപ്റ്റംബർ 2018 – 11, 12,13 – 25, 26, 27**
**ഒക്ടോബർ 2018 – 23, 24, 25**

**ഒക്ടോബർ മാസത്തിലെ ആദ്യത്തെ ആഴ്ചയിലെ വിവാഹ ഒരുക്ക സെമിനാർ ഉണ്ടായിരിക്കുന്നതല്ല.**

### നിർദ്ദേശങ്ങൾ

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## കാറ്റക്കിസം ഡിപ്ലോമ കോഴ്സ് 2018 സെപ്റ്റംബർ 15

കാറ്റക്കിസം ഡിപ്ലോമ കോഴ്സിന്റെ രണ്ടാമത്തെ സെമസ്റ്റർ സെപ്റ്റംബർ 15–ാം തീയതി രാവിലെ 9.30 മുതൽ 4 മണി വരെ ശാന്തിനിലയത്തിൽ വച്ച് നടത്തുന്നതാണ്.

## സൺഡേസ്കൂൾ അർദ്ധവാർഷിക പരീക്ഷ

സൺഡേസ്കൂൾ അർദ്ധവാർഷിക പരീക്ഷ 2018 സെപ്റ്റംബർ 16–ാം തീയതി നടത്തപ്പെടുന്നതാണ്.

## ആഗസ്റ്റ് മാസത്തെ പ്രധാനപ്പെട്ട ദിവസങ്ങൾ


1. ആഗസ്റ്റ് 01 - പതിനഞ്ചു നോമ്പാരംഭം
2. ആഗസ്റ്റ് 04 - വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി
3. ആഗസ്റ്റ് 05 - 1. മലങ്കര സുറിയാനി കത്തോലിക്കാ സണ്ടേസ്കൂൾ ദിനം
   2. പാറശ്ശാല ഭദ്രാസന സ്ഥാപന ദിനം
4. ആഗസ്റ്റ് 06 - 1. തേജസ്ക്കരണ തിരുന്നാൾ
5. ആഗസ്റ്റ് 15 - 1. വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം (ശൂനോയോ പെരുന്നാൾ)
   2. ഭാരത സ്വാതന്ത്ര്യദിനം
6. ആഗസ്റ്റ് 19- സാമൂഹ്യനീതി ഞായർ

## 9–ാമത് മലങ്കര സുറിയാനി സമ്മേളനം

4 വർഷത്തിലൊരിക്കൽ കോട്ടയം സീരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലോകസുറിയാനി സമ്മേളനത്തിന്റെ 9–ാമത് സമ്മേളനം 2018 സെപ്റ്റംബർ 8 മുതൽ 16 വരെ കോട്ടയം ബേക്കർ ഹില്ലിൽ സീരി കേന്ദ്രമായി നടത്തുന്നു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പണ്ഡിതർ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു. ഇതിലേക്ക് വൈദികരെയും സിസ്റ്റേഴ്സിനെയും അല്മായരെയും സ്വാഗതം ചെയ്യുന്നു. താമസ സൗകര്യം ആവശ്യമുള്ളവർ അറിയിക്കുക.

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന





മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**റീന ബിജു, അയിരൂർ, കോഴഞ്ചേരി**

# REMEMBRANCE AUGUST



Rev. Fr. Philipose Elavatta
Date of Demise: 02 August 1967


Rev. Fr. Joseph Cherupuzhathottam
Date of Demise: 08 August 1992


Rev. Fr. David Payyampallil
Date of Demise: 09 August 1980


Rev. Fr Joseph Pattassery
Date of Demise: 11 August 1988


Rev. Fr. Joseph Pattani
Date of Demise: 14 August 1994


Rev. Fr. Antony Karatt
Date of Demise: 16 August 1994


Rev. Fr. Alexander Chalunkaparampil
Date of Demise: 25 August 2008



Rev. Fr. Chacko Elavumparampil
Date of Demise: 28 August 1999


Rev. Fr Jacob Mundaplackal
Date of Demise: 30 August 1963


ഐക്യദീപം
വായിക്കുക...
വരിക്കാരാകുക....


ആഗസ്റ്റ് 06

**മെത്രാഭിഷേക വാർഷികം**


അഭിവന്ദ്യ ഗീവർഗീസ്
മാർ തിമോത്തിയോസ്

ആഗസ്റ്റ് 15

**മെത്രാഭിഷേക വാർഷികം**


മോറാൻ മോർ ബസേലിയോസ്
ക്ലീമീസ് കാതോലിക്കാ ബാവ

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

ലില്ലിക്കുട്ടി നൂറോമ്മാക്കൽ, പായിപ്പാട്


## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

ലില്ലിക്കുട്ടി നൂറോമ്മാക്കൽ, പായിപ്പാട്




ചങ്ങനാശ്ശേരി തൈപ്പറമ്പിൽ തുഷാരവീട്ടിൽ തോമസ് ഈപ്പൻ ജോസഫിന്റെയും
റ്റാനിയ തോമസിന്റെയും മകൾ ക്രിസ്റ്റൻ മരിയ സ്റ്റീഫന്റെ മാമ്മോദീസാ
2018 ആഗസ്റ്റ് 11-ാം തീയതി സെന്റ് തോമസ് മലങ്കര കാത്തോലിക്കാ പള്ളിയിൽവെച്ച്
ബഹു. ജോൺ തോമസ് അച്ചന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.


# ഐക്യദീപം










**ഐക്യദീപം മാസികയിലൂടെ**
**നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് ആശംസകൾ നേരാം....**
**ജന്മദിനം, വിവാഹവാർഷികം...**
**നമ്മുടെ പ്രിയപ്പെട്ടവരെ അനുസ്മരിക്കാം**
**പാവനസ്മരണ പുതുക്കാം...**

**500 രൂപ മാത്രം**

ഐക്യദീപം മാസികയിലേക്ക് പരസ്യങ്ങൾ (ആദ്യകുർബാന, വിവാഹം, വിവാഹവാർഷികം, ജന്മദിനം, പാവനസ്മരണ, ഉപകാരസ്മരണ) എത്തിച്ചുതരുവാൻ താത്പര്യമുള്ളവർ (വ്യക്തികൾ, സംഘടനകൾ) ബന്ധപ്പെടുക.

CONTACT DETAIL:
**Chief Editor, Aikyadeepam Monthly**
**Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1.**
**Phone: 0469-2600626, E-mail : aikyadeepamtvla@gmail.com**

## വായിക്കുക! വരിക്കാരാവുക!

Date of Publication : 13.08.2018
Price : ₹ 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

R.N.I 35982/80
August 2018



# വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം

(ശൂനോയോ പെരുന്നാൾ)

Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbinikal